# ലൂക്കൊസ്

1 അതിശ്രേഷ്ഠനായ തെയോഫിലോസേ,
ആദിമുതൽ ദൃക്സാക്ഷികളും വചന
ത്തിൻെറ ശുശ്രൂഷകന്മാരും ആയിരുന്നവർ
നമുക്ക് ഏല്പിച്ചുതന്നിട്ടുള്ളതുപോലെ,
2നമ്മുടെ ഇടയിൽ സംഭവിച്ച [a] കാര്യങ്ങളുടെ
ഒരു വിവരണം തയ്യാറാക്കുവാൻ പലരും
ഒരുമ്പെട്ടിരിക്കുന്നുവല്ലോ. 3ആകയാൽ ഞാൻ
തന്നേ, ആദിമുതൽ അവയെല്ലാം സൂക്ഷ്മമായി
പരിശോധിച്ചിട്ടുള്ളതുകൊണ്ട്, താങ്കൾക്ക്
ഉപദേശിച്ചുതന്ന കാര്യങ്ങളുടെ യഥാർത്ഥ
സ്ഥിതി ബോധ്യപ്പെടുന്നതിന് 4ക്രമമായ ഒരു
വിവരണം താങ്കൾക്കുവേണ്ടി എഴുതുന്നതു
നല്ലതെന്ന് എനിക്കും തോന്നിയിരിക്കുന്നു.

*യോഹന്നാൻസ്നാപകൻെറ ജനനത്തെക്കുറിച്ചുള്ള പ്രവചനം*

5യഹൂദ്യയിലെ രാജാവായ ഹെരോദാ
വിൻെറ കാലത്ത് അബീയാവിൻെറ പൗരോ
ഹിത്യവിഭാഗത്തിൽ സെഖര്യാവ് എന്നു
പേരുള്ള ഒരു പുരോഹിതൻ ഉണ്ടായിരുന്നു.
അയാളുടെ ഭാര്യ എലീശബേത്തും അഹ
രോൻെറ ഗോത്രത്തിൽ ജനിച്ചവളായിരുന്നു.
6ഇരുവരും ദൈവമുമ്പാകെ നേരുള്ളവരും
കർത്താവിൻെറ കല്പനകളും ചട്ടങ്ങളും കുറ്റം
കൂടാതെ പാലിക്കുന്നവരും ആയിരുന്നു. 7എ
ന്നാൽ എലീശബേത്ത് വന്ധ്യയായിരുന്നതു
കൊണ്ട് അവർക്കു മക്കൾ ഉണ്ടായിരുന്നില്ല;
രണ്ടുപേരും വൃദ്ധരുമായിരുന്നു.
8ഒരിക്കൽ സെഖര്യാവിൻെറ വിഭാഗം
ശുശ്രൂഷയ്ക്കു നിയോഗിക്കപ്പെട്ടു; അയാൾ
പുരോഹിതനായി ദൈവസന്നിധിയിൽ
ശുശ്രൂഷ നിർവ്വഹിച്ചുപോന്ന സമയത്ത്
9പൗരോഹിത്യാചാരപ്രകാരം കർത്താവിൻെറ
മന്ദിരത്തിൽ ചെന്നു ധൂപം കാട്ടുന്നതിനു
നറുക്കിട്ട് അദ്ദേഹത്തെ തിരഞ്ഞെടുത്തു.
10ധൂപം കാട്ടുന്ന സമയമായപ്പോൾ ആരാധക
സമൂഹം വെളിയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നു.
11അപ്പോൾ കർത്താവിൻെറ ഒരു ദൂതൻ
ധൂപപീഠത്തിൻെറ വലത്തുവശത്തു നില്ക്കു
ന്നവനായി അദ്ദേഹത്തിനു പ്രത്യക്ഷനായി.
12ദൂതനെ കണ്ടിട്ട് സെഖര്യാവ് പരിഭ്രാന്തനായി.
അദ്ദേഹം ഭയപരവശനായിത്തീർന്നു.
13എന്നാൽ ദൂതൻ അദ്ദേഹത്തോട് ഇങ്ങനെ
പറഞ്ഞു: "സെഖര്യാവേ, ഭയപ്പെടേണ്ടാ, നിൻെറ
പ്രാർത്ഥന ദൈവം കേട്ടിരിക്കുന്നു. നിൻെറ ഭാര്യ
എലീശബേത്ത് നിനക്ക് ഒരു മകനെ
പ്രസവിക്കും. നീ അവനു യോഹന്നാൻ എന്നു
പേരിടണം. 14അവൻ നിമിത്തം നിനക്ക്
ആനന്ദവും ആഹ്ളാദവും ഉണ്ടാകും. അവൻെറ
ജനനത്തിൽ അനേകർ സന്തോഷിക്കും.
15കർത്താവിൻെറ ദൃഷ്ടിയിൽ അവൻ വലിയ
വൻ ആകും. വീഞ്ഞോ മറ്റു ലഹരിപാനീയ
ങ്ങളോ അവൻ ഒരിക്കലും ഉപയോഗിക്കുക
യില്ല. അവൻ ഗർഭത്തിൽവച്ചുതന്നെ പരിശു
ദ്ധാത്മാവിനാൽ നിറയും. 16യിസ്രായേൽജന
ങ്ങളിൽ പലരെയും അവൻ തങ്ങളുടെ ദൈവ
മായ കർത്താവിങ്കലേക്കു മടക്കിവരുത്തും.
17അപ്പന്മാരുടെ ഹൃദയം മക്കളിലേക്കും
അനുസരണംകെട്ടവരെ നീതിമാന്മാരുടെ
വിവേകത്തിലേക്കും തിരിച്ചുകൊണ്ട് -
കർത്താവിനു വേണ്ടി ഒരുക്കപ്പെട്ട ഒരു ജനത്തെ
സജ്ജമാക്കുന്നതിന് - അവൻ ഏലിയാവിൻെറ
ആത്മാവിലും ശക്തിയിലും കർത്താവിനു
മുമ്പായി പോകും."
18സെഖര്യാവു ദൂതനോട്: "ഇത് എനിക്ക്
എങ്ങനെ ഉറപ്പാക്കുവാൻ കഴിയും? ഞാൻ
വൃദ്ധനാണ്, എൻെറ ഭാര്യയ്ക്കും പ്രായം കടന്നു
പോയിരിക്കുന്നുവല്ലോ!" എന്നു പറഞ്ഞു.
19അതിനു ദൂതൻ: "ഞാൻ ദൈവസന്നിധിയിൽ
നില്ക്കുന്ന ഗബ്രീയേൽ ആകുന്നു, നിന്നോടു
സംസാരിക്കുവാനും ഈ സുവാർത്ത നിന്നെ
അറിയിക്കുവാനും എന്നെ അയച്ചിരിക്കുന്നു.
20തക്ക സമയത്തു നിറവേറുവാനിരിക്കുന്ന
എൻെറ വാക്കുകൾ വിശ്വസിക്കാതിരുന്നതു
കൊണ്ട് ഇതു സംഭവിക്കുന്ന ദിവസംവരെയും
നീ സംസാരിക്കാനാവാതെ ഊമനായിരിക്കും"
എന്നു പറഞ്ഞു.
21ജനം സെഖര്യാവിനായി കാത്തിരുന്നു

[a] 2 *അഥവാ ഉറപ്പായി വിശ്വസിക്കപ്പെട്ടു പോരുന്ന*

അദ്ദേഹം ദൈവാലയത്തിനുള്ളിൽ ഇത്രയേറെ
താമസിച്ചതിൽ ആശ്ചര്യപ്പെട്ടു. 22പുറത്തു
വന്നപ്പോൾ അദ്ദേഹത്തിന് അവരോട് സംസാ
രിക്കാൻ കഴിഞ്ഞില്ല. ദൈവാലയത്തിൽവച്ച്
അദ്ദേഹം ഒരു ദർശനം കണ്ടുവെന്ന് അവർ മന
സ്സിലാക്കി. സംസാരിക്കാനാവാതെ അദ്ദേഹം
അവരെ ആംഗ്യം കാണിച്ചുകൊണ്ടിരുന്നു.
23ശുശ്രൂഷാകാലം പൂർത്തിയായപ്പോൾ
അദ്ദേഹം ഭവനത്തിലേക്കു മടങ്ങി. 24പിന്നീട്,
അദ്ദേഹത്തിന്റെ ഭാര്യ എലീശബേത്ത് ഗർഭി
ണിയായിത്തീർന്നു; അവൾ അഞ്ചുമാസം
ഒളിച്ചുപാർത്തു. 25''ജനങ്ങളുടെ ഇടയിൽ
എനിക്കുണ്ടായിരുന്ന നിന്ദ നീക്കിക്കളയുവാൻ
കർത്താവിനു പ്രസാദം തോന്നി. ഈ ദിവസങ്ങ
ളിൽ അവിടുന്ന് എനിക്ക് നന്മ ചെയ്തിരി
ക്കുന്നു'' എന്ന് അവൾ പറഞ്ഞു.

*യേശുവിന്റെ ജനനത്തെപ്പറ്റിയുള്ള മുന്നറിയിപ്പ്*

26ആറാം മാസത്തിൽ ദൈവം ഗബ്രീയേൽ
ദൂതനെ ഗലീലയിലെ ഒരു പട്ടണമായ
നസറെത്തിൽ, 27ദാവീദിന്റെ വംശത്തിൽപ്പെട്ട
യോസേഫ് എന്ന പുരുഷനു വിവാഹ നിശ്ചയം
ചെയ്യപ്പെട്ടിരുന്ന ഒരു കന്യകയുടെ അടുക്കൽ
അയച്ചു. ആ കന്യകയുടെ പേര് മറിയ
എന്നായിരുന്നു. 28ദൂതൻ അവളുടെ അടുക്കൽ
ചെന്ന്, ''കൃപ ലഭിച്ചവളേ, നിനക്കു വന്ദനം;
കർത്താവു നിന്നോടുകൂടെ ഉണ്ട്'' എന്നു
പറഞ്ഞു.
29ദൂതന്റെ വാക്കുകൾ കേട്ടു മറിയ വളരെ
അസ്വസ്ഥയായി; ഇത് എന്തൊരു അഭിവാദനം
എന്ന് അവൾ ചിന്തിച്ചു. 30എന്നാൽ ദൂതൻ
അവളോട്: ''മറിയയേ, ഭയപ്പെടേണ്ടാ; നിനക്കു
ദൈവത്തിന്റെ കൃപ ലഭിച്ചിരിക്കുന്നു. 31നീ
ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും. അവന്
യേശു എന്നു പേരിടണം. 32അവൻ വലിയ
വനാകും; അത്യുന്നതന്റെ പുത്രൻ എന്നു
വിളിക്കപ്പെടും. അവന്റെ പിതാവായ ദാവീ
ദിന്റെ സിംഹാസനം കർത്താവായ ദൈവം
അവനു കൊടുക്കും. 33അവൻ യാക്കോബു
ഗൃഹത്തെ എന്നേക്കും ഭരിക്കും; അവന്റെ
രാജത്വം ഒരിക്കലും അവസാനിക്കയില്ല'' എന്നു
പറഞ്ഞു.
34''ഞാനൊരു കന്യകയാണല്ലോ; ഇത്
എങ്ങനെ സംഭവിക്കും?'' മറിയ ദൂതനോടു
ചോദിച്ചു.
35അതിനു ദൂതൻ: ''പരിശുദ്ധാത്മാവു
നിന്റെമേൽ വരും; അത്യുന്നതന്റെ ശക്തി
നിന്റെമേൽ ആവസിക്കും. ആകയാൽ ജനി
പ്പാനിരിക്കുന്ന വിശുദ്ധശിശു ദൈവപുത്രൻ
എന്നു വിളിക്കപ്പെടും. 36നിന്റെ ബന്ധുവായ
എലീശബേത്തിനും അവളുടെ വാർദ്ധക്യ
ത്തിൽ ഒരു കുഞ്ഞു പിറക്കാൻ പോകുന്നു;
വന്ധ്യയെന്നു പറഞ്ഞിരുന്നവൾക്ക് ഇത് ആറാം
മാസം. 37ദൈവത്തിന് ഒരു കാര്യവും
അസാധ്യമല്ലല്ലോ'' എന്ന് ഉത്തരം പറഞ്ഞു.
38''ഇതാ, ഞാൻ കർത്താവിന്റെ ദാസി; നീ
പറഞ്ഞതുപോലെ എനിക്കു ഭവിക്കട്ടെ'' – മറിയ
മറുപടി പറഞ്ഞു. ദൂതൻ അവളെ വിട്ടുപോയി.

*മറിയ എലീശബേത്തിനെ സന്ദർശിക്കുന്നു*

39മറിയ എഴുന്നേറ്റ് യഹൂദ്യയിലെ മലനാട്ടി
ലുള്ള ഒരു പട്ടണത്തിലേക്കു തിടുക്കത്തിൽ
യാത്ര പുറപ്പെട്ടു. 40അവിടെ അവൾ സെഖര്യാ
വിന്റെ ഭവനത്തിൽ എത്തി എലീശബേത്തിനെ
വന്ദിച്ചു. 41മറിയയുടെ വന്ദനം എലീശബേത്ത്
കേട്ടപ്പോൾ ശിശു അവളുടെ ഉദരത്തിൽ തുള്ളി;
എലീശബേത്ത് പരിശുദ്ധാത്മാവിനാൽ
നിറഞ്ഞു. 42അവൾ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു:
''നീ സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവൾ;
നിനക്ക് ഉണ്ടാകുന്ന ശിശുവും അനുഗ്രഹി
ക്കപ്പെട്ടത്! 43എന്നാൽ എന്റെ കർത്താവിന്റെ
മാതാവ് എന്റെ അടുക്കൽ വരുവാൻ തക്ക
കൃപ എനിക്കു ലഭിച്ചതെങ്ങനെ? 44നിന്റെ
വന്ദനസ്വരം എന്റെ കാതുകളിൽ പതിച്ച
മാത്രയിൽ ശിശു എന്റെ ഉദരത്തിൽ ആനന്ദിച്ചു
തുള്ളിച്ചാടി. 45കർത്താവു തന്നോടു
അരുളിച്ചെയ്തതു നിറവേറുമെന്നു വിശ്വ
സിച്ചവൾ ഭാഗ്യവതി!''

*മറിയയുടെ ഗാനം*

46മറിയ ഇങ്ങനെ പറഞ്ഞു:
''എന്റെ ഉള്ളം കർത്താവിനെ
പുകഴ്ത്തുന്നു;
47എന്റെ ആത്മാവ് എന്റെ രക്ഷിതാ
വായ ദൈവത്തിൽ സന്തോഷിക്കുന്നു.
48എന്തെന്നാൽ അവിടുന്ന് തന്റെ ദാസി
യുടെ താഴ്ചയെ കടാക്ഷിച്ചിരിക്കുന്നു;
ഇപ്പോൾ മുതൽ എല്ലാ തലമുറകളും
എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും.
49ശക്തനായവൻ എനിക്കുവേണ്ടി വലിയ
കാര്യങ്ങൾ ചെയ്തിരിക്കുന്നു; അവിടു
ത്തെ നാമം പരിശുദ്ധം.
50തന്നെ ഭയപ്പെടുന്നവർക്ക് അവിടുത്തെ
കരുണ തലമുറതലമുറയോളം ഉണ്ടാകും.
51തന്റെ ഭുജത്താൽ അവിടുന്നു വൻ
കാര്യങ്ങൾ പ്രവർത്തിച്ചിരിക്കുന്നു;
ഹൃദയവിചാരത്തിൽ അഹങ്കാരികളാ
യവരെ അവിടുന്നു ചിതറിച്ചിരിക്കുന്നു.
52അധിപതികളെ സിംഹാസനങ്ങളിൽ
നിന്ന് ഇറക്കി, താഴ്മയുള്ളവരെ ഉയർത്തി
യിരിക്കുന്നു.

53വിശപ്പുള്ളവരെ നന്മകളാൽ നിറച്ചു,
സമ്പന്നന്മാരെ വെറുംകൈയോടെ
അയച്ചു. 54നമ്മുടെ പിതാക്കന്മാരോട്
അരുളിച്ചെയ്തതുപോലെ, 55അബ്രാഹാ
മിനോടും അദ്ദേഹത്തിൻെറ സന്തതിക
ളോടും എന്നേക്കും കരുണ കാണിപ്പാൻ
ഓർത്തുകൊണ്ട് അവിടുന്നു തൻെറ
ദാസനായ യിസ്രായേലിനെ സഹായിച്ചി
രിക്കുന്നു.''
56മറിയ മൂന്നു മാസത്തോളം എലീശബേ
ത്തിനോടുകൂടെ താമസിച്ചിട്ടു വീട്ടിലേക്കു
മടങ്ങി.

*യോഹന്നാൻസ്നാപകൻെറ ജനനം*

57പ്രസവകാലം തികഞ്ഞപ്പോൾ എലീശ
ബേത്ത് ഒരു മകനെ പ്രസവിച്ചു. 58കർത്താവ്
അവളോടു മഹാകരുണ കാണിച്ചുവെന്നു കേട്ട്
അവളുടെ അയല്ക്കാരും ബന്ധുക്കളും
അവളോടുകൂടെ സന്തോഷിച്ചു.
59എട്ടാം ദിവസം അവർ പൈതലിനെ പരി
ച്ഛേദനം ചെയ്യുന്നതിനു വന്നു; അപ്പൻെറ
പേരുപോലെ അവർ അവനു സെഖര്യാവ് എന്നു
പേരിടുവാൻ ഭാവിച്ചു. 60എന്നാൽ അവൻെറ
അമ്മ, ''അവനെ യോഹന്നാൻ എന്നാണ്
വിളിക്കേണ്ടത്'' എന്നു പറഞ്ഞു.
61അവർ അവളോട്: ''നിൻെറ ബന്ധുക്കളുടെ
കൂട്ടത്തിൽ ഈ പേരുള്ള ആരും ഇല്ലല്ലോ''
എന്നു പറഞ്ഞു.
62പിന്നെ അവർ പൈതലിൻെറ അപ്പനോട്
അവന് എന്തു പേരിടുവാൻ ആഗ്രഹിക്കുന്നു
വെന്ന് ആംഗ്യം കാട്ടി ചോദിച്ചു. 63അദ്ദേഹം ഒരു
എഴുത്തുപലക ചോദിച്ചു. ''അവൻെറ പേര്
യോഹന്നാൻ'' എന്ന് എഴുതി. എല്ലാവരും
വിസ്മയിച്ചു. 64ഉടനെ അദ്ദേഹത്തിൻെറ വായ്
തുറക്കുകയും നാവിൻെറ കെട്ട് അഴിയുകയും
ചെയ്തു. അദ്ദേഹം ദൈവത്തെ സ്തുതി
ച്ചുകൊണ്ട് സംസാരിച്ചു തുടങ്ങി.
65അയല്ക്കാർക്കെല്ലാം ഭയമുണ്ടായി.
യഹൂദ്യമലനാട്ടിൽ എല്ലായിടത്തും ജനങ്ങൾ
ഈ കാര്യങ്ങളെക്കുറിച്ചു സംസാരിച്ചുകൊണ്ടി
രുന്നു. 66കേട്ടവർ എല്ലാവരും അതേപ്പറ്റി വിസ്മ
യിച്ച് ''ഈ പൈതൽ എന്തായിത്തീരും?'' എന്നു
ചോദിച്ചു. കർത്താവിൻെറ കൈ അവനോടു
കൂടെ ഉണ്ടായിരുന്നു.

*സെഖര്യാവിൻെറ ഗാനം*

67അവൻെറ അപ്പനായ സെഖര്യാവ് പരിശു
ദ്ധാത്മാവ് നിറഞ്ഞവനായി ഇപ്രകാരം
പ്രവചിച്ചു:
68''യിസ്രായേലിൻെറ ദൈവമായ കർത്താ
വു വാഴ്ത്തപ്പെട്ടവൻ;
അവിടുന്ന് തൻെറ ജനത്തെ
സന്ദർശിച്ച് ഉദ്ധരിച്ചിരിക്കുന്നുവല്ലോ.
69പണ്ടുപണ്ടേ തൻെറ വിശുദ്ധ പ്രവാചക
ന്മാരിലൂടെ അരുളിച്ചെയ്തതുപോലെ
70അവിടുന്ന് തൻെറ ദാസനായ
ദാവീദിൻെറ ഗൃഹത്തിൽ
നമുക്കായി രക്ഷയുടെ കൊമ്പ് [a]
ഉയർത്തിയിരിക്കുന്നത്,
71നമ്മുടെ ശത്രുക്കളിൽനിന്നും
നമ്മെ വെറുക്കുന്ന ഏവരുടെയും
കയ്യിൽനിന്നും നമ്മെ രക്ഷിക്കേണ്ടതിനു
തന്നേ.
72നമ്മുടെ പിതാക്കന്മാരോടു
കരുണ കാണിക്കേണ്ടതിനും
73നമ്മുടെ പിതാവായ അബ്രാഹാമി
നോടു ശപഥപൂർവ്വം ചെയ്ത വിശുദ്ധ
ഉടമ്പടി ഓർത്തുകൊണ്ട് 74ശത്രുക്കളുടെ
കയ്യിൽ നിന്നു നമ്മെ
വിടുവിക്കേണ്ടതിനും
75നമ്മുടെ ആയുഷ്ക്കാലമൊക്കെയും
നാം ഭയം കൂടാതെ, തിരുസന്നിധിയിൽ
വിശുദ്ധിയോടും നീതിയോടുംകൂടെ
അവിടുത്തെ ആരാധിക്കേണ്ടതിനും
അത്രേ അവിടുന്ന് അപ്രകാരം ചെയ്തിരി
ക്കുന്നത്.
76നീയോ പൈതലേ, അത്യുന്നതൻെറ
പ്രവാചകൻ എന്നു വിളിക്കപ്പെടും;
77കർത്താവിനുവേണ്ടി വഴിയൊരുക്കു
വാൻ, നമ്മുടെ ദൈവത്തിൻെറ ആർദ്ര
കരുണയാൽ തൻെറ ജനത്തിനു പാപ
മോചനത്തിലൂടെ രക്ഷയുടെ പരി
ജ്ഞാനം നല്കുവാൻ, നീ കർത്താവിനു
മുമ്പായി നടക്കും.''
78അന്ധതമസ്സിലും മരണനിഴലിലും
കഴിയുന്നവരുടെമേൽ പ്രകാശിക്കുന്ന
തിനും നമ്മുടെ കാലുകളെ സമാധാന
പാതയിൽ നയിക്കുന്നതിനും 79അവി
ടുത്തെ ആർദ്രകരുണയാൽ ഉദയസൂര്യൻ
സ്വർഗ്ഗത്തിൽനിന്നും നമ്മെ
സന്ദർശിക്കും.''
80പൈതൽ വളർന്നു, ആത്മാവിൽ
ശക്തിപ്പെട്ടു: യിസ്രായേലിനു തന്നെത്തന്നേ
വെളിപ്പെടുത്തുന്നതുവരെ അദ്ദേഹം മരു
ഭൂമിയിൽ താമസിച്ചു.

*യേശുവിൻെറ ജനനം*

2 ആ കാലത്ത് ലോകവ്യാപകമായ ഒരു
ജനസംഖ്യാനിർണ്ണയം നടത്തണമെന്ന്
ഔഗുസ്തൊസ് കൈസർ കല്പന പുറപ്പെടു

[a] 70 കൊമ്പ് ഇവിടെ ശക്തിയുടെ പ്രതീകമാണ്.

വിച്ചു. 2കുറേന്യൊസ് സുറിയായിലെ
ദേശാധിപതി ആയിരിക്കുമ്പോഴാണ് ഈ
ഒന്നാമത്തെ ജനസംഖ്യാനിർണ്ണയം നടന്നത്
3എല്ലാവരും പേരെഴുതിക്കുന്നതിന് അവര
വരുടെ പട്ടണത്തിലേക്കു യാത്രയായി.
4അങ്ങനെ യോസേഫും ദാവീദിൻെറ
കുടുംബത്തിലും വംശത്തിലും ഉള്ളവനായതു
കൊണ്ട് ഗലീലയിലെ നസറെത്ത് എന്ന
പട്ടണത്തിൽ നിന്ന് യഹൂദ്യയിൽ, ദാവീദിൻെറ
പട്ടണമായ ബേത്ത്ലേഹെമിലേക്കു പോയി.
5തനിക്കു വിവാഹം നിശ്ചയിച്ചിരുന്നവളും
ഗർഭിണിയുമായിരുന്ന മറിയയോടുകൂടെ പേരു
ചേർക്കുന്നതിനായിരുന്നു അദ്ദേഹം അവി
ടേക്കു പോയത്. 6അവർ അവിടെയായി
രിക്കുമ്പോൾ, പ്രസവിക്കാനുള്ള കാലം
തികഞ്ഞു. 7അവൾ തൻെറ ആദ്യജാതനായ
പുത്രനെ പ്രസവിച്ചു. അവർക്കു വഴിയമ്പല
ത്തിൽ ഇടമില്ലാതിരുന്നതുകൊണ്ട് അവൾ
അവനെ ശീലകളിൽ പൊതിഞ്ഞ് ഒരു
പുൽത്തൊട്ടിയിൽ കിടത്തി.

*ആട്ടിടയന്മാരും ദൂതന്മാരും*

8ആ പ്രദേശത്ത് ഇടയന്മാർ രാത്രിയിൽ
ആട്ടിൻകൂട്ടത്തെ കാത്തുകൊണ്ടു വെളിമ്പ്രദേ
ശത്തു താമസിച്ചിരുന്നു. 9കർത്താവിൻെറ ഒരു
ദൂതൻ അവർക്കു പ്രത്യക്ഷനായി,
കർത്താവിൻെറ തേജസ്സ് അവർക്കു ചുറ്റും മിന്നി,
അവർ ഭയപരവശരായിത്തീർന്നു. 10എന്നാൽ
ദൂതൻ അവരോടു പറഞ്ഞു: ''ഭയപ്പെടേണ്ടാ;
സകല ജനങ്ങൾക്കും ഉണ്ടാകുവാനുള്ള
മഹാസന്തോഷത്തിൻെറ സുവാർത്ത ഞാൻ
നിങ്ങളെ അറിയിക്കുന്നു. 11കർത്താവായ
ക്രിസ്തു എന്ന രക്ഷിതാവ് ഇന്ന് ദാവീദിൻെറ
പട്ടണത്തിൽ നിങ്ങൾക്കു വേണ്ടി ജനിച്ചി
രിക്കുന്നു. 12നിങ്ങൾക്ക് അടയാളമോ:
ശീലകളിൽ പൊതിഞ്ഞ്, പുല്ത്തൊട്ടിയിൽ
കിടക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും.''
13പെട്ടെന്ന് സ്വർഗ്ഗീയസൈന്യത്തിൻെറ
വലിയൊരു സംഘം ദൂതനോടുചേർന്നു ദൈവ
ത്തെ പുകഴ്ത്തി:
14''അത്യുന്നതങ്ങളിൽ ദൈവത്തിനു
മഹത്ത്വം;
ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു
സമാധാനം''
എന്നു പറഞ്ഞു.
15ദൂതന്മാർ അവരെ വിട്ടു സ്വർഗ്ഗത്തിലേക്കു
പോയിക്കഴിഞ്ഞപ്പോൾ ഇടയന്മാർ: "നമുക്കു
ബേത്ത്ലേഹെമിൽ ചെന്നു കർത്താവു നമ്മെ
അറിയിച്ച ഈ സംഭവം കാണാം" എന്നു തമ്മി
ൽപ്പറഞ്ഞു.
16അവർ തിടുക്കത്തിൽ ചെന്നു മറിയയെയും
യോസേഫിനെയും പുല്ത്തൊട്ടിയിൽ
കിടക്കുന്ന ശിശുവിനെയും കണ്ടു. 17കണ്ടതി
നുശേഷം അവർ ഈ പൈതലിനെക്കുറിച്ചു
തങ്ങളോടു പറഞ്ഞിരുന്ന വാക്ക് എല്ലാവരെയും
അറിയിച്ചു.
18അതുകേട്ട എല്ലാവരും ഇടയന്മാർ
തങ്ങളോടു പറഞ്ഞതിനെക്കുറിച്ച് ആശ്ചര്യ
പ്പെട്ടു. 19എന്നാൽ മറിയ ഇവയെല്ലാം ഹൃദയ
ത്തിൽ സംഗ്രഹിച്ചു ധ്യാനിച്ചുകൊണ്ടിരുന്നു.
20തങ്ങളെ അറിയിച്ചിരുന്നതുപോലെ തന്നേ
കേൾക്കുകയും കാണുകയും ചെയ്ത സകല
കാര്യങ്ങൾക്കായും ദൈവത്തെ മഹത്ത്വപ്പെടു
ത്തിയും പുകഴ്ത്തിയുംകൊണ്ട് ഇടയന്മാർ
മടങ്ങിപ്പോയി.

*യേശുവിനെ ദൈവാലയത്തിൽ*
*കൊണ്ടുചെല്ലുന്നു*

21എട്ടുദിവസം പൂർത്തിയായപ്പോൾ, ശിശു
വിൻെറ പരിച്ഛേദനത്തിൻെറ സമയത്ത്,
അവൻ ഗർഭത്തിൽ ജനിക്കുംമുമ്പ് ദൂതൻ നിർ
ദ്ദേശിച്ചിരുന്നതുപോലെ, അവന് യേശു എന്നു
പേരു നല്കി.
22മോശെയുടെ ന്യായപ്രമാണം അനുസരിച്ച്
അവളുടെ ശുദ്ധീകരണകാലം തികഞ്ഞപ്പോൾ,
യോസേഫും മറിയയും അവനെ കർത്താവിനു
സമർപ്പിക്കേണ്ടതിനായി യെരൂശലേമിലേക്കു
കൊണ്ടുപോയി; 23"കടിഞ്ഞൂലായ ആണൊ
ക്കെയും കർത്താവിനായി വിശുദ്ധീകരിക്ക
പ്പെടേണം" [a] എന്നു കർത്താവിൻെറ ന്യായ
പ്രമാണത്തിൽ എഴുതിയിരിക്കുന്നതനുസ
രിച്ചും, 24"ഒരു ജോഡി കുറുപ്രാവുകളെയോ
രണ്ടു പ്രാവിൻകുഞ്ഞുങ്ങളെയോ യാഗം
കഴിക്കേണ്ടതാകുന്നു" എന്ന് കർത്താവിൻെറ
ന്യായപ്രമാണത്തിൽ കല്പിച്ചിരിക്കുന്നത് അനു
ഷ്ഠിക്കുന്നതിനുമാണ് അവർ പോയത്.
25യെരൂശലേമിൽ ശിമ്യോൻ എന്നു പേരുള്ള
ഒരു മനുഷ്യൻ ഉണ്ടായിരുന്നു. അദ്ദേഹം
നീതിമാനും ഭക്തനും ആയിരുന്നു. യിസ്രാ
യേലിൻെറ ആശ്വാസത്തിനായി കാത്തുകൊ
ണ്ടിരുന്ന അദ്ദേഹത്തിൻെറമേൽ പരിശുദ്ധാ
ത്മാവു ആവസിച്ചിരുന്നു. 26കർത്താവിൻെറ
ക്രിസ്തുവിനെ കാണുന്നതിനു മുമ്പ് മരിക്കയില്ല
എന്നു പരിശുദ്ധാത്മാവിനാൽ അദ്ദേഹത്തിനു
വെളിപ്പാട് ലഭിച്ചിരുന്നു. 27അദ്ദേഹം
പരിശുദ്ധാത്മനിയോഗത്താൽ ദൈവാലയത്തി
ലേക്കു ചെന്നു. യേശു എന്ന പൈതലിനു
വേണ്ടി ന്യായപ്രമാണത്തിൽ വിധിച്ചിരി
ക്കുന്നതു നിർവ്വഹിക്കുവാൻ അമ്മയപ്പന്മാർ
അവനെ അകത്തുകൊണ്ടുചെന്നപ്പോൾ

[a] 23 പുറപ്പാട് 13: 2, 12

[28]ശിമ്യോൻ അവനെ കൈകളിൽ എടുത്ത്
ദൈവത്തെ പുകഴ്ത്തിക്കൊണ്ട് ഇപ്രകാരം
പറഞ്ഞു:

[29]"നാഥാ, അവിടുന്നു വാഗ്ദാനം ചെയ്തി
രുന്നതു പോലെ ഇപ്പോൾ അവിടുത്തെ
ദാസനെ സമാധാനത്തോടെ വിട്ടയ
ച്ചാലും.
[30]വിജാതീയർക്കു വെളിപ്പെടുവാനുള്ള
പ്രകാശവും അവിടുത്തെ ജനമായ
യിസ്രായേലിൻെറ മഹത്ത്വവുമായി
[31]അവിടുന്ന് സകലജനങ്ങളുടെയും
മുമ്പാകെ ഒരുക്കിയിരിക്കുന്ന [32]രക്ഷയെ
എൻെറ കണ്ണ് കണ്ടിരിക്കുന്നുവല്ലോ!"

[33]ശിശുവിനെക്കുറിച്ച് ഇങ്ങനെ പറഞ്ഞതിൽ
അവൻെറ മാതാപിതാക്കൾ വിസ്മയിച്ചു.
[34]പിന്നെ ശിമ്യോൻ അവരെ അനുഗ്രഹിച്ചിട്ട്
അവൻെറ അമ്മയായ മറിയയോടു പറഞ്ഞു:
"ഈ ശിശു യിസ്രായേലിൽ അനേകരുടെ
വീഴ്ചയ്ക്കും ഉയർച്ചയ്ക്കും ഇടയാക്കേണ്ട
തിനും [35]അനേകം ഹൃദയങ്ങളിലെ വിചാര
ങ്ങൾ വെളിപ്പെടുത്തേണ്ടതിന് എതിർത്തു
പറയപ്പെടുന്ന ഒരടയാളമായിരിക്കേണ്ടതിനും
നിയമിക്കപ്പെട്ടിരിക്കുന്നു. നിൻെറ സ്വന്തം
പ്രാണനിലൂടെയും ഒരു വാൾ തുളച്ചു കയറും."

[36]ആശേർ ഗോത്രത്തിൽപെട്ട ഫനൂവേ
ലിൻെറ മകളായ ഹന്നാ എന്നൊരു പ്രവാചിക
ഉണ്ടായിരുന്നു. അവൾ വളരെ വയസ്സുചെന്ന
വളും വിവാഹം കഴിഞ്ഞ് ഏഴു വർഷം ഭർത്താ
വിനോടൊത്തു ജീവിച്ചിട്ട് [37]എൺപത്തിനാലു
വയസ്സുവരെ വിധവയും ആയിരുന്നു.[a] അവൾ
ഒരിക്കലും ദൈവാലയം വിട്ടുപോകാതെ,
ഉപവസിച്ചും പ്രാർത്ഥിച്ചും കൊണ്ടു രാപ്പകൽ
ആരാധന നടത്തിപ്പോന്നു. [38]ഈ
സന്ദർഭത്തിൽ അവൾ അവരുടെ അടു
ക്കൽവന്ന്, ദൈവത്തെ സ്തുതിച്ച്, യെരൂശ
ലേമിൻെറ വീണ്ടെടുപ്പിനായി കാത്തിരുന്ന
എല്ലാവരോടും ശിശുവിനെക്കുറിച്ചു
പ്രസ്താവിച്ചു.

[39]കർത്താവിൻെറ ന്യായപ്രമാണത്തിൽ
കല്പിച്ചിരുന്നതെല്ലാം നിർവ്വഹിച്ചശേഷം
യോസേഫും മറിയയും തങ്ങളുടെ സ്വന്ത
പട്ടണമായ നസറെത്തിലേക്കു മടങ്ങിപ്പോയി.
[40]പൈതൽ വളർന്നു ശക്തിപ്പെട്ടു; ജ്ഞാന
ത്താൽ നിറഞ്ഞു; ദൈവകൃപയും ആ ശിശുവി
ൻെറമേൽ ഉണ്ടായിരുന്നു.

*ബാലനായ യേശു*

[41]അവൻെറ മാതാപിതാക്കൾ ആണ്ടു
തോറും പെസഹാപ്പെരുനാളിന് യെരൂശലേമി
ലേക്കു പോകുക പതിവായിരുന്നു. [42]യേശു
വിനു പന്ത്രണ്ടു വയസ്സായപ്പോൾ അവർ
പതിവുപോലെ പെരുനാളിനു പോയി.

[43]പെരുനാളിനുശേഷം മാതാപിതാക്കൾ
വീട്ടിലേക്കു മടങ്ങുമ്പോൾ ബാലനായ യേശു
യെരൂശലേമിൽത്തന്നേ താമസിച്ചു; അവരോ
അതറിഞ്ഞില്ല. [44]അവൻ തങ്ങളുടെ കൂട്ടത്തിൽ
ഉണ്ടെന്നു കരുതി അവർ ഒരു ദിവസത്തെ വഴി
പിന്നിട്ടു. പിന്നെ ബന്ധുക്കളുടെയും മിത്രങ്ങ
ളുടെയും ഇടയിൽ അവനെ അന്വേഷിപ്പാൻ
തുടങ്ങി. [45]കാണാതായപ്പോൾ ബാലനെ
തിരയുവാൻ അവർ യെരൂശലേമിലേക്കു
തിരികെപ്പോയി. [46]മൂന്നു ദിവസത്തിനുശേഷം
അവർ യേശുവിനെ ദൈവാലയത്തിൽ
കണ്ടെത്തി; അവൻ ഉപദേഷ്ടാക്കന്മാരുടെ
നടുവിൽ ഇരുന്ന് അവരുടെ ഉപദേശം ശ്രദ്ധി
ക്കുകയും അവരോടു ചോദ്യങ്ങൾ ചോദിക്കു
കയും ചെയ്യുകയായിരുന്നു. [47]അവൻെറ
വാക്കുകേട്ട എല്ലാവരും അവൻെറ ജ്ഞാന
ത്തിലും ഉത്തരങ്ങളിലും വിസ്മയിച്ചു.
[48]യേശുവിനെ കണ്ടപ്പോൾ മാതാപിതാക്കൾ
ആശ്ചര്യപ്പെട്ടു. മാതാവ് അവനോട്: "മകനേ,
നീ ഞങ്ങളോട് ഇങ്ങനെ ചെയ്തതെന്ത്?
നിൻെറ അപ്പനും ഞാനും ഉത്ക്കണ്ഠയോടെ
നിന്നെ തിരയുകയായിരുന്നു" എന്നു പറഞ്ഞു.
[49]യേശു അവരോട്: "നിങ്ങൾ എന്നെ
തിരഞ്ഞതെന്തിന്? എൻെറ പിതാവിനുള്ളതിൽ
ഞാൻ ഇരിക്കേണ്ടതാണെന്നു നിങ്ങൾക്ക്
അറിഞ്ഞുകൂടേ?" എന്നുചോദിച്ചു. [50]അവൻ
പറഞ്ഞതെന്തെന്ന് അവർ ഗ്രഹിച്ചില്ല.

[51]പിന്നെ യേശു അവരോടുകൂടെ നസറെ
ത്തിലേക്കു പോയി അവർക്കു കീഴടങ്ങി
ജീവിച്ചു. അവൻെറ അമ്മ ഈ കാര്യങ്ങളെല്ലാം
ഹൃദയത്തിൽ സംഗ്രഹിച്ചു.

[52]യേശുവോ ജ്ഞാനത്തിലും വളർച്ചയിലും
ദൈവത്തിൻെറയും മനുഷ്യരുടെയും പ്രസാദ
ത്തിലും മുതിർന്നുവന്നു.

*യോഹന്നാൻസ്നാപകൻ വഴി ഒരുക്കുന്നു*

3 തിബെര്യൊസ് കൈസരുടെ വാഴ്ചയുടെ
പതിനഞ്ചാം ആണ്ടിൽ പൊന്തിയൊസ്
പീലാത്തോസ് യഹൂദ്യയിലെ ദേശാധി
പതിയും, ഹെരോദാവു ഗലീലയിലെയും
അയാളുടെ സഹോദരനായ ഫീലിപ്പൊസ്
ഇതൂര്യ, ത്രഖോനിത്തി എന്നീ ദേശങ്ങളിലെയും
ലുസാന്യാസ് അബിലേനയിലെയും
ഇടപ്രഭുക്കന്മാരും , [2]ഹന്നാവും കയ്യഫാവും
മഹാപുരോഹിതന്മാരും ആയിരിക്കുമ്പോൾ,
സെഖര്യാവിൻെറ മകനായ യോഹന്നാനു
മരുഭൂമിയിൽവച്ചു ദൈവത്തിൻെറ അരുളപ്പാ
ടുണ്ടായി. [3]അദ്ദേഹം യോർദ്ദാന് അടുത്തുള്ള

[a] 37 ചില തർജ്ജമകളിൽ *എൺപത്തിനാലുവർഷം വിധവയായി കഴിഞ്ഞവളുമായിരുന്നു.*

ദേശത്തെല്ലായിടത്തും ചെന്നു
പാപമോചനത്തിനായുള്ള മാനസാന്തര
സ്നാനം പ്രസംഗിച്ചു:
4"മരുഭൂമിയിൽ വിളിച്ചു
പറയുന്നവന്റെ ശബ്ദം,
'കർത്താവിന്റെ
വഴിയൊരുക്കുവിൻ;
അവിടുത്തേക്കുവേണ്ടി
പാത നേരെയാക്കുവിൻ
5എല്ലാ താഴ്വരകളും നികത്തപ്പെടും.
എല്ലാ മലകളും കുന്നുകളും നിരപ്പാക്ക
പ്പെടും.
വളഞ്ഞവഴികൾ നേരെയാക്കുകയും,
ദുർഘടമായ പാതകൾ സുഗമമാക്കുകയും
ചെയ്യും. 6മനുഷ്യവർഗ്ഗം ഒന്നാകെ
ദൈവത്തിൻെറ രക്ഷയെ കാണും' "
എന്നിങ്ങനെ യെശയ്യാപ്രവാചകൻെറ
പുസ്തകത്തിൽ എഴുതിയിരിക്കുന്നതുപോലെ
തന്നേ.
7യോഹന്നാനിൽനിന്നു സ്നാനം
ഏല്ക്കുവാൻ വന്ന ജനക്കൂട്ടത്തോട് അദ്ദേഹം
പറഞ്ഞു: "സർപ്പസന്തതികളേ! വരാൻ
പോകുന്ന ക്രോധത്തിൽനിന്ന് ഓടിപ്പോകു
വാൻ നിങ്ങൾക്കു മുന്നറിയിപ്പു തന്നതാര്?
8മാനസാന്തരത്തിന് അനുയോജ്യമായ ഫലം
പുറപ്പെടുവിക്കുവിൻ. 'അബ്രാഹാം ഞങ്ങൾക്കു
പിതാവായിട്ടുണ്ട്' എന്നു നിങ്ങളോടു തന്നേ
പറയുവാൻ ഭാവിക്കരുത്; ഈ കല്ലുകളിൽനിന്ന്
അബ്രാഹാമിനു സന്തതികളെ എഴുന്നേല്പി
ക്കുവാൻ ദൈവത്തിനു കഴിയും എന്നു ഞാൻ
നിങ്ങളോടു പറയുന്നു. 9വൃക്ഷങ്ങളുടെ ചുവട്ടി
നു കോടാലിവച്ചിരിക്കുന്നു. നല്ലഫലം
പുറപ്പെടുവിക്കാത്ത വൃക്ഷങ്ങളെല്ലാം വെട്ടി
തീയിൽ ഇട്ടുകളയും."
10"അങ്ങനെയെങ്കിൽ, ഞങ്ങൾ എന്താണു
ചെയ്യേണ്ടത്?" എന്നു ജനക്കൂട്ടം ചോദിച്ചു.
11അതിനു യോഹന്നാൻ: "രണ്ടുടുപ്പുള്ളവൻ
ഉടുപ്പില്ലാത്തവനു കൊടുക്കട്ടെ ; ഭക്ഷണം
ഉള്ളവനും അങ്ങനെ തന്നേ ചെയ്യട്ടെ" എന്ന്
ഉത്തരം പറഞ്ഞു.
12ചുങ്കംപിരിവുകാരും സ്നാനം ഏല്ക്കുവാൻ
വന്നു. "ഗുരോ, ഞങ്ങൾ എന്തു ചെയ്യണം?"
എന്ന് അവർ ചോദിച്ചു.
13"നിങ്ങളോടു കല്പിച്ചതിൽ അധികമായി
ഒന്നും പിരിക്കരുത്" അദ്ദേഹം അവരോടു
പറഞ്ഞു.
14അപ്പോൾ ചില പടയാളികൾ അദ്ദേഹ
ത്തോട്, "ഞങ്ങൾ ചെയ്യേണ്ടതെന്ത്?" എന്നു
ചോദിച്ചു.
"ബലം പ്രയോഗിച്ചു പണം വാങ്ങുകയോ
ജനങ്ങളുടെമേൽ വ്യാജമായി കുറ്റം ചുമത്തുക
യോ ചെയ്യരുത്; നിങ്ങളുടെ ശമ്പളം കൊണ്ടു
തൃപ്തിപ്പെടുവിൻ" എന്ന് അദ്ദേഹം ഉത്തരം
പറഞ്ഞു.
15ജനം പ്രതീക്ഷയോടെ കാത്തിരി
ക്കുകയായിരുന്നു; ഈ യോഹന്നാൻതന്നെ
ആയിരിക്കുകയില്ലേ ക്രിസ്തു എന്ന് എല്ലാവരും
ഹൃദയത്തിൽ വിചാരിച്ചുകൊണ്ടിരുന്നു.
16യോഹന്നാൻ അവരെല്ലാവരോടും മറുപടി
പറഞ്ഞു: "ഞാൻ നിങ്ങളെ വെള്ളംകൊണ്ടു
സ്നാനപ്പെടുത്തുന്നു. എന്നാൽ എന്നെക്കാൾ
ബലവാനായ ഒരുവൻ വരും; അദ്ദേഹത്തിൻെറ
ചെരിപ്പിൻെറ വാറ് അഴിക്കുവാൻ ഞാൻ
യോഗ്യനല്ല. അദ്ദേഹം നിങ്ങളെ പരിശുദ്ധാ
ത്മാവുകൊണ്ടും തീകൊണ്ടും സ്നാനപ്പെടു
ത്തും. 17 വിശുമുറം അദ്ദേഹത്തിൻെറ കയ്യിലു
ണ്ട്. അദ്ദേഹം കളം പൂർണ്ണമായും വെടിപ്പാക്കി
ഗോതമ്പു കളപ്പുരയിൽ ശേഖരിക്കും; പതിർ
കെടാത്ത തീയിലിട്ടു ചുട്ടുകളയുകയും
ചെയ്യും." 18മറ്റു പല വചനങ്ങളാലും യോഹ
ന്നാൻ ജനങ്ങളെ പ്രബോധിപ്പിക്കുകയും അവ
രോടു സുവിശേഷം അറിയിക്കുകയും ചെയ്തു.
19എന്നാൽ യോഹന്നാൻ ഇടപ്രഭുവായ
ഹെരോദാവിനെ അയാളുടെ സഹോദരൻെറ
ഭാര്യ ഹെരോദ്യനിമിത്തവും അയാൾ
ചെയ്തിരുന്ന സകല ദോഷങ്ങൾ നിമിത്തവും
ശാസിച്ചതുകൊണ്ട് 20ഹെരോദാവു ഇതി
നെല്ലാംപുറമേ യോഹന്നാനെ തുറുങ്കിൽ
അടയ്ക്കുകയും ചെയ്തു.

*യേശുവിൻെറ സ്നാനവും വംശാവലിയും*

21ജനങ്ങൾ എല്ലാവരും സ്നാനം ഏറ്റു
കൊണ്ടിരുന്നപ്പോൾ യേശുവും സ്നാനം ഏറ്റു.
അദ്ദേഹം പ്രാർത്ഥിക്കുമ്പോൾ സ്വർഗ്ഗം തുറന്നു.
22പരിശുദ്ധാത്മാവ് പ്രാവിൻെറ രൂപത്തിൽ
അദ്ദേഹത്തിൻെറമേൽ ഇറങ്ങിവന്നു. "നീ
എൻെറ പ്രിയപുത്രൻ; നിന്നിൽ ഞാൻ
പ്രസാദിച്ചിരിക്കുന്നു" എന്നു സ്വർഗ്ഗത്തിൽ നിന്ന്
ഒരു ശബ്ദവും ഉണ്ടായി.
23യേശുവിനു തൻെറ ശുശ്രൂഷ ആരംഭിക്കു
മ്പോൾ ഏകദേശം മുപ്പതു വയസ്സായിരുന്നു.
അദ്ദേഹം യോസേഫിൻെറ മകൻ. അങ്ങനെ
യാണ് ജനം കരുതിയിരുന്നത്.
യോസേഫ് ഹേലിയുടെ മകൻ,
24ഹേലി മത്ഥാത്തിൻെറ മകൻ,
മത്ഥാത്ത് ലേവിയുടെ മകൻ,
ലേവി മെല്ക്കിയുടെ മകൻ,
മെല്ക്കി യന്നായിയുടെ മകൻ.
യന്നായി യോസേഫിൻെറ മകൻ,
25യോസേഫ് മത്തഥ്യൊസിൻെറ മകൻ,
മത്തഥ്യൊസ് ആമോസിൻെറ മകൻ
ആമോസ് നാഹൂമിൻെറ മകൻ,

നാഹൂം എസ്ലിയുടെ മകൻ,
എസ്ലി നഗ്ഗായിയുടെ മകൻ,
നഗ്ഗായി മയാത്തിന്റെ മകൻ,
26മയാത്ത് മത്തഥ്യൊസിന്റെ മകൻ,
മത്തഥ്യൊസ് ശെമയിയുടെ മകൻ,
ശെമയി യോസേഫിന്റെ മകൻ,
യോസേഫ് യോദായുടെ മകൻ,
27യോദാ യോഹന്നാന്റെ മകൻ,
യോഹന്നാൻ രേസയുടെ മകൻ,
രേസ സൊരൊബാബേലിന്റെ മകൻ,
സൊരൊബാബേൽ ശലഥിയേലിന്റെ മകൻ,
ശലഥിയേൽ നേരിയുടെ മകൻ,
28നേരി മെല്ക്കിയുടെ മകൻ,
മെല്ക്കി അദ്ദിയുടെ മകൻ,
അദ്ദി കോസാമിന്റെ മകൻ,
കോസാം എൽമാദാമിന്റെ മകൻ,
എൽമാദാം ഏരിന്റെ മകൻ,
ഏർ യോശുവിന്റെ മകൻ,
29യോശു എലീയേസരിന്റെ മകൻ,
എലീയേസർ യോരീമിന്റെ മകൻ,
യോരീം മത്ഥാത്തിന്റെ മകൻ,
മത്ഥാത്ത് ലേവിയുടെ മകൻ,
30ലേവി ശിമ്യോന്റെ മകൻ,
ശിമ്യോൻ യെഹൂദയുടെ മകൻ,
യെഹൂദാ യോസേഫിന്റെ മകൻ,
യോസേഫ് യോനാമിന്റെ മകൻ,
യോനാം എല്യാക്കീമിന്റെ മകൻ,
31എല്യാക്കീം മെല്യാവിന്റെ മകൻ,
മെല്യാവു മെന്നയുടെ മകൻ,
മെന്നാ മത്തഥയുടെ മകൻ,
മത്തഥാ നാഥാന്റെ മകൻ,
നാഥാൻ ദാവീദിന്റെ മകൻ,
32ദാവീദ് യിശ്ശായിയുടെ മകൻ,
യിശ്ശായി ഓബേദിന്റെ മകൻ,
ഓബേദ് ബോവസിന്റെ മകൻ,
ബോവസ് സല്മോന്റെ മകൻ,
സല്മോൻ നഹശോന്റെ മകൻ,
നഹശോൻ അമ്മീനാദാബിന്റെ മകൻ,
33അമ്മീനാദാബ് അരാമിന്റെ മകൻ,
അരാം എസ്രോന്റെ മകൻ,
എസ്രോൻ പാരെസിന്റെ മകൻ,
പാരെസ് യെഹൂദായുടെ മകൻ,
34 യെഹൂദാ യാക്കോബിന്റെ മകൻ,
യാക്കോബ് യിസ്ഹാക്കിന്റെ മകൻ,
യിസ്ഹാക്ക് അബ്രാഹാമിന്റെ മകൻ,
അബ്രാഹാം തേരഹിന്റെ മകൻ,
തേരഹ് നാഹോരിന്റെ മകൻ,
35നാഹോർ സെരൂഗിന്റെ മകൻ,
സെരൂഗ് രെഗുവിന്റെ മകൻ,
രെഗു ഫാലെഗിന്റെ മകൻ,
ഫാലെഗ് ഏബെരിന്റെ മകൻ,
ഏബെർ ശലാമിന്റെ മകൻ,
36ശലാം കയിനാന്റെ മകൻ,
കയിനാൻ അർഫക്സാദിന്റെ മകൻ,
അർഫക്സാദ് ശേമിന്റെ മകൻ,
ശേം നോഹയുടെ മകൻ,
നോഹ ലാമേക്കിന്റെ മകൻ,
37ലാമേക്ക് മെഥൂശലയുടെ മകൻ,
മെഥൂശല ഹാനോക്കിന്റെ മകൻ,
ഹാനോക്ക് യാരെദിന്റെ മകൻ,
യാരെദ് മലെല്യേലിന്റെ മകൻ,
മലെല്യേൽ കയിനാന്റെ മകൻ,
38കയിനാൻ ഏനോശിന്റെ മകൻ,
എനോശ് ശേത്തിന്റെ മകൻ,
ശേത്ത് ആദാമിന്റെ മകൻ,
ആദാം ദൈവത്തിന്റെ മകൻ.

*യേശുവിനുണ്ടായ പരീക്ഷകൾ*

4 യേശു പരിശുദ്ധാത്മാവു നിറഞ്ഞവനായി
യോർദ്ദാനിൽ നിന്നു മടങ്ങി. ആത്മാവ്
അദ്ദേഹത്തെ മരുഭൂമിയിലേക്കു നയിച്ചു.
2അവിടെ അദ്ദേഹം നാല്പതുദിവസത്തേക്ക് പി
ശാചിനാൽ പരീക്ഷിക്കപ്പെട്ടു. ആ ദിവസ
ങ്ങളിൽ അദ്ദേഹം ഒന്നും ഭക്ഷിച്ചിരുന്നില്ല, അതു
കഴിഞ്ഞപ്പോൾ അദ്ദേഹത്തിനു വിശന്നു.
3അപ്പോൾ പിശാച് അദ്ദേഹത്തോട്, "നീ
ദൈവപുത്രൻ എങ്കിൽ ഈ കല്ലിനോട്
അപ്പമായിത്തീരുവാൻ കല്പിക്കുക" എന്നു
പറഞ്ഞു.
4അതിന് യേശു: " 'മനുഷ്യൻ അപ്പംകൊണ്ടു
മാത്രമല്ല ജീവിക്കുന്നത് ' [a] എന്ന് എഴുതിയി
രിക്കുന്നു" എന്ന് ഉത്തരം പറഞ്ഞു.
5പിന്നെ പിശാച് അദ്ദേഹത്തെ ഒരു ഉയർന്ന
സ്ഥലത്തേക്കു കൂട്ടിക്കൊണ്ടുപോയി, ലോക
ത്തിലെ സകല രാജ്യങ്ങളും ക്ഷണനേരം
കൊണ്ട് അദ്ദേഹത്തിനു കാണിച്ചുകൊടുത്തു.
6അവൻ അദ്ദേഹത്തോട്: "ഇവയുടെയെല്ലാം
സകല അധികാരവും മഹത്ത്വവും ഞാൻ നിന
ക്കു തരാം. അത് എന്റെ പക്കൽ ഏല്പിക്ക
പ്പെട്ടിരിക്കുന്നു; എനിക്ക് ഇഷ്ടമുള്ളവനു ഞാൻ
അതു കൊടുക്കുന്നു. 7ആകയാൽ നീ എന്നെ
ആരാധിക്കുമെങ്കിൽ അതു നിനക്കു
ള്ളതായിത്തീരും" എന്നു പറഞ്ഞു.
8അതിന് യേശു: "'നിന്റെ ദൈവമായ കർ
ത്താവിനെ ആരാധിച്ച് അവിടുത്തെമാത്രമേ
സേവിക്കാവൂ' [b] എന്ന് എഴുതിയിരിക്കുന്നു"
എന്ന് ഉത്തരം പറഞ്ഞു.
9പിന്നെ പിശാച് അദ്ദേഹത്തെ യെരൂശ
ലേമിലേക്കു നയിക്കുകയും ദൈവാലയ

[a] 4 ആവർത്തനം 8: 3 [b] 8 ആവർത്തനം 6: 13

ഗോപുരത്തിൻെറ മുകളിൽ നിറുത്തുകയും
ചെയ്തു. അവൻ അദ്ദേഹത്തോട്, " നീ
ദൈവപുത്രനെങ്കിൽ ഇവിടെനിന്നു താഴോട്ടു
ചാടുക,
10'നിന്നെ കാത്തു സംരക്ഷിക്കുവാൻ
അവിടുന്നു തൻെറ ദൂതന്മാരോടു
കല്പിക്കും;
11നിൻെറ കാൽ കല്ലിൽ തട്ടാതവണ്ണം
അവർ നിന്നെ കൈകളിൽ താങ്ങിക്കൊ
ള്ളും'[a] എന്ന് എഴുതിയിട്ടുണ്ടല്ലോ" എന്നു
പറഞ്ഞു.
12 അതിന് യേശു: " 'നിൻെറ ദൈവമായ
കർത്താവിനെ പരീക്ഷിക്കരുത് ' [b] എന്ന്
അരുളിച്ചെയ്തിരിക്കുന്നു" എന്നു മറുപടി
പറഞ്ഞു.
13ഈ പരീക്ഷകളെല്ലാം തികച്ചശേഷം
പിശാച് തക്ക ഒരവസരം ലഭിക്കുന്നതു
വരേയ്ക്കും അദ്ദേഹത്തെ വിട്ടുപോയി.

*യേശു നസറെത്തിൽ തിരസ്കരിക്കപ്പെടുന്നു*

14യേശു ആത്മാവിൻെറ ശക്തിയോടെ
ഗലീലയിലേക്കു മടങ്ങി; അദ്ദേഹത്തെ
ക്കുറിച്ചുള്ള വാർത്ത നാട്ടിൻപുറത്തെല്ലാം
പരന്നു. 15അദ്ദേഹം അവരുടെ പള്ളികളിൽ
ഉപദേശിച്ചു; എല്ലാവരും അദ്ദേഹത്തെ
പുകഴ്ത്തി.
16അദ്ദേഹം, താൻ വളർന്ന സ്ഥലമായ
നസറെത്തിലേക്കു പോയി, ശബ്ബത്തു
ദിവസത്തിൽ പതിവനുസരിച്ച് പള്ളിയിൽ
ചെന്ന് വായിപ്പാൻ എഴുന്നേറ്റുനിന്നു.
17യെശയ്യാപ്രവാചകൻെറ പുസ്തകച്ചുരുൾ
അദ്ദേഹത്തിൻെറ കയ്യിൽ കൊടുത്തു. അതു
നിവിർത്തി ഈ ഭാഗം അദ്ദേഹം കണ്ടെത്തി:
18"കർത്താവിൻെറ ആത്മാവ് എൻെറ
മേൽ ഉണ്ട്; എന്തെന്നാൽ ദരിദ്രന്മാരോടു
സുവിശേഷം അറിയിക്കുവാൻ അവിടുന്ന്
എന്നെ അഭിഷേകം ചെയ്തിരിക്കുന്നു.
തടവുകാർക്കു സ്വാതന്ത്ര്യവും അന്ധർക്കു
കാഴ്ചയും പ്രഖ്യാപിക്കുവാനും, മർദ്ദിതരെ
വിട്ടയപ്പാനും,
19കർത്താവിൻെറ പ്രസാദവർഷം പ്രസം
ഗിപ്പാനും എന്നെ അയച്ചിരിക്കുന്നു." [c]
20പിന്നെ അദ്ദേഹം പുസ്തകച്ചുരുൾ ശു
ശ്രൂഷകനു തിരികെ കൊടുത്തിട്ട് ഇരുന്നു. പള്ളി
യിലുണ്ടായിരുന്ന എല്ലാവരുടേയും ദൃഷ്ടി
അദ്ദേഹത്തിൻെറ മേൽ പതിഞ്ഞിരുന്നു.
21അദ്ദേഹം അവരോട്, "നിങ്ങൾ കേട്ട ഈ
തിരുവെഴുത്ത് ഇന്ന് നിവൃത്തിയായിരി
ക്കുകയാണ്" എന്നു പറഞ്ഞു.
22എല്ലാവരും അദ്ദേഹത്തെ പ്രശംസിച്ചു;
അദ്ദേഹത്തിൻെറ അധരങ്ങളിൽ നിന്നു
പുറപ്പെട്ട ലാവണ്യവാക്കുകൾ നിമിത്തം
ആശ്ചര്യപ്പെട്ടു. "ഇതു യോസേഫിൻെറ മകൻ
അല്ലയോ?" അവർ ചോദിച്ചു.
23യേശു അവരോട്: " 'വൈദ്യാ, നിന്നെ
ത്തന്നേ സൗഖ്യമാക്കുക' എന്ന പഴഞ്ചൊല്ല്
ഉദ്ധരിച്ചുകൊണ്ട്, 'താങ്കൾ കഫർന്നഹൂമിൽ
ചെയ്തുവെന്നു ഞങ്ങൾ കേട്ടിരിക്കുന്നതു
താങ്കളുടെ ഈ പിതൃനഗരത്തിലും ചെയ്യുക'
എന്നു നിങ്ങൾ എന്നോടു തീർച്ചയായും
പറയും" എന്നു പറഞ്ഞു.
24അദ്ദേഹം ഇങ്ങനെ തുടർന്നു: "ഒരു
പ്രവാചകനും തൻെറ പിതൃനഗരത്തിൽ
അംഗീകരിക്കപ്പെടുന്നില്ല എന്നു ഞാൻ
സത്യമായിട്ടു നിങ്ങളോടു പറയുന്നു.
25ഏലിയാവിൻെറ കാലത്ത്, ആകാശം
മൂന്നരവർഷത്തേക്ക് അടഞ്ഞുപോകയും
ദേശത്തെല്ലായിടത്തും ക്ഷാമം ഉണ്ടാകുകയും
ചെയ്തപ്പോൾ യിസ്രായേലിൽ അനേകം
വിധവമാർ ഉണ്ടായിരുന്നു എന്നതു
വാസ്തവമാണ്; 26എങ്കിലും ഏലിയാവിനെ
സീദോൻ പ്രദേശത്തെ സരെപ്തയിൽ ഒരു
വിധവയുടെ അടുത്തേക്കല്ലാതെ അവരിൽ
ആരുടേയും അടുക്കലേക്ക് അയച്ചില്ല.
27ഏലീശാപ്രവാചകൻെറ കാലത്തു
യിസ്രായേലിൽ കുഷ്ഠം ബാധിച്ച അനേകർ
ഉണ്ടായിരുന്നെങ്കിലും സുറിയാക്കാരനായ
നയമാൻ ഒഴികെ അവരിൽ ആരും സൗഖ്യം
പ്രാപിച്ചില്ല."
28ഇതുകേട്ടപ്പോൾ പള്ളിയിൽ ഉണ്ടായിരുന്ന
എല്ലാവരും ക്രോധം നിറഞ്ഞവരായിത്തീർന്നു.
29അവർ എഴുന്നേറ്റ് അദ്ദേഹത്തെ പട്ടണത്തിൽ
നിന്നു പുറത്താക്കുകയും പട്ടണം പണിതിരുന്ന
മലയുടെ വക്കിൽ നിന്നും താഴേക്കു തള്ളിയിടു
വാൻ അവിടെ കൊണ്ടുപോവുകയും ചെയ്തു.
30എന്നാൽ അദ്ദേഹം ജനക്കൂട്ടത്തിൻെറ
ഇടയിലൂടെ നടന്നു തൻെറ വഴിക്കുപോയി.

*യേശു ഒരു ദുരാത്മാവിനെ പുറത്താക്കുന്നു*

31പിന്നീട് അദ്ദേഹം ഗലീലയിലെ ഒരു
പട്ടണമായ കഫർന്നഹൂമിലേക്കുചെന്ന്
ശബ്ബത്തിൽ ജനങ്ങളെ ഉപദേശിച്ചുതുടങ്ങി.
32അദ്ദേഹത്തിൻെറ സന്ദേശം അധികാര
മുള്ളതായിരുന്നതിനാൽ അവർ അദ്ദേഹ
ത്തിൻെറ പ്രബോധനത്തിൽ ആശ്ചര്യപ്പെട്ടു.
33അവിടെ പള്ളിയിൽ ദുരാത്മാവു ബാധിച്ച
ഒരു മനുഷ്യൻ ഉണ്ടായിരുന്നു. അവൻഏറ്റവും
ഉച്ചത്തിൽ 34''നസറായനായ യേശുവേ,
അങ്ങേയ്ക്കു ഞങ്ങളോട് എന്തു കാര്യം?

[a] 11 സങ്കീർത്തനം 91:11,12 [b] 12 ആവർത്തനം 6:16 [c] 19 യെശയ്യാവ് 61:1,2

ഞങ്ങളെ നശിപ്പിക്കാനോ അങ്ങു
വന്നിരിക്കുന്നത്? അങ്ങ് ആരാണെന്ന്
എനിക്കറിയാം - ദൈവത്തിൻെറ പരിശുദ്ധൻ
തന്നേ'' എന്നു വിളിച്ചു പറഞ്ഞു.

35"മിണ്ടരുത്" യേശു ശാസിച്ചു: ''അവനിൽ
നിന്നുപുറത്തുവരിക!'' എന്ന് യേശു
കർശനമായി കല്പിച്ചു. അപ്പോൾ ഭൂതം ആ
മനുഷ്യനെ അവരുടെ എല്ലാവരുടേയും മുമ്പിൽ
തള്ളിയിട്ടശേഷം അവന് ഉപദ്രവമൊന്നും
വരുത്താതെ പുറത്തുപോയി.

36ജനങ്ങൾ എല്ലാവരും വിസ്മയിച്ചു. "ഈ
ഉപദേശം എന്ത്? അദ്ദേഹം അധികാരത്തോടും
ശക്തിയോടും കൂടി ദുരാത്മാക്കളോടു
കല്പിക്കുകയും അവ പുറത്തുപോകുകയും
ചെയ്യുന്നുവല്ലോ!" എന്ന് തമ്മിൽത്തമ്മിൽ
പറഞ്ഞു. 37അദ്ദേഹത്തെ സംബന്ധിച്ചുള്ള
വാർത്ത ചുറ്റുമുള്ള പ്രദേശങ്ങളിലെല്ലാം പരന്നു.

### *യേശു അനേകരെ സൗഖ്യമാക്കുന്നു*

38യേശു പള്ളിവിട്ടു ശിമോൻെറ
ഭവനത്തിലേക്കു ചെന്നു. ശിമോൻെറ
അമ്മാവിയമ്മ കഠിനമായ പനിപിടിച്ചു
കിടപ്പിലായിരുന്നു. അവളെ സഹായിക്കണ
മെന്ന് അവർ യേശുവിനോട് അപേക്ഷിച്ചു.
39അദ്ദേഹം അവളുടെ അടുത്തേക്കു ചെന്നു
കുനിഞ്ഞു പനിയെ ശാസിച്ചു. അത് അവളെ
വിട്ടുപോയി. അവൾ ഉടനെ എണീററ് അവരെ
ശുശ്രൂഷിച്ചുതുടങ്ങി.

40സൂര്യൻ അസ്തമിക്കുമ്പോൾ ജനങ്ങൾ
വിവിധരോഗങ്ങൾ ബാധിച്ചിരുന്ന എല്ലാവ
രെയും യേശുവിൻെറ അടുക്കൽ കൊണ്ടുവന്നു;
അദ്ദേഹം ഓരോരുത്തരുടെയുംമേൽ കൈ വച്ച്
അവരെ സൗഖ്യമാക്കി. 41കൂടാതെ, ഭൂതങ്ങൾ:
"നീ ദൈവപുത്രൻ!" എന്നു വിളിച്ചുപറ
ഞ്ഞുകൊണ്ടു പലരിൽ നിന്നും പുറപ്പെട്ടു
പോയി. അദ്ദേഹം ക്രിസ്തു എന്ന് അവ അറി
ഞ്ഞിരുന്നതുകൊണ്ട് അദ്ദേഹം അവയെ ശാസി
ച്ചു; സംസാരിപ്പാൻ അവയെ അനുവദിച്ചില്ല.

42പ്രഭാതത്തിൽ യേശു ഒരു വിജനസ്ഥല
ത്തേക്കു പോയി. ജനങ്ങൾ അദ്ദേഹത്തെ
അന്വേഷിച്ചുകൊണ്ടിരുന്നു. അവർ അദ്ദേഹം
ഇരുന്നിരുന്ന സ്ഥലത്തെത്തിയപ്പോൾ
തങ്ങളെ വിട്ടുപോകാതിരിപ്പാൻ അദ്ദേഹത്തെ
നിർബ്ബന്ധിച്ചു. 43എന്നാൽ അദ്ദേഹം പറഞ്ഞു:
"ഞാൻ ദൈവരാജ്യത്തിൻെറ സുവിശേഷം മറ്റു
പട്ടണങ്ങളിലും അറിയിക്കേണ്ടതാകുന്നു;
അതിനായിട്ടല്ലോ എന്നെ അയച്ചിട്ടുള്ളത്."
44തുടർന്ന് അദ്ദേഹം യഹൂദ്യയിലെ [a] പള്ളി
കളിൽ പ്രസംഗിച്ചുകൊണ്ടിരുന്നു.

### *ആദ്യശിഷ്യന്മാരെ വിളിക്കുന്നത്*

5 ഒരുദിവസം യേശു ഗന്നേസരത്ത്തടാക [b]
ത്തിൻെറ തീരത്തു നില്ക്കുമ്പോൾ,
ജനങ്ങൾ അദ്ദേഹത്തിനു ചുറ്റും തിങ്ങിക്കൂടി
ദൈവവചനം കേട്ടുകൊണ്ടിരിക്കുകയായി
രുന്നു. 2അപ്പോൾ കരയ്ക്കടുത്തു രണ്ടു വഞ്ചി
കിടക്കുന്നത് അദ്ദേഹം കണ്ടു. മീൻപിടിത്ത
ക്കാർ വഞ്ചി അവിടെ ഇട്ടിട്ടു തങ്ങളുടെ വല
കഴുകുകയായിരുന്നു. 3അവയിൽ ശിമോനുള്ള
തായ ഒരു വഞ്ചിയിൽ കയറിയിട്ട് അത് കരയിൽ
നിന്ന് അല്പം നീക്കണം എന്ന് അദ്ദേഹം
അവനോട് ആവശ്യപ്പെട്ടു. പിന്നീട് അദ്ദേഹം
അതിൽ ഇരുന്നുകൊണ്ട് ജനങ്ങളെ ഉപദേശിച്ചു.

4സംസാരിച്ചുകഴിഞ്ഞപ്പോൾ അദ്ദേഹം
ശിമോനോട്: "ആഴത്തിലേക്കു നീക്കി വലയി
റക്കുക" എന്നു പറഞ്ഞു.

5അതിനു ശിമോൻ: "നാഥാ, ഞങ്ങൾ രാത്രി
മുഴുവൻ അധ്വാനിച്ചു; ഒന്നും പിടിച്ചില്ല. എങ്കിലും
അങ്ങയുടെ വാക്കിനു ഞാൻ വലയിറക്കാം"
എന്ന് ഉത്തരം പറഞ്ഞു.

6അവർ അങ്ങനെ ചെയ്തപ്പോൾ വലിയ
മീൻകൂട്ടം വലയിൽപ്പെട്ടു; വല കീറാൻ തുടങ്ങി.
അതുകൊണ്ട് അവർ, മറ്റേ വഞ്ചിയിലുള്ള
പങ്കാളികൾ വന്നു തങ്ങളെ സഹായിക്കേണ്ട
തിന് അവരെ മാടിവിളിച്ചു. അവർ വന്നു രണ്ടു
വഞ്ചികളും മുങ്ങാറാകുന്നതുവരെ മീൻ നിറച്ചു.

8ഇതുകണ്ടിട്ടു ശിമോൻ പത്രൊസ്
യേശുവിൻെറ കാല്ക്കൽ വീണ്, "കർത്താവേ,
എന്നെ വിട്ടു പോകേണമേ, ഞാൻ പാപിയായ
മനുഷ്യൻ ആകുന്നു" എന്നു പറഞ്ഞു.
9അയാളും അയാളുടെ എല്ലാ കൂട്ടുകാരും
തങ്ങൾ നടത്തിയ മീൻപിടിത്തത്തെപ്പറ്റി
വിസ്മയഭരിതരായിരുന്നു; 10ശിമോൻെറ
പങ്കാളികളായ യാക്കോബ്, യോഹന്നാൻ എന്ന
സെബെദിമക്കളും അങ്ങനെതന്നേ.

അപ്പോൾ യേശു ശിമോനോട്: "ഭയപ്പെടരുത്;
ഇനിമുതൽ നീ മനുഷ്യരെ പിടിക്കുന്നവനാകും"
എന്നു പറഞ്ഞു. 11അങ്ങനെ, അവർ തങ്ങളുടെ
വഞ്ചികൾ വലിച്ചു കരയ്ക്കു കയറ്റി, സകലവും
ഉപേക്ഷിച്ച് അദ്ദേഹത്തെ അനുഗമിച്ചു.

### *കുഷ്ഠം ബാധിച്ചവൻ*

12യേശു ഒരു പട്ടണത്തിൽ ആയിരുന്നപ്പോൾ
കുഷ്ഠം നിറഞ്ഞ ഒരു മനുഷ്യൻ അവിടെ വന്നു.
അവൻ യേശുവിനെ കണ്ടിട്ട് കവിണ്ണുവീണ്,
"കർത്താവേ, അവിടുത്തേക്കു മനസ്സുണ്ടെങ്കിൽ
എന്നെ ശുദ്ധനാക്കുവാൻ കഴിയും" എന്ന്
അപേക്ഷിച്ചു.

13യേശു കൈനീട്ടി ആ മനുഷ്യനെ തൊട്ടു;

[a] 44 അഥവാ, *യഹൂദരുടെ നാട്ടിലെ.* ചിലകയ്യെഴുത്തുപ്രതികളിൽ *ഗലീല* [b] 1 അതായത് *ഗലീലക്കടൽ*

“എനിക്ക് മനസ്സുണ്ട്, ശുദ്ധനാവുക” എന്നു
പറഞ്ഞു. തൽക്ഷണം കുഷ്ഠം അവനെ
വിട്ടുമാറി.
14അപ്പോൾ യേശു അവനോട്: “ഇത്
ആരോടും പറയരുത്, എന്നാൽ നീ പോയി
പുരോഹിതനു നിന്നെത്തന്നെ കാണിച്ചു
കൊടുത്ത് അവർക്കു സാക്ഷ്യത്തിനായി നിൻെറ
ശുദ്ധീകരണത്തിനു മോശെ കല്പിച്ച
വഴിപാടുകൾ അർപ്പിക്കുക” എന്നു കല്പിച്ചു.
15എങ്കിലും അദ്ദേഹത്തെക്കുറിച്ചുള്ള
വാർത്ത അധികം പരന്നു. അതിൻെറ ഫലമായി
ജനക്കൂട്ടങ്ങൾ അദ്ദേഹത്തിൻെറ വചനം
കേൾക്കുവാനും തങ്ങളുടെ രോഗങ്ങൾ നീങ്ങി
സൗഖ്യം പ്രാപിക്കുവാനും വന്നുകൂടി.
16എന്നാൽ യേശു പലപ്പോഴും വിജന
സ്ഥലങ്ങളിലേക്കു പിൻവാങ്ങി പ്രാർത്ഥിച്ചു
കൊണ്ടിരുന്നു.

*യേശു ഒരു പക്ഷവാതക്കാരനെ സൗഖ്യമാക്കുന്നു*

17ഒരു ദിവസം അദ്ദേഹം ഉപദേശിക്കുമ്പോൾ
ഗലീലയിലെ എല്ലാ ഗ്രാമങ്ങളിൽനിന്നും
യഹൂദ്യയിൽനിന്നും യെരൂശലേമിൽനിന്നും
വന്നെത്തിയ പരീശന്മാരും ന്യായശാസ്ത്രിമാരും
അവിടെ ഇരിക്കുന്നുണ്ടായിരുന്നു. രോഗികളെ
സൗഖ്യമാക്കുവാൻ കർത്താവിൻെറ ശക്തി
അദ്ദേഹത്തോടുകൂടെ ഉണ്ടായിരുന്നു. 18ചില
ആളുകൾ തളർവാതം പിടിച്ച ഒരു മനുഷ്യനെ
കിടക്കയിൽ വഹിച്ചു കൊണ്ടുവന്നു; അവനെ
വീട്ടിനുള്ളിൽ കൊണ്ടുചെന്ന് യേശുവിൻെറ
മുൻപിൽ കിടത്താൻ ശ്രമിച്ചു. 19ജനക്കൂട്ടം
നിമിത്തം അങ്ങനെ ചെയ്യാൻ വഴി കാണാഞ്ഞിട്ട്
അവർ മേൽക്കൂരയിൽ കയറി, ഓടുകൾ നീക്കി
അവനെ കിടക്കയോടെ ജനമധ്യത്തിൽ,
യേശുവിൻെറ മുമ്പാകെ ഇറക്കിവച്ചു.
20യേശു അവരുടെ വിശ്വാസം കണ്ടിട്ട്;
“സ്നേഹിതാ, നിൻെറ പാപങ്ങൾ മോചിക്ക
പ്പെട്ടിരിക്കുന്നു” എന്നു പറഞ്ഞു.
21പരീശന്മാരും വേദജ്ഞരും, “ദൈവദൂ
ഷണം പറയുന്ന ഇവൻ ആര്? ദൈവത്തിനു
മാത്രമല്ലാതെ പാപങ്ങൾ ക്ഷമിക്കുവാൻ ആർ
ക്കാണു കഴിയുക?”എന്നു ചിന്തിച്ചുതുടങ്ങി.
22അവർ എന്താണ് ചിന്തിച്ചുകൊണ്ടിരിക്കു
ന്നതെന്ന് യേശു അറിഞ്ഞിട്ട് അവരോടു
ചോദിച്ചു: “നിങ്ങൾ ഹൃദയത്തിൽ ഈ
കാര്യങ്ങൾ ചിന്തിക്കുന്നതെന്ത്? 23‘നിൻെറ
പാപങ്ങൾ ക്ഷമിച്ചിരിക്കുന്നു’ എന്നു
പറയുന്നതോ ‘എഴുന്നേറ്റു നടക്കൂ’ എന്നു
പറയുന്നതോ ഏതാകുന്നു ഏറെ എളുപ്പം?
24എന്നാൽ മനുഷ്യപുത്രനു ഭൂമിയിൽ
പാപങ്ങൾ മോചിക്കുവാൻ അധികാരമുണ്ടെന്നു
നിങ്ങൾ അറിയേണ്ടതിന്” അദ്ദേഹം
പക്ഷവാതക്കാരനോട്: “എഴുന്നേററു നിന്റെ
കിടക്കയെടുത്തു വീട്ടിൽ പോകുക എന്നു
ഞാൻ നിന്നോടു പറയുന്നു” എന്നു പറഞ്ഞു.
25ഉടൻതന്നെ അവൻ അവരുടെമുമ്പാകെ എഴു
ന്നേറ്റു താൻ കിടന്ന കിടക്കയെടുത്ത് ദൈവ
ത്തെ സ്തുതിച്ചുകൊണ്ടു വീട്ടിലേക്കു പോയി.
26എല്ലാവരും വിസ്മയിച്ചു ദൈവത്തെ
പുകഴ്ത്തി. അവർ ഭയഭക്തി നിറഞ്ഞവരായി,
“നാം ഇന്ന് അപൂർവ്വകാര്യങ്ങൾ കണ്ടിരി
ക്കുന്നു” എന്നു പറഞ്ഞു.

*ലേവിയെ വിളിക്കുന്നു*

27ഇതുകഴിഞ്ഞ് യേശു പുറത്തേക്കുപോയി,
ലേവി എന്നു പേരുള്ള ഒരു ചുങ്കംപിരിവുകാരൻ
ചുങ്കസ്ഥലത്ത് ഇരിക്കുന്നതു കണ്ടു. യേശു
അവനോട്: “എന്നെ അനുഗമിക്കുക” എന്നു
പറഞ്ഞു. 28ലേവി എഴുന്നേറ്റ് എല്ലാം ഉപേക്ഷിച്ച്
അദ്ദേഹത്തെ അനുഗമിച്ചു.
29പിന്നീട് ലേവി തൻെറ വീട്ടിൽ യേശുവിനു
വലിയൊരു വിരുന്നു നടത്തി. ചുങ്കംപിരിവു
കാരുടെയും മറ്റും വലിയ ഒരു സമൂഹം
അവരോടുകൂടെ ഭക്ഷണം കഴിച്ചുകൊണ്ടി
രുന്നു. 30എന്നാൽ പരീശന്മാരും അവരുടെ
വിഭാഗത്തിൽപ്പെട്ട വേദജ്ഞരും അദ്ദേഹ
ത്തിൻെറ ശിഷ്യന്മാരോട്: “നിങ്ങൾ ചുങ്ക
ക്കാരോടും ‘പാപികളോടും’ കൂടെ ആഹാരം
കഴിക്കുന്നതെന്ത്?”എന്നു ചോദിക്കുകയും പിറു
പിറുക്കുകയും ചെയ്തു.
31യേശു അവരോട്: “ആരോഗ്യമുള്ള
വർക്കല്ല, രോഗികൾക്കാണു വൈദ്യനെ
ക്കൊണ്ട് ആവശ്യം. 32ഞാൻ നീതിമാന്മാരെയല്ല,
പാപികളെയത്രേ മാനസാന്തരത്തിലേക്കു
വിളിക്കുവാൻ വന്നിരിക്കുന്നത്” എന്ന് ഉത്തരം
പറഞ്ഞു.

*യേശുവിനോട് ഉപവാസത്തെപ്പറ്റി ചോദിക്കുന്നു*

33അവർ അദ്ദേഹത്തോട്: “യോഹന്നാൻെറ
ശിഷ്യന്മാർ കൂടെക്കൂടെ ഉപവസിക്കുകയും
പ്രാർത്ഥിക്കുകയും ചെയ്യുന്നു; പരീശന്മാരുടെ
ശിഷ്യന്മാരും അങ്ങനെ ചെയ്യുന്നു; അങ്ങയുടെ
ശിഷ്യന്മാരാകട്ടെ, തിന്നുകയും കുടിക്കുകയും
ചെയ്യുന്നു” എന്നു പറഞ്ഞു.
34അതിന് യേശു, “മണവാളൻ അതിഥിക
ളോടു കൂടെയുള്ളപ്പോൾ അവരെക്കൊണ്ട്
ഉപവസിപ്പിക്കുവാൻ നിങ്ങൾക്കു കഴിയുമോ?
35എന്നാൽ മണവാളൻ അവരിൽ നിന്ന്
എടുക്കപ്പെടുന്ന കാലം വരും; അപ്പോൾ, ആ
നാളുകളിൽ അവർ ഉപവസിക്കും” എന്ന് ഉത്തരം
പറഞ്ഞു.

36അദ്ദേഹം അവരോട് ഈ ഉപമ പറഞ്ഞു:
"ആരും പുതിയ വസ്ത്രത്തിൽ നിന്ന് ഒരു കഷ
ണം കീറിയെടുത്തു പഴയതിൽ തുന്നിച്ചേർ
ക്കുന്നില്ല. അങ്ങനെ ചെയ്താൽ പുതിയ
വസ്ത്രം കീറിപ്പോകുന്നതു കൂടാതെ പുതിയ
തിൽനിന്ന് എടുത്ത തുണ്ട് പഴയതിനോടു
ചേരാതിരിക്കുകയും ചെയ്യും. 37ആരും പുതിയ
വീഞ്ഞു പഴയ തോൽക്കുടങ്ങളിൽ പകരുന്നില്ല.
അങ്ങനെ ചെയ്താൽ പുതുവീഞ്ഞ് അവയെ
തകർക്കും; വീഞ്ഞു പുറത്തേക്ക് ഒഴുകും;
തോൽക്കുടങ്ങൾ നശിച്ചുപോകുകയും ചെയ്യും.
38അതുപാടില്ല, പുതിയ വീഞ്ഞ് പുതിയ
തോൽക്കുടങ്ങളിൽ പകർന്നു വയ്ക്കണം.
39പഴയ വീഞ്ഞു കുടിച്ചതിനു ശേഷം ആരും
പുതിയത് ആവശ്യപ്പെടുന്നില്ല, 'പഴയതു തന്നേ
മെച്ചം' എന്നു പറയും."

*ശബ്ബത്തിൻെറ കർത്താവ്*

6 ഒരു ശബ്ബത്തിൽ യേശു വിളഭൂമിയിൽകൂടി
പോകുകയായിരുന്നു. അദ്ദേഹത്തിൻെറ
ശിഷ്യന്മാർ കതിരുകൾ പറിച്ചു കൈകളിൽ വച്ചു
തിരുമ്മി ധാന്യം തിന്നുതുടങ്ങി. 2ചില
പരീശന്മാർ: "ശബ്ബത്തിൽ നിയമവിരുദ്ധമായതു
നിങ്ങൾ ചെയ്യുന്നതെന്തുകൊണ്ട്?" എന്നു
ചോദിച്ചു.

3"ദാവീദും കൂടെയുള്ളവരും തങ്ങൾക്കു
വിശന്നപ്പോൾ എന്തുചെയ്തുവെന്നു നിങ്ങൾ
വായിച്ചിട്ടില്ലേ? 4അവൻ ദൈവാലയത്തിൽ
പ്രവേശിച്ച് പുരോഹിതന്മാർ മാത്രമല്ലാതെ മറ്റാർ
ക്കും തിന്നുവാൻ പാടില്ലാത്ത കാഴ്ചയപ്പം
എടുത്തു ഭക്ഷിച്ചു; കൂടെയുള്ളവർക്കും കൊ
ടുത്തു" എന്ന് ഉത്തരം പറഞ്ഞു. 5"മനുഷ്യ
പുത്രൻ ശബ്ബത്തിൻെറയും കർത്താവാകുന്നു"
എന്നും അവരോടു പറഞ്ഞു.

6മറ്റൊരു ശബ്ബത്തിൽ അദ്ദേഹം പള്ളിയിൽ
ചെന്ന് ഉപദേശിച്ചുകൊണ്ടിരുന്നു. വലങ്കൈ
ശോഷിച്ചുപോയ ഒരു മനുഷ്യൻ അവിടെ
ഉണ്ടായിരുന്നു. 7പരീശന്മാരും വേദജ്ഞരും
യേശുവിനെ കുറ്റപ്പെടുത്തുവാൻ കാരണം
അന്വേഷിച്ചുകൊണ്ടിരുന്നു. അതുകൊണ്ട്
അദ്ദേഹം ശബ്ബത്തിൽ സൗഖ്യമാക്കുമോ എന്ന്
അവർ നിരീക്ഷിച്ചു. 8എന്നാൽ അവരുടെ
വിചാരം എന്തെന്നു ഗ്രഹിച്ചിട്ട് യേശു കൈ
ശോഷിച്ച മനുഷ്യനോട്, "എഴുന്നേറ്റ് എല്ലാ
വരുടേയും മുമ്പിൽ നില്ക്കുക" എന്നു പറഞ്ഞു.
അവൻ എഴുന്നേറ്റ് അവിടെ നിന്നു.

9പിന്നെ യേശു അവരോട്: "ഞാൻ നിങ്ങ
ളോടു ചോദിക്കട്ടെ: ശബ്ബത്തിൽ നന്മ ചെയ്യു
ന്നതോ തിന്മ ചെയ്യുന്നതോ, ജീവനെ രക്ഷിക്കു
ന്നതോ അതിനെ നശിപ്പിക്കുന്നതോ, ഏതാ
കുന്നു നിയമാനുസൃതം?" എന്നു ചോദിച്ചു.
10അദ്ദേഹം അവരെയെല്ലാം ചുറ്റും നോക്കി
യിട്ട് ആ മനുഷ്യനോട്, "നിൻെറ കൈ നീട്ടുക"
എന്നു പറഞ്ഞു. അവൻ അങ്ങനെ ചെയ്തു;
അവൻെറ കൈ പരിപൂർണ്ണമായി സുഖപ്പെടു
കയും ചെയ്തു. 11എന്നാൽ അവർ ക്രോധം
നിറഞ്ഞവരായി, യേശുവിനെ എന്തുചെയ്യണ
മെന്നു തമ്മിൽത്തമ്മിൽ ആലോചിച്ചു.

*പന്ത്രണ്ട് അപ്പൊസ്തലന്മാർ*

12അന്നൊരിക്കൽ യേശു പ്രാർത്ഥിക്കുവാൻ
മലയിലേക്കു കയറിപ്പോയി. ദൈവത്തോടുള്ള
പ്രാർത്ഥനയിൽ രാത്രി ചെലവഴിച്ചു. 13നേരം
വെളുത്തപ്പോൾ അദ്ദേഹം ശിഷ്യന്മാരെ
അടുക്കൽവിളിച്ചു; അവരിൽ പന്ത്രണ്ടുപേരെ
തിരഞ്ഞെടുത്ത് അവർക്ക് അപ്പൊസ്തലന്മാർ
എന്നു നാമകരണം ചെയ്തു. 14അവരുടെ പേരു
കൾ ഇവയാണ്: ശിമോൻ അയാൾക്ക് പത്രൊസ്
എന്ന് അദ്ദേഹം പേരിട്ടു, അയാളുടെ
സഹോദരൻ അന്ത്രെയാസ്, യാക്കോബ്,
യോഹന്നാൻ, ഫിലിപ്പൊസ്, ബർത്തൊലൊ
മായി, 15മത്തായി, തോമസ്, അല്ഫായിയുടെ
മകനായ യാക്കോബ്, എരിവുകാരൻ എന്നു
വിളിച്ചിരുന്ന ശിമോൻ, 16യാക്കോബിൻെറ
മകനായ യൂദാ, വഞ്ചകനായിത്തീർന്ന
ഈസ്ക്കാര്യോത്ത് യൂദാ.

*അനുഗ്രഹങ്ങളും കഷ്ടതകളും*

17അദ്ദേഹം അവരോടൊപ്പം ഇറങ്ങിച്ചെന്ന്
സമഭൂമിയിൽ നിന്നു. അവിടെ അദ്ദേഹത്തിൻെറ
ശിഷ്യന്മാരുടെ ഒരു വലിയ സമൂഹവും
യഹൂദ്യയിൽ എല്ലായിടത്തുനിന്നും സോരി
ൻെറയും സീദോൻെറയും സമുദ്രതീരത്തു
നിന്നും 18വചനം കേൾപ്പാനും രോഗശാന്തി
പ്രാപിപ്പാനും വന്ന അനവധി ആളുകളും ഉണ്ടാ
യിരുന്നു. ദുരാത്മാക്കളാൽ കഷ്ടപ്പെട്ടിരുന്നവർ
സൗഖ്യം പ്രാപിച്ചു; 19ശക്തി അദ്ദേഹ
ത്തിൽനിന്നു പുറപ്പെട്ട് എല്ലാവരെയും സൗഖ്യ
മാക്കിയിരുന്നതുകൊണ്ടു ജനങ്ങൾ എല്ലാവരും
അദ്ദേഹത്തെ സ്പർശിക്കുവാൻ ശ്രമിച്ചു.

20ശിഷ്യന്മാരെ നോക്കിക്കൊണ്ട് അദ്ദേഹം
പറഞ്ഞു:

"ദരിദ്രരായ നിങ്ങൾ
അനുഗ്രഹിക്കപ്പെട്ടവർ;
ദൈവരാജ്യം നിങ്ങൾക്കുള്ളത്.
21ഇപ്പോൾ വിശക്കുന്നവരായ
നിങ്ങൾ അനുഗ്രഹിക്കപ്പെട്ടവർ;
നിങ്ങൾക്കു തൃപ്തിയുണ്ടാകും.
ഇപ്പോൾ കരയുന്നവരായ
നിങ്ങൾ അനുഗ്രഹിക്കപ്പെട്ടവർ;
നിങ്ങൾ ചിരിക്കും.
22മനുഷ്യപുത്രൻ നിമിത്തം

മനുഷ്യർ നിങ്ങളെ വെറുത്ത്, ഭ്രഷ്ടരാക്കി
അപമാനിച്ച്,
നിങ്ങളുടെ പേര് ദോഷമുള്ളതായി
തള്ളിക്കളയുമ്പോൾ നിങ്ങൾ അനുഗ്രഹി
ക്കപ്പെട്ടവർ.
23"ആ ദിവസത്തിൽ ആനന്ദിക്കുകയും
സന്തോഷിച്ചു തുള്ളുകയും ചെയ്‌വിൻ;
എന്തുകൊണ്ടെന്നാൽ സ്വർഗ്ഗത്തിൽ നിങ്ങളുടെ
പ്രതിഫലം വലിയത്; അവരുടെ പിതാക്കന്മാർ
പ്രവാചകന്മാരോട് അങ്ങനെ തന്നേ
പെരുമാറിയല്ലോ!
24"എന്നാൽ ധനികരേ, നിങ്ങൾക്കു
ഹാ കഷ്ടം! നിങ്ങൾക്കുള്ള ആശ്വാസം
നിങ്ങൾക്കു കിട്ടിക്കഴിഞ്ഞു.
25ഇപ്പോൾ തൃപ്തരായ നിങ്ങൾക്കു ഹാ
കഷ്ടം! നിങ്ങൾക്കു വിശക്കും. ഇപ്പോൾ
ചിരിക്കുന്ന നിങ്ങൾക്കു ഹാ കഷ്ടം!
നിങ്ങൾ ദു:ഖിച്ചുകരയും.
26എല്ലാവരും നിങ്ങളെ പുകഴ്ത്തി പറയു
മ്പോൾ നിങ്ങൾക്കു ഹാ കഷ്ടം! അവരുടെ
പൂർവ്വപിതാക്കന്മാരും
കള്ള പ്രവാചകന്മാരോട് അങ്ങനെതന്നെ
ചെയ്തിട്ടുണ്ടല്ലോ.

*ശത്രുക്കളോടു സ്നേഹം*

27"എന്നാൽ എന്റെ വചനം കേൾക്കുന്ന
നിങ്ങളോടു ഞാൻ പറയുന്നു: നിങ്ങളുടെ
ശത്രുക്കളെ സ്നേഹിക്കുവിൻ, നിങ്ങളെ
വെറുക്കുന്നവർക്കു നന്മ ചെയ്യുവിൻ; 28നിങ്ങ
ളെ ശപിക്കുന്നവരെ അനുഗ്രഹിക്കുവിൻ;
നിങ്ങളെ നിന്ദിക്കുന്നവർക്കുവേണ്ടി പ്രാർത്ഥി
ക്കുവിൻ. 29ഒരുവൻ നിന്റെ ഒരു ചെകിട്ടത്ത്
അടിക്കുന്നുവെങ്കിൽ അവനു മറ്റേ ചെകിടും
കാണിച്ചു കൊടുക്കുക. നിന്റെ മേലങ്കി എടു
ക്കുന്നവന് അങ്കിയുംകൂടെ നൽകാൻ മടിക്കരു
ത്. 30നിന്നോട് ആവശ്യപ്പെടുന്ന ഏവർക്കും
കൊടുക്കുക; നിനക്കുള്ളത് ആരെങ്കിലും
എടുത്തുകളയുന്നുവെങ്കിൽ അതു തിരികെ
ആവശ്യപ്പെടരുത്. 31മറ്റുള്ളവർ നിങ്ങൾക്കു
ചെയ്യണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നതു
പോലെ നിങ്ങൾ അവർക്കും ചെയ്യുവിൻ.
32"നിങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹി
ച്ചാൽ അതിൽ നിങ്ങൾക്ക് അഭിമാനിക്കാൻ
എന്താണുള്ളത്? പാപികൾപോലും തങ്ങളെ
സ്നേഹിക്കുന്നവരെ സ്നേഹിക്കുന്നു.
33നിങ്ങൾക്കു നന്മ ചെയ്യുന്നവർക്കു നിങ്ങൾ
നന്മ ചെയ്താൽ അതിൽ അഭിമാനിക്കാൻ
എന്താണുള്ളത്? പാപികൾപോലും അതു
ചെയ്യുന്നു. 34മടക്കിത്തരുമെന്നു നിങ്ങൾക്കു
വിശ്വാസമുള്ളവർക്കു വായ്പ കൊടുത്താൽ
അതിൽ നിങ്ങൾക്ക് എന്താണഭിമാനിക്കാ
നുള്ളത്? പാപികൾപോലും തീർത്തും തിരിച്ചു
കിട്ടുമെന്ന പ്രതീക്ഷയോടെ പാപികൾക്കു
വായ്പ കൊടുക്കുന്നു.
35"എന്നാൽ നിങ്ങളുടെ ശത്രുക്കളെ
സ്നേഹിക്കുവിൻ; അവർക്കു നന്മ ചെയ്യുവിൻ;
തിരിച്ചുകിട്ടുമെന്ന പ്രതീക്ഷ കൂടാതെ അവർക്കു
വായ്പ കൊടുക്കുവിൻ. അപ്പോൾ നിങ്ങളുടെ
പ്രതിഫലം വലിയതായിരിക്കും. നിങ്ങൾ
അത്യുന്നതന്റെ മക്കൾ ആകും;
എന്തുകൊണ്ടെന്നാൽ അവിടുന്നു നന്ദി
കെട്ടവരോടും ദുഷ്ടന്മാരോടും ദയാലുവാ
കുന്നു. 36നിങ്ങളുടെ പിതാവ് കരുണയുള്ളവ
നായിരിക്കുന്നതുപോലെ നിങ്ങളും കരുണയു
ള്ളവരായിരിപ്പിൻ.

*മറ്റുള്ളവരെ വിധിക്കുന്നത്*

37"വിധിക്കരുത്; എന്നാൽ നിങ്ങളും വിധിക്ക
പ്പെടുകയില്ല. ശിക്ഷാവിധി നടത്തരുത്;
നിങ്ങൾക്കും ശിക്ഷാവിധി ഉണ്ടാകുകയില്ല.
ക്ഷമിക്കുവിൻ; നിങ്ങളോടും ക്ഷമിക്കും.
38കൊടുക്കുവിൻ; എന്നാൽ നിങ്ങൾക്കു കിട്ടും.
അമർത്തി കുലുക്കി കവിയുന്നൊരു നല്ല അളവ്
നിങ്ങളുടെ മടിയിൽത്തരും. നിങ്ങൾ ഉപയോ
ഗിക്കുന്ന അളവുകൊണ്ടു നിങ്ങൾക്കും അളന്നു
കിട്ടും.
39 അദ്ദേഹം അവരോട് ഈ ഉപമയും
പറഞ്ഞു: "അന്ധന് അന്ധനെ നയിക്കുവാൻ
കഴിയുമോ? ഇരുവരും കുഴിയിൽ വീണു
പോകയില്ലയോ? 40ശിഷ്യൻ ഗുരുവിനുമീതെ
അല്ല; എന്നാൽ അഭ്യസനം തികഞ്ഞവൻ
ഗുരുവിനെപ്പോലെ ആയിത്തീരും.
41 "നിന്റെ സഹോദരന്റെ കണ്ണിലെ കരടു
നോക്കുകയും സ്വന്തം കണ്ണിലെ കോൽ
ശ്രദ്ധിക്കാതിരിക്കുകയും ചെയ്യുന്നതെന്ത്?
42നിന്റെ സ്വന്തം കണ്ണിലെ കോൽ കാണാൻ
കഴിയാതിരിക്കുമ്പോൾ 'സഹോദരാ, ഞാൻ
നിന്റെ കണ്ണിലെ കരട് എടുത്തുകളയട്ടെ'
എന്നു നിനക്ക് എങ്ങനെ പറയാൻ കഴിയും?
ഹേ, കപടഭക്തനായ മനുഷ്യാ, ആദ്യം നിന്റെ
കണ്ണിലെ കോൽ എടുത്തുകളയുക. അപ്പോൾ
സഹോദരന്റെ കണ്ണിലെ കരട് എടുത്തുകളയു
വാൻ തക്കവിധം തെളിവായി കാണുവാൻ
നിനക്കു കഴിയും.

*വൃക്ഷവും അതിന്റെ ഫലവും*

43 "ചീത്തഫലം കായ്ക്കുന്ന നല്ല വൃക്ഷമില്ല;
നല്ല ഫലം കായ്ക്കുന്ന ചീത്തവൃക്ഷവുമില്ല.
44ഏതു വൃക്ഷത്തെയും അതിന്റെ ഫലംകൊ
ണ്ടറിയാം. ആളുകൾ മുൾച്ചെടികളിൽ നിന്നു
അത്തിപ്പഴമോ ഞെരിഞ്ഞിലിൽ നിന്നു
മുന്തിരിങ്ങയോ ശേഖരിക്കുന്നില്ല. 45നല്ല

മനുഷ്യൻ തൻെറ ഹൃദയത്തിൽ സംഭരിച്ചി
രിക്കുന്ന നന്മയിൽനിന്നു നല്ല കാര്യങ്ങൾ
പുറപ്പെടുവിക്കുന്നു; ദുഷ്ടമനുഷ്യൻ തൻെറ
ഹൃദയത്തിൽ സംഭരിച്ചിരിക്കുന്ന തിന്മയിൽ
നിന്നു ദോഷമുള്ള കാര്യങ്ങൾ പുറപ്പെടുവി
ക്കുന്നു. ഹൃദയത്തിൽ നിറഞ്ഞുകവിയുന്നതാ
ണല്ലോ വായ് പ്രസ്താവിക്കുന്നത്.

*വീടു പണിയുന്ന വിവേകിയും മൂഢനും*

46“നിങ്ങൾ എന്നെ ‘കർത്താവേ, കർത്താ
വേ’, എന്നു വിളിക്കുകയും ഞാൻ പറയുന്നതു
പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നത്
എന്തുകൊണ്ട്? 47എൻെറ അടുക്കൽ വന്ന്
എൻെറ വചനങ്ങൾ കേൾക്കുകയും അവയെ
പ്രയോഗത്തിലാക്കുകയും ചെയ്യുന്നവൻ
ആരോടു സദൃശൻ എന്നു ഞാൻ നിങ്ങൾക്കു
കാണിച്ചു തരാം. 48ആഴത്തിൽ കുഴിച്ചു
പാറമേൽ അടിസ്ഥാനമിട്ട് വീടു പണിയുന്നവ
നോടു അവൻ സദൃശൻ. വെള്ളപ്പൊക്കം
ഉണ്ടായപ്പോൾ ഒഴുക്ക് ആ വീട്ടിന്മേൽ അടിച്ചു.
എന്നാൽ അതു നല്ലവണ്ണം പണിതതായിരു
ന്നതുകൊണ്ട് അതിനു കുലുക്കം തട്ടിയില്ല.
49എന്നാൽ എൻെറ വചനങ്ങൾ കേൾക്കുകയും
അവയെ പ്രയോഗത്തിലാക്കാതിരിക്കുകയും
ചെയ്യുന്നവൻ അടിസ്ഥാനം കൂടാതെ മണ്ണി
ന്മേൽ വീടു പണിത മനുഷ്യനോടു സദൃശൻ.
ഒഴുക്ക് ആ വീടിന്മേൽ അടിച്ച ഉടനെ അതു
തകർന്നു വീണു; അതിൻെറ വീഴ്ച്ച വലുതായി
രുന്നു.”

*ഒരു ശതാധിപൻെറ വിശ്വാസം*

7 ജനങ്ങൾ കേൾക്കെ ഇതൊക്കെയും
പറഞ്ഞതിനുശേഷം യേശു കഫർന്നഹൂ
മിൽ പ്രവേശിച്ചു. 2 അവിടെ ഒരു ശതാധിപനു
വളരെ പ്രിയങ്കരനായിരുന്ന ദാസൻ രോഗം
ബാധിച്ചു മരിക്കാറായിരുന്നു. 3ശതാധിപൻ
യേശുവിനെക്കുറിച്ചു കേട്ടിട്ട് അദ്ദേഹം വന്നു
തൻെറ ദാസനെ സൗഖ്യമാക്കണമെന്ന്
അപേക്ഷിക്കുവാൻ യഹൂദന്മാരുടെ ചില
മൂപ്പന്മാരെ അദ്ദേഹത്തിൻെറ അടുക്കൽ അയച്ചു.
4അവർ യേശുവിൻെറ അടുക്കൽ വന്ന്
താത്പര്യത്തോടെ ഇങ്ങനെ അപേക്ഷിച്ചു:
“അങ്ങ് ഇതു ചെയ്തുകൊടുക്കുവാൻ ഈ
മനുഷ്യൻ യോഗ്യൻ; 5എന്തുകൊണ്ടെന്നാൽ
ഇയാൾ നമ്മുടെ ജനങ്ങളെ സ്നേഹിക്കുന്നു.
നമുക്കുവേണ്ടി ഒരു പള്ളി പണിതു തരികയും
ചെയ്തിരിക്കുന്നു.” 6അങ്ങനെ, യേശു
അവരോടു കൂടെ പോയി.

അദ്ദേഹം വീടിനോട് അടുക്കാറായപ്പോൾ
ശതാധിപൻ സ്നേഹിതന്മാരെ അദ്ദേഹ
ത്തിൻെറ അടുക്കൽ അയച്ച് ഇങ്ങനെ പറയിച്ചു:
“കർത്താവേ, അങ്ങു ബുദ്ധിമുട്ടേണ്ടാ; കാരണം,
അങ്ങ് എൻെറ ഭവനത്തിൽ വരുവാൻ എനിക്കു
യോഗ്യതയില്ല. 7അതുകൊണ്ടാണ് ഞാൻ തന്നേ
അങ്ങയുടെ അടുക്കൽ വരുവാൻ
ഒരുമ്പെടാഞ്ഞത്. അങ്ങ് ഒരു വാക്കു കല്പി
ച്ചാൽ മതി; എൻെറ ദാസനു സൗഖ്യം ലഭിക്കും.
8ഞാനും അധികാരത്തിനു കീഴ്പ്പെട്ടവനാണ്.
എന്റെ കീഴിൽ പടയാളികളുണ്ട്. ഒരുത്തനോടു
ഞാൻ ‘പോകൂ’ എന്നു പറയുമ്പോൾ അവൻ
പോകുന്നു. മററൊരുത്തനോട് ‘വരൂ’ എന്നു
പറയുമ്പോൾ അവൻ വരുന്നു. ഞാൻ എന്റെ
ദാസനോട് ‘ഇതു ചെയ്യൂ’ എന്നു പറയുമ്പോൾ
അവൻ ചെയ്യുന്നു”

9യേശു ഇതു കേട്ടിട്ട് അവനെക്കുറിച്ച്
ആശ്ചര്യപ്പെട്ടു. ജനക്കൂട്ടത്തിനു നേരെ
തിരിഞ്ഞ് അദ്ദേഹം: “യിസ്രായേലിൽ പോലും
ഇങ്ങനെയുള്ള വിശ്വാസം ഞാൻ കണ്ടിട്ടില്ല
എന്നു ഞാൻ നിങ്ങളോടു പറയുന്നു” എന്നു
പറഞ്ഞു. 10അയയ്ക്കപ്പെട്ടിരുന്നവർ വീട്ടിൽ
മടങ്ങിയെത്തിയപ്പോൾ ദാസൻ സൗഖ്യം
പ്രാപിച്ചിരിക്കുന്നതായി കണ്ടു.

*യേശു ഒരു വിധവയുടെ മകനെ ഉയിർപ്പിക്കുന്നു*

11 പിറേറന്നാൾ യേശു നയിൻ എന്ന
പട്ടണത്തിലേക്കുപോകുമ്പോൾ; ശിഷ്യന്മാരും
വലിയൊരു ജനക്കൂട്ടവും അദ്ദേഹത്തെ അനു
ഗമിച്ചു. 12അദ്ദേഹം പട്ടണത്തിൻെറ വാതിലി
നോടു സമീപിച്ചപ്പോൾ അതാ, മരിച്ചുപോയ
ഒരുവനെ പുറത്തേക്കു കൊണ്ടുവരുന്നു. അവൻ
അമ്മയുടെ ഏകപുത്രൻ; അവളോ
വിധവയായിരുന്നു. പട്ടണത്തിൽ നിന്നുള്ള
വലിയോരു ജനക്കൂട്ടം അവളോടുകൂടെ
ഉണ്ടായിരുന്നു. 13അവളെ കണ്ടിട്ട് കർത്താ
വിൻെറ മനസ്സലിഞ്ഞു. അവിടുന്ന് അവളോട്:
“കരയേണ്ടാ” എന്നു പറഞ്ഞു.

14പിന്നീട് അദ്ദേഹം അടുത്തു ചെന്ന് ശവ
മഞ്ചം തൊട്ടു. അതു ചുമന്നിരുന്നവർ നിന്നു.
അദ്ദേഹം പറഞ്ഞു: “യുവാവേ, എഴുന്നേല്ക്കുക
എന്നു ഞാൻ നിന്നോടു പറയുന്നു.” 15മരിച്ചവൻ
എഴുന്നേറ്റിരുന്നു സംസാരിച്ചു തുടങ്ങി. യേശു
അവനെ അമ്മയ്ക്ക് ഏല്പിച്ചു കൊടുത്തു.

16അവർ എല്ലാവരും പരിഭ്രമം നിറഞ്ഞവരായി
ദൈവത്തെ പുകഴ്ത്തി. “ഒരു മഹാപ്രവാചകൻ
നമ്മുടെ ഇടയിൽ എഴുന്നേറ്റിരിക്കുന്നു. ദൈവം
തൻെറ ജനത്തെ സന്ദർശിച്ചിരിക്കുകയാണ്”
എന്ന് അവർ പറഞ്ഞു. 17യേശുവിനെ ക്കുറിച്ചു
ള്ള ഈ വാർത്ത യഹൂദ്യയിൽ[a] എല്ലായിടത്തും
ചുററുമുള്ള പ്രദേശത്തും പ്രചരിച്ചു.

[a] 17 അഥവാ, യഹൂദരുടെ നാട്ടിൽ

*യേശുവും യോഹന്നാൻ സ്നാപകനും*

18ഇവയൊക്കെയും യോഹന്നാന്റെ
ശിഷ്യന്മാർ അദ്ദേഹത്തെ അറിയിച്ചു. യോഹ
ന്നാൻ അവരിൽ രണ്ടുപേരെ വിളിച്ചു കർത്താ
വിന്റെ അടുത്തേക്കയച്ചു. 19"വരുവാനുള്ളവൻ
അങ്ങുതന്നെയോ? അല്ല, ഞങ്ങൾ മറ്റൊ
രാളിനെ പ്രതീക്ഷിക്കണമോ?" എന്ന് അവരി
ലൂടെ അദ്ദേഹത്തോടു ചോദിച്ചു.

20 അവർ യേശുവിന്റെ അടുക്കൽ വന്നു
പറഞ്ഞു: "യോഹന്നാൻസ്നാപകൻ ഞങ്ങളെ
അങ്ങയുടെ അടുക്കൽ അയച്ചിരിക്കുന്നു.
അദ്ദേഹം ചോദിക്കുന്നു: 'വരുവാനുള്ളവൻ
അങ്ങുതന്നെയോ? അല്ല, ഞങ്ങൾ മറ്റൊരു
ത്തനു വേണ്ടി കാത്തിരിക്കണമോ?' "

21ആ സമയത്തു തന്നെ യേശു വ്യാധികളും
രോഗങ്ങളും ദുരാത്മാക്കളും ബാധിച്ച അനേ
കരെ സൗഖ്യമാക്കുകയും അന്ധരായ അനേ
കർക്കു കാഴ്ചനല്കുകയും ചെയ്തു. 22പിന്നെ
അദ്ദേഹം ആ വന്നവരോട് "നിങ്ങൾ
കാണുകയും കേൾക്കുകയും ചെയ്തത് തിരി
ച്ചുചെന്നു യോഹന്നാനെ അറിയിപ്പിൻ. അന്ധ
ർക്കു കാഴ്ച ലഭിക്കുന്നു, മുടന്തർ നടക്കുന്നു,
കുഷ്ഠരോഗികൾ സൗഖ്യം പ്രാപിക്കുന്നു.
ബധിരർ കേൾക്കുന്നു, മരിച്ചവരെ ഉയിർ
പ്പിക്കുന്നു, ദരിദ്രരോടു സുവിശേഷം അറിയി
ക്കുന്നു. 23എന്നാൽ ഞാൻ നിമിത്തം ഇടറി
പ്പോകാത്തവൻ അനുഗൃഹീതൻ" എന്നു
പറഞ്ഞു.

24യോഹന്നാന്റെ ദൂതന്മാർ പോയശേഷം
യേശു ജനക്കൂട്ടത്തോട് അദ്ദേഹത്തെക്കുറിച്ചു
സംസാരിച്ചുതുടങ്ങി. "നിങ്ങൾ എന്തു
കാണുവാൻ മരുഭൂമിയിലേക്കു പോയി? കാറ്റിൽ
ഉലയുന്ന ഞാങ്ങണയോ? 25അതല്ലെങ്കിൽ
മറ്റെന്തു കാണുവാൻ പോയി? മൃദുലവ
സ്ത്രങ്ങൾ ധരിച്ച മനുഷ്യനെയോ? അല്ല,
അമൂല്യ വസ്ത്രങ്ങൾ ധരിക്കുകയും ആഡംബര
ത്തിൽ മുഴുകുകയും ചെയ്യുന്നവർ
കൊട്ടാരങ്ങളിൽ അല്ലയോ ഉള്ളത്? 26എന്നാൽ
നിങ്ങൾഎന്തു കാണുവാൻ പോയി? ഒരു
പ്രവാചകനെയോ അതേ, ഒരു പ്രവാചകനേ
ക്കാൾ ശ്രേഷ്ഠനെ എന്നു ഞാൻ നിങ്ങളോടു
പറയുന്നു.

27'ഞാൻ നിനക്കു മുമ്പായി
എന്റെ ദൂതനെ അയയ്ക്കും,
അവൻ നിനക്കു വഴിയൊരുക്കും.' [a]

എന്ന് എഴുതിയിരിക്കുന്നത് ഇദ്ദേഹത്തെ
ക്കുറിച്ചാണ്. 28"സ്ത്രീകളിൽ നിന്നു ജനിച്ചവ
രിൽയോഹന്നാനെക്കാൾ വലിയവൻആരുമില്ല;
എങ്കിലും ദൈവരാജ്യത്തിൽ ഏറ്റവും
ചെറിയവൻ അദ്ദേഹത്തേക്കാൾ വലിയവൻ
എന്നു ഞാൻ നിങ്ങളോടു പറയുന്നു."

29ജനങ്ങൾ എല്ലാവരും, ചുങ്കക്കാർപോലും,
യേശുവിന്റെ വചനങ്ങൾ കേട്ടപ്പോൾ, അവർ
യോഹന്നാന്റെ സ്നാനം ഏറ്റിരുന്നതുകൊണ്ട്,
ദൈവത്തിന്റെ വഴി നീതിയുള്ളതെന്ന്
അംഗീകരിച്ചു. 30എന്നാൽ യോഹന്നാനാൽ
സ്നാനം ഏല്ക്കാതിരുന്ന പരീശന്മാരും ന്യായ
ശാസ്ത്രപണ്ഡിതരും തങ്ങൾക്കായുള്ള ദൈവ
ത്തിന്റെ ആലോചന തള്ളിക്കളഞ്ഞിരുന്നു.

31യേശു തുടർന്നുപറഞ്ഞു: "ഈ
തലമുറയിലെ ജനങ്ങളെ ഇനി ഞാൻ
എന്തിനോടാണ് ഉപമിക്കേണ്ടത്? അവർ
എന്തിനോട് സദൃശർ?

32 'ഞങ്ങൾ നിങ്ങൾക്കായി കുഴലൂതി;
നിങ്ങളോ നൃത്തം ചെയ്തില്ല.
ഞങ്ങൾ വിലാപഗീതം പാടി;
നിങ്ങൾ വിലപിച്ചില്ല'

എന്നു ചന്തസ്ഥലത്തിരുന്ന് അന്യോന്യം
വിളിച്ചു പറയുന്ന കുട്ടികൾക്ക് അവർ
തുല്യരാണ്.

33 "അപ്പം തിന്നാത്തവനും വീഞ്ഞു
കുടിക്കാത്തവനുമായി വന്ന യോഹന്നാൻസ്നാ
പകനെക്കുറിച്ച് നിങ്ങൾ, 'അവന് ഭൂതമുണ്ട്'
എന്നു പറയുന്നു. 34മനുഷ്യപുത്രൻ
തിന്നുകുടിക്കുന്നവനായി വന്നു; അപ്പോൾ
നിങ്ങൾ, 'ഇതാ, തിന്നിയും കുടിയനുമായ
ഒരുവൻ, ചുങ്കക്കാരുടെയും 'പാപികളുടെയും'
സ്നേഹിതൻ' എന്നു പറയുന്നു. 35ജ്ഞാനമാ
കട്ടെ, തന്റെ എല്ലാ സന്താനങ്ങളാലും ശരി
യെന്നു തെളിയിക്കപ്പെട്ടിരിക്കുന്നു."

*പാപിയായ ഒരു സ്ത്രീ യേശുവിനെ*
*അഭിഷേകം ചെയ്യുന്നു*

36പരീശന്മാരിൽ ഒരുവൻ തന്നോടൊത്തു
ഭക്ഷണം കഴിപ്പാൻ യേശുവിനെ ക്ഷണിച്ചു.
അദ്ദേഹം പരീശന്റെ വീട്ടിൽ ചെന്നു ഭക്ഷണ
ത്തിന് ഇരുന്നു. 37യേശു പരീശന്റെ ഭവന
ത്തിൽ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുന്നു
എന്നു കേട്ട്, ആ പട്ടണത്തിൽ പാപജീവിതം
നയിച്ചിരുന്ന ഒരു സ്ത്രീ ഒരു വെൺകൽഭരണി
പരിമളതൈലം കൊണ്ടുവന്നു; 38അദ്ദേഹ
ത്തിന്റെ പിന്നിൽ, കാല്ക്കൽ കരഞ്ഞുകൊണ്ടു
നിന്നു, കണ്ണുനീരുകൊണ്ട് അദ്ദേഹത്തിന്റെ
പാദങ്ങൾ നനച്ചു തുടങ്ങി. പിന്നെ അവൾ
പാദങ്ങൾ തലമുടികൊണ്ടു തുടച്ചു കാൽ
ചുംബിക്കുകയും അവയിൽ തൈലം പൂശുകയും
ചെയ്തു.

39അദ്ദേഹത്തെ ക്ഷണിച്ച പരീശൻ ഇതു
കണ്ടിട്ട്: "ഈ മനുഷ്യൻ ഒരു പ്രവാചകൻ
ആയിരുന്നുവെങ്കിൽ ആരാണു തന്നെ

[a] 27 മലാഖി 3: 1

തൊടുന്നതെന്നും അവൾ ഏതു തരത്തിലുള്ള
സ്ത്രീയാണെന്നും അറിയുമായിരുന്നു. അവൾ
ഒരു പാപിനിയാണല്ലോ.'' എന്നു തന്നോടു
തന്നേ പറഞ്ഞു.

40 യേശു അവനോട്: ''ശിമോനേ, എനിക്കു
നിന്നോട് ഒരു കാര്യം പറയാനുണ്ട്'' എന്ന്
ഉത്തരം പറഞ്ഞു.

''ഗുരോ, പറഞ്ഞാലും'' അവൻ പറഞ്ഞു.

41''പണം വായ്പ കൊടുക്കുന്ന ഒരു മനുഷ്യ
നോട് കടമെട്ട രണ്ടുപേർ ഉണ്ടായിരുന്നു.
ഒരുവൻ അഞ്ഞൂറു ദിനാറും[a] മറ്റവൻ അമ്പതു
മാണ് കൊടുക്കേണ്ടിയിരുന്നത്. 42തിരികെ
കൊടുക്കുവാനുള്ള പണം അവരുടെ പക്കൽ
ഉണ്ടായിരുന്നില്ല, അതുകൊണ്ട് അവരുടെ
രണ്ടുപേരുടെയും കടം അയാൾ ഇളച്ചു കൊടു
ത്തു. ആകട്ടെ, അവരിൽ ആരാണ് അയാളെ
കൂടുതൽ സ്നേഹിക്കുക?''

43 ''കൂടുതൽ ഇളച്ചുകിട്ടിയവൻ എന്നു ഞാൻ
വിചാരിക്കുന്നു.'' ശിമോൻ ഉത്തരം പറഞ്ഞു.

''നിന്റെ വിധി ശരിതന്നേ'' -യേശു പറഞ്ഞു.

44 പിന്നെ അദ്ദേഹം സ്ത്രീയുടെ നേർക്കു
തിരിഞ്ഞിട്ടു ശിമോനോടു പറഞ്ഞു: ''നീ ഈ
സ്ത്രീയെ കാണുന്നുവോ? ഞാൻ നിന്റെ
വീട്ടിൽ വന്നു; നീ എന്റെ കാലിനു വെള്ളം
തന്നില്ല. എന്നാൽ ഇവൾ കണ്ണുനീരുകൊണ്ട്
എന്റെ പാദങ്ങൾ നനച്ച് തലമുടികൊണ്ടു
തുടച്ചു. 45നീ എനിക്കു ചുംബനം തന്നില്ല;
എന്നാൽ ഈ സ്ത്രീ ഞാൻ അകത്തു കടന്നതു
മുതൽ എന്റെ പാദങ്ങൾ ചുംബിച്ചുകൊണ്ടേ
യിരിക്കുന്നു. 46 നീ എന്റെ തലയിൽ തൈലം
പൂശിയില്ല; എന്നാൽ ഇവൾ എന്റെ പാദ
ങ്ങളിൽ സുഗന്ധതൈലം ഒഴിച്ചിരിക്കുന്നു.
47ആകയാൽ ഞാൻ നിന്നോടു പറയുന്നു:
ഇവളുടെ അനവധിയായ പാപങ്ങൾ ക്ഷമിച്ചു
കിട്ടിയിരിക്കുന്നു. ഇവൾ ഏറെ സ്നേഹിച്ചു
വല്ലോ; അല്പം ക്ഷമിച്ചു കിട്ടിയവൻ അല്പം
സ്നേഹിക്കുന്നു.''

48 പിന്നെ യേശു അവളോട്: ''നിന്റെ
പാപങ്ങൾ ക്ഷമിച്ചിരിക്കുന്നു'' എന്നു പറഞ്ഞു.

49 അപ്പോൾ വിരുന്നിലെ മറ്റ് അതിഥികൾ
പറഞ്ഞു തുടങ്ങി: ''പാപങ്ങൾ ക്ഷമിക്കുകകൂടി
ചെയ്യുന്ന ഇദ്ദേഹം ആര്?''

യേശു ആ സ്ത്രീയോട്: ''നിന്റെ വിശ്വാസം
നിന്നെ രക്ഷിച്ചിരിക്കുന്നു; സമാധാനത്തോടെ
പോകുക'' എന്നു പറഞ്ഞു.

*വിതയ്ക്കുന്നവന്റെ ഉപമ*

8 ഇതുകഴിഞ്ഞ് യേശു പട്ടണങ്ങളിലും
ഗ്രാമങ്ങളിലും പ്രസംഗിക്കുകയും ദൈവ
രാജ്യത്തിന്റെ സുവിശേഷം അറിയിക്കുകയും
ചെയ്തുകൊണ്ടു പന്തിരുവരോടൊപ്പം
സഞ്ചരിച്ചു. 2ദുരാത്മാക്കളിൽ നിന്നും രോഗ
ങ്ങളിൽ നിന്നും സൗഖ്യം പ്രാപിച്ച ചില
സ്ത്രീകളും അവരോടുകൂടെ ഉണ്ടായിരുന്നു.
അവരിൽ മഗ്ദലക്കാരി എന്നു വിളിച്ചിരുന്നവളും
ഏഴു ഭൂതങ്ങൾ വിട്ടുപോയവളുമായ മറിയയും,
3ഹെരോദാവിന്റെ കുടുംബകാര്യവിചാ
രകനായിരുന്ന കൂസയുടെ ഭാര്യ യോഹന്നയും
സൂസന്നയും മറ്റു പലരും ഉൾപ്പെട്ടിരുന്നു. ഈ
സ്ത്രീകൾ തങ്ങളുടെ സമ്പാദ്യംകൊണ്ട് അവരെ
സഹായിച്ചു കൊണ്ടിരുന്നു.

4 വലിയൊരു ജനസമൂഹം വന്നുകൂടുകയും
ഓരോ പട്ടണത്തിൽനിന്നും ജനങ്ങൾ
യേശുവിന്റെ അടുത്തേക്കു വന്നുകൊണ്ടിരി
ക്കുകയും ചെയ്തപ്പോൾ അദ്ദേഹം ഈ ഉപമ
പറഞ്ഞു: 5''ഒരു കൃഷിക്കാരൻ വിത്തുവിത
യ്ക്കുവാൻ പുറപ്പെട്ടു. അവൻ വിതച്ചു
കൊണ്ടിരിക്കുമ്പോൾ ചിലതു വഴിയരികിൽ
വീണു; അതു ചവിട്ടിപ്പോകയും ആകാശ
ത്തിലെ പക്ഷികൾ അതു തിന്നുകളയുകയും
ചെയ്തു. 6ചിലതു പാറപ്പുറത്തു വീണു, മുളച്ചു;
നനവില്ലായ്കയാൽ ഉണങ്ങിപ്പോയി. 7 വേറേ
ചിലതു മുള്ളുകൾക്കിടയിൽ വീണു; മുള്ളുകളും
അതിനോടുകൂടെ വളർന്ന് അതിനെ
ഞെരുക്കിക്കളഞ്ഞു. 8 മറ്റു ചിലത് നല്ല മണ്ണിൽ
വീണു; അത് വളർന്ന്, വിതച്ചതിന്റെ നൂറുമേനി
വിളവു നല്കി.''

ഇതു പറഞ്ഞതിനുശേഷം അദ്ദേഹം,
''കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ''
എന്നു വിളിച്ചു പറഞ്ഞു.

9ശിഷ്യന്മാർ ഈ ഉപമയുടെ അർത്ഥം
എന്തെന്ന് അദ്ദേഹത്തോടു ചോദിച്ചു. 10അതിന്
അദ്ദേഹം പറഞ്ഞു: ''ദൈവരാജ്യത്തിന്റെ
രഹസ്യങ്ങളെ സംബന്ധിച്ചുള്ള അറിവ്
നിങ്ങൾക്കു നല്കപ്പെട്ടിരിക്കുന്നു; എന്നാൽ
മറ്റുള്ളവരോട്,

'അവർ കണ്ടിട്ടും കാണാതിരിപ്പാനും
കേട്ടിട്ടും ഗ്രഹിക്കാതിരിപ്പാനുമായി'[b]
ഉപമകളിലൂടെയത്രേ സംസാരിക്കുന്നത്.

11''ഉപമയുടെ അർത്ഥം ഇതാണ്: വിത്ത്
ദൈവവചനം. 12വഴിയരികെയുള്ളവർ കേൾ
ക്കുന്നവർ എങ്കിലും പിശാചു വന്ന് അവരുടെ
ഹൃദയങ്ങളിൽനിന്നു വചനം എടുത്തു
കളയുന്നു. അങ്ങനെ അവർക്കു വിശ്വസി
ക്കാനോ രക്ഷിക്കപ്പെടുവാനോ കഴിയുന്നില്ല.
13പാറമേൽ ഉള്ളവരോ വചനം കേൾക്കുമ്പോൾ
അതു സന്തോഷത്തോടെ സ്വീകരിക്കുന്ന
വരാണ്. എന്നാൽ അവർക്കു വേരില്ല. അവർ
അല്പസമയത്തേക്കു വിശ്വസിക്കുന്നു;
എന്നാൽ പരീക്ഷാകാലത്തു വീണുപോകുന്നു.

[a] 41 ഒരു ദിനാർ ഒരു ദിവസത്തെ കൂലിക്കു തുല്യമായ നാണയമാണ്. [b] 10 യെശയ്യാവ് 6: 9

14മുള്ളിനിടയിൽ വീണ വിത്ത്, കേൾ
ക്കുന്നവരെങ്കിലും ജീവിതത്തിൽ മുന്നോട്ടു
പോകുമ്പോൾ ചിന്താകുലങ്ങളാലും ധന
ത്താലും സുഖഭോഗങ്ങളാലും ഞെരുങ്ങി ഫല
പ്രാപ്തിയില്ലാതെ പോകുന്നവരെ കുറിക്കുന്നു.
15 നല്ല മണ്ണിലെ വിത്താകട്ടെ, ഉത്തമവും നിർ
മ്മലവുമായ ഹൃദയമുള്ളവരെ കാണിക്കുന്നു.
അവർ വചനം കേൾക്കുന്നു; അതു സംഗ്ര
ഹിച്ചുവയ്ക്കുന്നു; സഹിഷ്ണുതയോടെ ഫലം
പുറപ്പെടുവിക്കുകയും ചെയ്യുന്നു.

*തണ്ടിന്മേലുള്ള വിളക്ക്*

16ആരും വിളക്കു കത്തിച്ചു പാത്രം കൊണ്ടു
മൂടുകയോ കട്ടിലിനു കീഴിൽ വയ്ക്കുകയോ
ചെയ്യുന്നില്ല; പിന്നെയോ അകത്തുവരുന്ന
വർക്കു വെളിച്ചം കാണേണ്ടതിനു തണ്ടിന്മേ
ലത്രേ വയ്ക്കുന്നത്. 17വെളിപ്പെടാതെ മറഞ്ഞി
രിക്കുന്നതൊന്നുമില്ല. അറിയപ്പെടാതെയും
വെളിച്ചത്തു കൊണ്ടുവരാതെയും രഹസ്യമായി
വച്ചിരിക്കുന്നതും ഒന്നുമില്ല. 18ആകയാൽ
നിങ്ങൾ എങ്ങനെ കേൾക്കുന്നുവെന്നു ശ്രദ്ധി
വിൻ. 18ഉള്ളവനോ കൊടുക്കും; ഇല്ലാത്തവ
നിൽനിന്നോ ഉണ്ടെന്നു തോന്നുന്നതുകൂടി
എടുത്തുകളയും.''

*യേശുവിന്റെ അമ്മയും സഹോദരന്മാരും*

19യേശുവിന്റെ അമ്മയും സഹോദരന്മാരും
അദ്ദേഹത്തെ കാണുവാൻ വന്നു. എന്നാൽ
ജനക്കൂട്ടം നിമിത്തം അദ്ദേഹത്തിന്റെ അടു
ത്തെത്തുവാൻ കഴിഞ്ഞില്ല. 20ചിലർ അദ്ദേഹ
ത്തോട്, ''അങ്ങയുടെ അമ്മയും സഹോദര
ന്മാരും അങ്ങയെ കാണാൻ ആഗ്രഹിച്ചു പുറത്തു
നില്ക്കുന്നു'' എന്നു പറഞ്ഞു.
21അതിന് യേശു: ''ദൈവത്തിന്റെ വചനം
കേൾക്കുകയും പ്രമാണിക്കുകയും ചെയ്യുന്നവ
രത്രേ എന്റെ അമ്മയും സഹോദരന്മാരും''
എന്ന് ഉത്തരം പറഞ്ഞു.

*യേശു കൊടുങ്കാറ്റിനെ ശമിപ്പിക്കുന്നു*

22 ഒരു ദിവസം യേശു ശിഷ്യന്മാരോടൊപ്പം
ഒരു വഞ്ചിയിൽ കയറി, ''നമുക്കു തടാക
ത്തിന്റെ മറുകരയിലേയ്ക്കു പോകാം'' എന്നു
പറഞ്ഞ് യാത്ര പുറപ്പെട്ടു. 23അവർ യാത്ര
ചെയ്യുമ്പോൾ അദ്ദേഹം ഉറങ്ങിപ്പോയി.
അപ്പോൾ തടാകത്തിൽ ഒരു ചുഴലിക്കാറ്റ്
ഉണ്ടായി. വഞ്ചിയിൽ വെള്ളംനിറഞ്ഞ് അവർ
വലിയ അപകടത്തിലായി.
24ശിഷ്യന്മാർ ചെന്ന് അദ്ദേഹത്തെ
ഉണർത്തിക്കൊണ്ട്, ''നാഥാ, നാഥാ, ഞങ്ങൾ
നശിക്കാൻ പോകുകയാണ്'' എന്നു പറഞ്ഞു.
അദ്ദേഹം എഴുന്നേറ്റ് കാറ്റിനെയും വെള്ള
ത്തിന്റെ ക്ഷോഭത്തെയും ശാസിച്ചു.
കൊടുങ്കാറ്റ് അമർന്നു; എല്ലാം ശാന്തമായി.
25അദ്ദേഹം ശിഷ്യന്മാരോട്: ''നിങ്ങളുടെ
വിശ്വാസം എവിടെ?'' എന്നു ചോദിച്ചു.
അവർ ഭയത്തോടും വിസ്മയത്തോടുംകൂടെ,
''ഇദ്ദേഹം ആര്? കാറ്റിനോടും കടലി
നോടുംപോലും ഇദ്ദേഹം കല്പിക്കുകയും അവ
ഇദ്ദേഹത്തെ അനുസരിക്കുകയും ചെയ്യുന്നു''
എന്നു തമ്മിൽത്തമ്മിൽ പറഞ്ഞു.

*ഭൂതബാധിതനായ ഒരു*
*മനുഷ്യനെ സൗഖ്യമാക്കുന്നത്*

26 അവർ തടാകത്തിനക്കരെ ഗലീലയുടെ
എതിരെയുള്ള ഗരസേന്യ[a] ദേശത്തു വന്നെ
ത്തി. 27യേശു കരയ്ക്കിറങ്ങിയപ്പോൾ പട്ടണ
ത്തിൽനിന്ന് ഒരു ഭൂതബാധിതൻ വന്ന്
അദ്ദേഹത്തെ അഭിമുഖീകരിച്ചു. ഈ മനുഷ്യൻ
ഏറെക്കാലമായിട്ട് വസ്ത്രം ധരിക്കുകയോ
വീട്ടിൽ പാർക്കുകയോ ചെയ്യാതെ ശവക്കല്ലറ
കളിൽ താമസിച്ചിരുന്നു. 28 അവൻ യേശുവിനെ
കണ്ടിട്ട് നിലവിളിച്ചുകൊണ്ട് അദ്ദേഹത്തിന്റെ
കാല്ക്കൽ വീണു. ''യേശുവേ, അത്യുന്നതനായ
ദൈവത്തിന്റെ പുത്രാ, എന്നോട് അങ്ങേയ്ക്ക്
എന്തു കാര്യം? എന്നെ പീഡിപ്പിക്കരുതേ എന്നു
ഞാൻ അങ്ങയോട് അപേക്ഷിക്കുന്നു'' എന്ന്
അവൻ അത്യുച്ചത്തിൽ വിളിച്ചു പറഞ്ഞു.
29യേശു ആ ദുരാത്മാവിനോട് ആ മനുഷ്യനിൽ
നിന്ന് പുറത്തു പോകുവാൻ കല്പിച്ചിരുന്നു.
അത് അവനെ പലപ്പോഴും പിടികൂടിയിരുന്നു.
കൈകാലുകൾ ചങ്ങലയിട്ടു ബന്ധിച്ച് കാവ
ലിൽ സൂക്ഷിച്ചിരുന്നിട്ടും അവൻ ചങ്ങലകൾ
പൊട്ടിക്കുകയും ഭൂതം അവനെ ഏകാന്ത
സ്ഥലങ്ങളിലേക്ക് ഓടിക്കുകയും ചെയ്തി
രുന്നു.
30 ''നിന്റെ പേരെന്ത്?'' യേശു അവനോടു
ചോദിച്ചു.
അനേകം ഭൂതങ്ങൾ അവനിൽ കടന്നു
കൂടിയിരുന്നതുകൊണ്ട് ''ലെഗ്യോൻ'' എന്ന്
അവൻ ഉത്തരം പറഞ്ഞു.
31"പാതാളത്തിലേക്കു പോകുവാൻ തങ്ങ
ളോട് ആജ്ഞാപിക്കരുതേ" എന്ന് അവ
അദ്ദേഹത്തോട് അപേക്ഷിച്ചു.
32അവിടെ കുന്നിൻചരിവിൽ വലിയൊരു
പന്നിക്കൂട്ടം മേഞ്ഞുകൊണ്ടിരുന്നു. അവയി
ലേയ്ക്കു കടക്കുവാൻ തങ്ങളെ അനുവദി
ക്കണമെന്നു ഭൂതങ്ങൾ യേശുവിനോട്
അപേക്ഷിച്ചു. അദ്ദേഹം അവയ്ക്ക് അനുവാദം
നല്കി. 33 ഭൂതങ്ങൾ ആ മനുഷ്യനിൽ നിന്നു
പുറത്തുകടന്ന് പന്നികളിൽ പ്രവേശിച്ചു: ആ

[a] 26 ചില കയ്യെഴുത്തുപ്രതികളിൽ *ഗദരേന്യ*, മറ്റു ചിലതിൽ *ഗർഗ്ഗസേന്യ*. 37-ാം വാക്യവും കാണുക.

കൂട്ടം കടുംതൂക്കായ തീരത്തുകൂടെ തടാക
ത്തിലേക്കു പാഞ്ഞു മുങ്ങിച്ചത്തു.
34പന്നികളെ മേയ്ക്കുന്നവർ സംഭവിച്ചതു
കണ്ടിട്ട് ഓടിപ്പോയി പട്ടണത്തിലും നാട്ടിൻ
പുറത്തും വിവരം അറിയിച്ചു. 35എന്താണു
സംഭവിച്ചതെന്നു കാണുവാൻ ജനങ്ങൾ
പുറപ്പെട്ടു. അവർ യേശുവിൻെറ അടുത്തെ
ത്തിയപ്പോൾ, ഭൂതങ്ങൾ വിട്ടുപോയ മനുഷ്യൻ
വസ്ത്രം ധരിച്ചു സുബോധമുള്ളവനായി
യേശുവിൻെറ കാല്ക്കൽ ഇരിക്കുന്നതുകണ്ട്
ഭയപ്പെട്ടു. 36ഭൂതബാധിതനു സൗഖ്യം ലഭിച്ച
തെങ്ങനെയെന്ന് അതു കണ്ടവർ ജനങ്ങളോട്
അറിയിച്ചു. 37ഗെരസേന്യ ദേശത്തെ ജനങ്ങൾ
എല്ലാവരും ഭയപരവശരായിരുന്നതുകൊണ്ട്
തങ്ങളെ വിട്ടുപോകണമെന്ന് അവർ യേശു
വിനോട് ആവശ്യപ്പെട്ടു. അങ്ങനെ അദ്ദേഹം
വഞ്ചിയിൽ കയറി അവിടം വിട്ടുപോയി.
38ഭൂതങ്ങൾ വിട്ടുപോയ മനുഷ്യൻ
അദ്ദേഹത്തോടുകൂടെ പോകുവാൻ അനുവാദം
ചോദിച്ചു. എന്നാൽ യേശു അവനോട്:
39"വീട്ടിലേക്കു മടങ്ങിച്ചെന്നു ദൈവം നിനക്കു
വേണ്ടി ചെയ്തതെല്ലാം അറിയിക്കുക" എന്നു
പറഞ്ഞ് അവനെ യാത്രയാക്കി. അവൻ പോയി
യേശു തനിക്കു ചെയ്തതെല്ലാം പട്ടണത്തി
ലെങ്ങും അറിയിച്ചു.

*മരിച്ച പെൺകുട്ടിയും രോഗിയായ സ്ത്രീയും*

40യേശു തിരിച്ചെത്തിയപ്പോൾ ഒരു ജന
സമൂഹം അദ്ദേഹത്തെ സ്വാഗതം ചെയ്തു.
അവരെല്ലാവരും അദ്ദേഹത്തെ കാത്തിരിക്കു
കയായിരുന്നു. 41അപ്പോൾ പള്ളിപ്രമാണിയായ
യായീറോസ് എന്നു പേരുള്ള ഒരു മനുഷ്യൻ
വന്ന് യേശുവിൻെറ കാല്ക്കൽ വീണ് തൻെറ
വീട്ടിലേക്കു വരുവാൻ അദ്ദേഹത്തോടു
കേണപേക്ഷിച്ചു. 42അയാളുടെ ഏകപുത്രി,
ഏകദേശം പന്ത്രണ്ടു വയസ്സായ പെൺകുട്ടി,
മരിക്കാറായി കിടക്കുകയായിരുന്നു.
യേശു അവിടേക്കു പോകുമ്പോൾ ജനക്കൂട്ടം
അദ്ദേഹത്തെ തിക്കിക്കൊണ്ടിരുന്നു. 43പന്ത്ര
ണ്ടുവർഷമായി രക്തസ്രവത്താൽ പീഡിത
യായ ഒരു സ്ത്രീ അവിടെ ഉണ്ടായിരുന്നു. തൻെറ
സമ്പാദ്യമെല്ലാം വൈദ്യന്മാർക്കു കൊടു
ത്തിട്ടും, അവളെ സൗഖ്യമാക്കുവാൻ ആർക്കും
കഴിഞ്ഞിരുന്നില്ല. 44അവൾ അദ്ദേഹത്തിൻെറ
പിന്നിലെത്തി, അങ്കിയുടെ വിളുമ്പിൽ തൊട്ടു;
ഉടനെ അവളുടെ രക്തസ്രവം നിന്നു.
45 "എന്നെ തൊട്ടത് ആര്?" യേശു ചോദിച്ചു.
എല്ലാവരും അതു നിഷേധിച്ചപ്പോൾ പത്രൊസ്:
"നാഥാ, ജനങ്ങൾ അങ്ങയുടെ ചുറ്റും തിക്കി
ത്തിരക്കുന്നുവല്ലോ." എന്നു പറഞ്ഞു.
46 എന്നാൽ യേശു: "ആരോ ഒരാൾ എന്നെ
തൊട്ടു; എന്നിൽനിന്നു ശക്തി പുറപ്പെട്ടതു
ഞാൻ അറിയുന്നു" എന്നു പറഞ്ഞു.
47മറഞ്ഞുകളയാൻ സാധ്യമല്ല എന്നു കണ്ടിട്ട്
ആ സ്ത്രീ വിറച്ചുകൊണ്ടുവന്ന് അദ്ദേ
ഹത്തിൻെറ മുമ്പിൽ വീണു. താൻ അദ്ദേഹത്തെ
തൊട്ടതെന്തിനെന്നും തനിക്കു തൽക്ഷണം
സൗഖ്യം ലഭിച്ചതെങ്ങനെയെന്നും അവൾ
സകലരും കേൾക്കെ അറിയിച്ചു.
48അദ്ദേഹം അവളോട്: "മകളേ, നിൻെറ വി
ശ്വാസം നിന്നെ സുഖപ്പെടുത്തിയിരിക്കുന്നു,
സമാധാനത്തോടെ പോകുക" എന്നുപറഞ്ഞു.
49അദ്ദേഹം സംസാരിച്ചുകൊണ്ടിരുന്നപ്പോൾ
പള്ളിപ്രമാണിയായ യായീറോസിൻെറ വീട്ടിൽ
നിന്ന് ഒരാൾ വന്ന്, "താങ്കളുടെ മകൾ
മരിച്ചുപോയി, ഗുരുവിനെ ഇനി പ്രയാസപ്പെടു
ത്തേണ്ടാ" എന്നു പറഞ്ഞു.
50 ഇതു കേട്ടിട്ട് യേശു യായീറോസിനോട്,
"ഭയപ്പെടേണ്ടാ; വിശ്വസിക്കുകമാത്രം ചെയ്യുക.
അവൾ സൗഖ്യം പ്രാപിക്കും" എന്നു പറഞ്ഞു.
51യായീറോസിൻെറ ഭവനത്തിൽ എത്തിയ
പ്പോൾ അദ്ദേഹം പത്രൊസ്, യോഹന്നാൻ,
യാക്കോബ് എന്നിവരെയും കുട്ടിയുടെ
അപ്പനെയും അമ്മയെയും ഒഴികെ മറ്റാരെയും
തന്നോടുകൂടെ അകത്തുകടക്കാൻ അനുവ
ദിച്ചില്ല. 52എല്ലാവരും അവളെച്ചൊല്ലി
കരയുകയും വിലപിക്കുകയും ആയിരുന്നു.
"കരയേണ്ട," യേശു പറഞ്ഞു, "അവൾ
മരിച്ചിട്ടില്ല, ഉറങ്ങുന്നതേയുള്ളൂ."
53അവൾ മരിച്ചുപോയി എന്ന് അറിഞ്ഞി
രുന്നതിനാൽ അവർ അദ്ദേഹത്തെ പരിഹ
സിച്ചു. 54എന്നാൽ അദ്ദേഹം അവളുടെ
കൈയ്ക്കു പിടിച്ച്: "കുഞ്ഞേ, എഴുന്നേല്ക്കൂ"
എന്നു പറഞ്ഞു. 55അവളുടെ ആത്മാവ് മടങ്ങി
വന്നു. അവൾ അപ്പോൾത്തന്നെ എഴുന്നേറ്റു.
അവൾക്ക് എന്തെങ്കിലും ഭക്ഷിപ്പാൻ കൊടുക്കു
വാൻ യേശു നിർദ്ദേശിച്ചു. 56 അവളുടെ മാതാ
പിതാക്കൾ ആശ്ചര്യപ്പെട്ടു. സംഭവിച്ചത്
എന്തെന്ന് ആരോടും പറയരുതെന്ന് അദ്ദേഹം
അവരോട് ആജ്ഞാപിച്ചു.

*യേശു പന്തിരുവരെ അയയ്ക്കുന്നു*

9 യേശു പന്തിരുവരെ വിളിച്ചുകൂട്ടി ഭൂത
ങ്ങളെ പുറത്താക്കുവാനും രോഗങ്ങൾ
സൗഖ്യമാക്കുവാനും അവർക്കു ശക്തിയും
അധികാരവും കൊടുത്തു. 2പിന്നെ ദൈവരാജ്യം
പ്രസംഗിക്കുവാനും രോഗികളെ സൗഖ്യ
മാക്കുവാനും അവരെ പറഞ്ഞയച്ചു. 3അദ്ദേഹം
അവരോടു പറഞ്ഞു: "യാത്രയ്ക്കു വടിയോ
സഞ്ചിയോ ആഹാരമോ പണമോ ഒന്നിലധികം
വസ്ത്രമോ എടുക്കരുത്. 4നിങ്ങൾ ഏതെങ്കിലും
വീട്ടിൽ ചെന്നാൽ പട്ടണം വിട്ടുപോകുന്നതുവ

രെ ആ വീട്ടിൽ താമസിക്കുവിൻ. 5ജനങ്ങൾ
നിങ്ങളെ സ്വാഗതം ചെയ്യുന്നില്ലെങ്കിൽ
അവരുടെ പട്ടണം വിട്ടുപോകുമ്പോൾ,
അവർക്കെതിരേ സാക്ഷ്യത്തിനായി നിങ്ങളുടെ
കാലിലെ പൊടി തട്ടിക്കളയുവിൻ. 6അങ്ങനെ
അവർ പുറപ്പെട്ട് സുവിശേഷം അറിയിച്ചും എല്ലാ
യിടത്തുമുള്ള ജനങ്ങളെ സൗഖ്യമാക്കിയും
കൊണ്ടു ഗ്രാമംതോറും സഞ്ചരിച്ചു.

7സംഭവിച്ചുകൊണ്ടിരുന്നതെല്ലാം നാടുവാഴി
യായ ഹെരോദാവു കേട്ടു. യോഹന്നാൻ
മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കപ്പെട്ടിരിക്കു
ന്നുവെന്നു ചിലരും 8ഏലിയാവു പ്രത്യക്ഷ
നായിരിക്കുന്നുവെന്നു മറ്റുചിലരും പണ്ടത്തെ
പ്രവാചകന്മാരിൽ ഒരാൾ ജീവിച്ചെഴുന്നേറ്റിരി
ക്കുന്നുവെന്നു വേറേ ചിലരും പറഞ്ഞു
കൊണ്ടിരുന്നതിനാൽ ഹെരോദാവു പരിഭ്രാന്ത
നായി. 9''യോഹന്നാനെ ഞാൻ ശിരച്ഛേദം
ചെയ്തു. പിന്നെ ഈവിധ കാര്യങ്ങൾ പറഞ്ഞു
കേൾക്കുന്ന ഇവൻ ആര്?'' എന്ന് അദ്ദേഹം
പറഞ്ഞു; യേശുവിനെ കാണാൻ അദ്ദേഹം
ശ്രമിച്ചു.

*യേശു അയ്യായിരംപേർക്ക് ആഹാരം*
*നല്കുന്നു*

10അപ്പൊസ്തലന്മാർ മടങ്ങിയെത്തി തങ്ങൾ
ചെയ്തതെല്ലാം യേശുവിനോട് അറിയിച്ചു.
അനന്തരം അദ്ദേഹം അവരെ കൂട്ടിക്കൊണ്ട്
തനിയേ ബേത്ത്സയിദ എന്ന പട്ടണത്തിലേക്കു
പോയി. 11എന്നാൽ ജനങ്ങൾ അതറിഞ്ഞ്
അദ്ദേഹത്തിന്റെ പിന്നാലെ ചെന്നു. അദ്ദേഹം
അവരെ സ്വീകരിച്ച് അവരോടു ദൈവരാജ്യ
ത്തെപ്പറ്റി സംസാരിക്കുകയും രോഗസൗഖ്യം
ആവശ്യമായിരുന്നവരെ സൗഖ്യമാക്കുകയും
ചെയ്തു.

12പകൽ കഴിയാറായപ്പോൾ പന്തിരുവർ
അടുത്തുവന്ന് അദ്ദേഹത്തോടു പറഞ്ഞു: ''നാം
ഇവിടെ ഒരു നിർജ്ജനസ്ഥലത്താണ്;
അതുകൊണ്ട്, ചുറ്റുമുള്ള ഗ്രാമങ്ങളിലും
നാട്ടിൻപുറത്തും ചെന്നു ഭക്ഷണവും താമസ
സൗകര്യവും കണ്ടെത്തുവാൻ ജനക്കൂട്ടത്തെ
പറഞ്ഞയയ്ക്കണം.''

13അതിന് അദ്ദേഹം: ''നിങ്ങൾ അവർക്കു എ
ന്തെങ്കിലും ഭക്ഷിക്കാൻ കൊടുക്കുവിൻ'' എന്ന്
ഉത്തരം പറഞ്ഞു.

''ഞങ്ങളുടെ പക്കൽ അഞ്ച് അപ്പവും രണ്ടു
മീനും മാത്രമേ ഉള്ളൂ. അല്ലെങ്കിൽ പിന്നെ ഈ
ജനക്കൂട്ടത്തിനു മുഴുവൻ വേണ്ടുന്ന ഭക്ഷണം
ഞങ്ങൾ പോയി വാങ്ങണം'' - അവർ മറുപടി
പറഞ്ഞു. 14അവിടെ ഏകദേശം അയ്യായിരം
പുരുഷന്മാർ ഉണ്ടായിരുന്നു.

അദ്ദേഹം ശിഷ്യന്മാരോട്: ''അവരെ
അമ്പതുപേർ വീതം പന്തികളായി ഇരുത്തു
വിൻ'' എന്നു പറഞ്ഞു. 15അവർ അങ്ങനെ
ചെയ്തു; എല്ലാവരെയും ഇരുത്തി. 16 അദ്ദേഹം
ആ അഞ്ച് അപ്പവും രണ്ടു മീനും എടുത്തു
സ്വർഗ്ഗത്തേക്കുനോക്കി സ്തോത്രം ചെയ്തു
നുറുക്കി; പിന്നെ ജനങ്ങൾക്കു വിളമ്പി
ക്കൊടുക്കുവാൻ ശിഷ്യന്മാരെ ഏല്പിച്ചു.
17എല്ലാവരും തിന്നു തൃപ്തരായി; ശേഷിച്ച
നുറുക്കുകൾ ശേഖരിച്ചതു പന്ത്രണ്ടു കുട്ട
ഉണ്ടായിരുന്നു

*ക്രിസ്തുവിനെപ്പറ്റി പത്രൊസിന്റെ*
*ഏറ്റുപറച്ചിൽ*

18ഒരിക്കൽ യേശു തനിച്ചു പ്രാർത്ഥിച്ചു
കൊണ്ടിരുന്നു; ശിഷ്യന്മാർ അദ്ദേഹത്തോടു
കൂടെ ഉണ്ടായിരുന്നു. അദ്ദേഹം അവരോട്,
''ഞാൻ ആരാകുന്നു എന്നാണ് ജനങ്ങൾ
പറയുന്നത്?'' എന്നു ചോദിച്ചു.

19''യോഹന്നാൻസ്നാപകൻ എന്നു ചിലരും
ഏലിയാവ് എന്നു മറ്റുചിലരും പറയുന്നു;
പുരാതനകാലത്തെ പ്രവാചകന്മാരിൽ ഒരുവൻ
ഉയിർത്തെഴുന്നേറ്റുവെന്നു വേറെ ചിലരും
പറയുന്നുണ്ട്.'' അവർ ഉത്തരം പറഞ്ഞു.

20 ''എന്നാൽ നിങ്ങളോ?'' യേശു ചോദിച്ചു,
''ഞാൻ ആരാകുന്നുവെന്നാണ് നിങ്ങൾ
പറയുന്നത്?''

''ദൈവത്തിന്റെ ക്രിസ്തു'' - പത്രൊസ്
മറുപടി പറഞ്ഞു.

21ഇത് ആരോടും പറയരുതെന്ന് യേശു
അവരോടു കർശനമായി കല്പിച്ചു. 22അദ്ദേഹം
പറഞ്ഞു: ''മനുഷ്യപുത്രൻ പലതും സഹി
ക്കണം. മൂപ്പന്മാർ, മുഖ്യപുരോഹിതന്മാർ,
വേദജ്ഞർ എന്നിവരാൽ അവൻ പുറന്തള്ള
പ്പെട്ടു കൊല്ലപ്പെടുകയും മൂന്നാം ദിവസം
ഉയിർത്തെഴുന്നേല്ക്കുകയും വേണം.''

23അനന്തരം അവരെല്ലാവരോടുമായി
അദ്ദേഹം പറഞ്ഞു: ''ഒരുവൻ എന്നെ അനുഗ
മിപ്പാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ
ത്യജിച്ച്, നാൾതോറും തന്റെ ക്രൂശ്
എടുത്തുകൊണ്ട് എന്നെ അനുഗമിക്കണം.
24സ്വന്തം ജീവൻ രക്ഷിപ്പാൻ ഇച്ഛിക്കുന്ന
ഏവനും അതിനെ നഷ്ടമാക്കും; എനിക്കു
വേണ്ടി തന്റെ ജീവൻ നഷ്ടമാക്കുന്നവനോ
അതിനെ രക്ഷിക്കും. 25ഒരുവൻ സർവ്വ
ലോകവും നേടിയിട്ടും തന്നെത്തന്നേ നഷ്ട
മാക്കുകയോ നശിപ്പിക്കുകയോ ചെയ്താൽ
അവന് എന്തു പ്രയോജനം? 26എന്നെയും
എന്റെ വചനങ്ങളെയുംകുറിച്ച് ആരെങ്കിലും
ലജ്ജിക്കുന്നുവെങ്കിൽ മനുഷ്യപുത്രൻ
തന്റെയും പിതാവിന്റെയും വിശുദ്ധദൂത
ന്മാരുടെയും മഹത്ത്വത്തിൽ വരുമ്പോൾ

അവനെക്കുറിച്ചും ലജ്ജിക്കും. 27സത്യമായി
ഞാൻ നിങ്ങളോടു പറയുന്നു: ഇവിടെ നില്ക്കു
ന്നവരിൽ ചിലർ ദൈവരാജ്യം കാണുന്ന
തിനുമുമ്പ് മരണം ആസ്വദിക്കുകയില്ല.

*രൂപാന്തരം*

28 ഇതു പറഞ്ഞിട്ട് ഏകദേശം എട്ടുദിവസം
കഴിഞ്ഞ് യേശു പത്രോസിനെയും യോഹ
ന്നാനെയും യാക്കോബിനെയും കൂട്ടിക്കൊണ്ടു
പ്രാർത്ഥിപ്പാൻ ഒരു മലയിലേക്കു കയറിപ്പോയി.
29പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ അദ്ദേഹ
ത്തിൻെറ മുഖഭാവം മാറി; വസ്ത്രം തിളങ്ങുന്ന
വെൺമയായി. 30രണ്ടു പുരുഷന്മാർ, മോശെയും
ഏലിയാവും തന്നേ, 31യേശുവിനോടു
സംസാരിച്ചുകൊണ്ടു തേജസ്സോടെ പ്രത്യക്ഷ
രായി. അദ്ദേഹം യെരൂശലേമിൽ നിറവേറ്റാനിരു
ന്ന തൻെറ നിര്യാണത്തെക്കുറിച്ച് അവർ
സംസാരിച്ചു. 32പത്രോസും അയാളുടെ കൂടെയു
ള്ളവരും ഉറക്കം തൂങ്ങുകയായിരുന്നു. എന്നാൽ
ഉണർന്നപ്പോൾ അവർ അദ്ദേഹത്തിൻെറ
തേജസ്സും അദ്ദേഹത്തോടുകൂടെ നിന്നിരുന്ന
രണ്ടുപേരെയും കണ്ടു. 33 അവർ യേശുവിനെ
വിട്ടുപോകുമ്പോൾ പത്രോസ് അദ്ദേഹത്തോട്,
''നാഥാ, നാം ഇവിടെ ആയിരിക്കുന്നത് നല്ലത്.
നമുക്ക് ഇവിടെ മൂന്നു കുടിലുകൾ ഉണ്ടാക്കാം.
ഒന്ന് അങ്ങേയ്ക്കുവേണ്ടി, ഒന്ന് മോശെയ്ക്ക്,
പിന്നെ ഒന്ന് ഏലിയാവിനും'' എന്നു പറഞ്ഞു.
(താൻ പറയുന്നത് എന്താണെന്ന് അയാൾ
തന്നേ അറിഞ്ഞില്ല.)
34അയാൾ ഇതു പറഞ്ഞുകൊണ്ടിരിക്കു
മ്പോൾത്തന്നേ, ഒരു മേഘം വന്ന് അവരെ
വലയം ചെയ്തു. മേഘത്തിൽ ആയപ്പോൾ
അവർ ഭയപ്പെട്ടു. 35മേഘത്തിൽനിന്ന് ഒരു
ശബ്ദം ഉണ്ടായി: ''ഇത് എൻെറ പ്രിയപുത്രൻ,
ഇവനു ചെവി കൊടുക്കുവിൻ.'' 36ആ ശബ്ദം
കേട്ടുകഴിഞ്ഞപ്പോൾ യേശുവിനെമാത്രം അവർ
കണ്ടു. തങ്ങൾ കണ്ടതിനെപ്പറ്റി ശിഷ്യന്മാർ
മൗനം അവലംബിച്ചു. ആ നാളുകളിൽ അവർ
അതു സംബന്ധിച്ച് ആരോടും ഒന്നും പറഞ്ഞില്ല.

*ദുരാത്മാവു ബാധിച്ച ബാലനെ യേശു സൗഖ്യമാക്കുന്നു*

37പിറ്റേ ദിവസം അവർ മലയിൽ നിന്ന് ഇറങ്ങി
വന്നപ്പോൾ വലിയൊരു ജനസമൂഹം
അദ്ദേഹത്തെ എതിരേറ്റു. 38ആ കൂട്ടത്തിൽ
ഉണ്ടായിരുന്ന ഒരു മനുഷ്യൻ നിലവിളിച്ചു
പറഞ്ഞു: ''ഗുരോ, എൻെറ മകനെ കടാക്ഷി
ക്കണമെന്നു ഞാൻ യാചിക്കുന്നു. അവൻ
എനിക്ക് ഏകപുത്രൻ; 39ഒരു ആത്മാവ് അവനെ
പിടിക്കുകയും അവൻ പൊടുന്നനെ നിലവിളി
ക്കുകയും ചെയ്യുന്നു; വായിലൂടെ നുര വമി
ക്കത്തക്കവണ്ണം അത് അവനെ ഞെരുക്കുന്നു.
അത് അവനെ വിട്ടൊഴിയുന്നതുമില്ല. 40അതിനെ
പുറത്താക്കുവാൻ ഞാൻ അങ്ങയുടെ
ശിഷ്യന്മാരോട് അപേക്ഷിച്ചു; എന്നാൽ
അവർക്കു സാധിച്ചില്ല.''
41അതിന് യേശു; ''അവിശ്വാസവും
വക്രതയുമുള്ള തലമുറയേ, ഞാൻ എത്രകാലം
നിങ്ങളോടുകൂടെയിരുന്നുകൊണ്ടു നിങ്ങളെ
വഹിക്കും? നിൻെറ മകനെ ഇങ്ങു കൊണ്ടുവരൂ''
എന്നു പറഞ്ഞു.
42ആ ബാലൻ വരുമ്പോൾത്തന്നേ ഭൂതം
അവനെ തള്ളിയിട്ടു പിടപ്പിച്ചു. യേശു ആ
ദുരാത്മാവിനെ ശാസിച്ചിട്ടു ബാലനെ സൗഖ്യ
മാക്കി പിതാവിനെ ഏല്പിച്ചു. 43എല്ലാവരും
ദൈവത്തിൻെറ മഹത്ത്വത്തിൽ വിസ്മയിച്ചു.
യേശു ചെയ്ത എല്ലാ കാര്യങ്ങളേയും
സംബന്ധിച്ചു എല്ലാവരും വിസ്മയിച്ചുകൊണ്ടി
രിക്കുമ്പോൾ അദ്ദേഹം ശിഷ്യന്മാരോട്: 44''ഈ
വാക്കു നിങ്ങളുടെ ശ്രദ്ധയിൽ ഗാഢമായിപ്പതി
യട്ടെ; മനുഷ്യപുത്രൻ മനുഷ്യരുടെ കൈയിൽ
ഏല്പിക്കപ്പെടുവാൻ പോകുന്നു'' എന്നു
പറഞ്ഞു. 45എന്നാൽ ഇതിൻെറ അർത്ഥം
എന്തെന്ന് അവർ ഗ്രഹിച്ചില്ല; ഗ്രഹിക്കാൻ
കഴിയാത്തവിധം അത് അവരിൽ നിന്ന്
മറയ്ക്കപ്പെട്ടിരുന്നു. അതേപ്പറ്റി അദ്ദേഹത്തോടു
ചോദിക്കുവാനും അവർക്കു ഭയമായിരുന്നു.

*ഏറ്റവും വലിയവൻ ആര്?*

46തങ്ങളിൽ ഏറ്റവും വലിയവനാര് എന്നതി
നെപ്പറ്റി ശിഷ്യന്മാരുടെ ഇടയിൽ ഒരു തർക്കം
ഉണ്ടായി. 47യേശു അവരുടെ ചിന്തകൾ
മനസ്സിലാക്കിയിട്ട് ഒരു ശിശുവിനെ എടുത്ത്
തൻെറ അടുക്കൽ നിറുത്തി; 48പിന്നെ അവ
രോടു പറഞ്ഞു: ''ഈ ശിശുവിനെ എൻെറ
നാമത്തിൽ സ്വീകരിക്കുന്ന ഏതൊരുവനും
എന്നെ സ്വീകരിക്കുന്നു; എന്നെ സ്വീകരിക്കു
ന്നവൻ എന്നെ അയച്ചവനെ സ്വീകരിക്കുന്നു.
നിങ്ങളിലെല്ലാവരിലും ഏറ്റവും ചെറിയവനത്രെ
വലിയവൻ.''
49''നാഥാ, ഒരാൾ അങ്ങയുടെ നാമത്തിൽ
ഭൂതങ്ങളെ പുറത്താക്കുന്നതു ഞങ്ങൾ കണ്ടു.
അയാൾ ഞങ്ങളോടുകൂടെ അങ്ങയെ
അനുഗമിക്കാത്തതുകൊണ്ട് ഞങ്ങാം അയാളെ
വിലക്കി.'' എന്നു യോഹന്നാൻ പറഞ്ഞു.
50 "അയാളെ വിലക്കരുത്" യേശു പറഞ്ഞു,
''നിങ്ങൾക്കു പ്രതികൂലമല്ലാത്തവൻ നിങ്ങൾക്ക്
അനുകൂലമത്രേ.''

*ശമര്യരുടെ എതിർപ്പ്*

51തൻെറ ആരോഹണത്തിനുള്ള സമയം
സമീപിച്ചപ്പോൾ യേശു നിശ്ചയദാർഢ്യ

ത്തോടെ യെരൂശലേമിലേക്കു യാത്രയായി.
52അദ്ദേഹം തനിക്കുമുമ്പായി ദൂതന്മാരെ
അയച്ചു. അവർ അദ്ദേഹത്തിനു വേണ്ടി
ക്രമീകരണങ്ങൾചെയ്യുന്നതിനുശമര്യരുടെഒരു
ഗ്രാമത്തിലേക്കു ചെന്നു. 53എന്നാൽ അദ്ദേഹം
യെരൂശലേമിലേക്കു പോവുകയായിരുന്നതു
കൊണ്ട് അവിടുത്തെ ആളുകൾ അദ്ദേഹത്തെ
സ്വീകരിച്ചില്ല. 54 ഇതു കണ്ടിട്ട്, ശിഷ്യന്മാരായ
യാക്കോബും യോഹന്നാനും, ''കർത്താവേ,
[ഏലിയാവു ചെയ്തതുപോലെ] ആകാശ
ത്തിൽ നിന്നു തീ ഇറക്കി ഇവരെ നശിപ്പിക്കു
വാൻ ഞങ്ങൾ പറയട്ടെയോ?'' എന്നു ചോദിച്ചു.
55എന്നാൽ യേശു തിരിഞ്ഞ് അവരെ ശാസിച്ചു.
എന്നിട്ട് അദ്ദേഹം പറഞ്ഞു: "ഏതുതരം ആത്മാ
വാണ് നിങ്ങൾക്കുള്ളത് എന്ന് നിങ്ങൾ അറി
യുന്നില്ല; കാരണം, മനുഷ്യരുടെ ജീവനെ നശി
പ്പിക്കുവാനല്ല, രക്ഷിക്കുവാനാണ് മനുഷ്യപു
ത്രൻ വന്നത്." 56പിന്നെ അവർ മറ്റൊരു
ഗ്രാമത്തിലേക്കു പോയി.

*യേശുവിനെ അനുഗമിക്കുന്നതിന്റെ വില*

57 അവർ വഴി നടന്നുപോകുമ്പോൾ ഒരു
മനുഷ്യൻ അദ്ദേഹത്തോട്: ''അങ്ങ് എവിടെ
പോയാലും ഞാൻ അങ്ങയെ അനുഗമിക്കാം''
എന്നു പറഞ്ഞു.

58അതിന് യേശു, ''കുറുനരികൾക്കു
മാളങ്ങളും ആകാശത്തിലെ പക്ഷികൾക്കു
കൂടുകളും ഉണ്ട്; മനുഷ്യപുത്രനോ തല
ചായ്ക്കാൻ ഇടമില്ല'' എന്ന് ഉത്തരം പറഞ്ഞു.

59അദ്ദേഹം മറ്റൊരുവനോട്: ''എന്നെ
അനുഗമിക്കുക'' എന്നു പറഞ്ഞു.

എന്നാൽ അയാൾ: "കർത്താവേ, ആദ്യം
പോയി എന്റെ പിതാവിന്റെ ശവസംസ്കാരം
നടത്തുവാൻ എന്നെ അനുവദിച്ചാലും" എന്നു
പറഞ്ഞു.

60 യേശു അവനോട്: "മരിച്ചവർ തങ്ങളുടെ
മരിച്ചവരെ സംസ്കരിക്കട്ടെ; നീയോ പോയി
ദൈവരാജ്യം വിളംബരം ചെയ്യുക" എന്നു
പറഞ്ഞു.

61മറ്റൊരുവൻ പറഞ്ഞു: "കർത്താവേ, ഞാൻ
അങ്ങയെ അനുഗമിക്കാം; എന്നാൽ ഞാൻ
ഒന്നാമത് എന്റെ കുടുംബാംഗങ്ങളോടു യാത്ര
പറയുവാൻ അനുവദിക്കണം'' എന്നു പറഞ്ഞു.

62അതിന് യേശു: "കലപ്പയ്ക്കു കൈ
വച്ചശേഷം പുറകോട്ടു നോക്കുന്നവൻ ആരും
ദൈവരാജ്യത്തിനു കൊള്ളാവുന്നവനല്ല" എന്നു
പറഞ്ഞു.

*യേശു എഴുപതുപേരെ അയയ്ക്കുന്നു*

10 ഇതിനുശേഷം കർത്താവ് വേറേ
എഴുപതുപേരെ നിയമിച്ച്, താൻ
താമസംവിനാ പോകുവാനിരുന്ന ഓരോ പട്ടണ
ത്തിലേക്കും സ്ഥലത്തേക്കും തനിക്കു മുമ്പായി
അവരെ ഈരണ്ടായി അയച്ചു. 2അപ്പോൾ
അദ്ദേഹം ശിഷ്യന്മാരോട്: "കൊയ്ത്തു
വളരെയുണ്ട് സത്യം. വേലക്കാരോ ചുരുക്കം
അതുകൊണ്ട്, കൊയ്ത്തിന്റെ ഉടമസ്ഥനോട്
തന്റെ വിളഭൂമിയിലേക്കു വേലക്കാരെ
അയയ്ക്കുവാൻ അപേക്ഷിപ്പിൻ" എന്നു
പറഞ്ഞു. 3പോകുവിൻ; ചെന്നായ്ക്കളുടെ
ഇടയിൽ കുഞ്ഞാടുകളെ എന്നപോലെ ഞാൻ
നിങ്ങളെ അയയ്ക്കുന്നു. 4മടിശ്ശീലയോ
സഞ്ചിയോ ചെരിപ്പോ എടുക്കരുത്; വഴിയിൽ
ആരെയും അഭിവാദനം ചെയ്യുകയുമരുത്.

5"ഒരു വീട്ടിൽ ചെല്ലുമ്പോൾ 'ഈ ഭവന
ത്തിനു സമാധാനം' എന്ന് ആദ്യം പറയുവിൻ.
6അവിടെ ഒരു സമാധാനപുത്രൻ ഉണ്ടെങ്കിൽ
നിങ്ങളുടെ സമാധാനം അയാളുടെമേൽ
വസിക്കും; ഇല്ലെങ്കിലോ അതു നിങ്ങളിലേക്കു
മടങ്ങും. 7അവർ നിങ്ങൾക്കു തരുന്നതു
ഭക്ഷിച്ചും കുടിച്ചും കൊണ്ട് ആ വീട്ടിൽത്തന്നെ
താമസിക്കുവിൻ; വേലക്കാരൻ തന്റെ കൂലിക്കു
യോഗ്യനല്ലോ. വീടുതോറും മാറി മാറി
താമസിക്കരുത്.

8 ''ഒരു പട്ടണത്തിൽ ചെല്ലുമ്പോൾ നിങ്ങളെ
സ്വാഗതം ചെയ്യുന്നുവെങ്കിൽ നിങ്ങൾക്കു
വിളമ്പിത്തരുന്നതു ഭക്ഷിപ്പിൻ. 9 അവിടെയുള്ള
രോഗികളെ സൗഖ്യമാക്കി, 'ദൈവരാജ്യം
നിങ്ങൾക്കു സമീപസ്ഥമായിരിക്കുന്നു' എന്ന്
അവരോടു പറയുവിൻ. 10എന്നാൽ നിങ്ങൾ ഒരു
പട്ടണത്തിൽ കടന്നിട്ട് അവർ നിങ്ങളെ സ്വാഗതം
ചെയ്യുന്നില്ലെങ്കിൽ അതിന്റെ തെരുവുകളി
ലേക്കുചെന്ന് 11'ഞങ്ങളുടെ പാദങ്ങളിൽ
പറ്റിയിരിക്കുന്ന നിങ്ങളുടെ പട്ടണത്തിലെ
പൊടിപോലും ഞങ്ങൾ ഇതാ നിങ്ങൾക്കെതിരേ
തട്ടിക്കളയുന്നു; എങ്കിലും ദൈവരാജ്യം
സമീപത്തിലാണെന്നു നിങ്ങൾ നിശ്ചയമായി
അറിഞ്ഞുകൊൾവിൻ' എന്നു പറയുവിൻ.
12ഞാൻ നിങ്ങളോടു പറയട്ടെ, ആ ദിവസത്തിൽ
ആ പട്ടണത്തിന്റെ അവസ്ഥ സൊദോമിന്റേ
തിനെക്കാൾ അസഹനീയമായിരിക്കും.

13 ''അല്ലയോ കോരസീനേ, നിനക്കു ഹാ
കഷ്ടം! അല്ലയോ ബേത്ത്സയിദേ, നിനക്കു
ഹാ കഷ്ടം! നിങ്ങളിൽ ചെയ്ത അത്ഭുതങ്ങൾ
സോരിലും സീദോനിലും ചെയ്തിരുന്നു
വെങ്കിൽ അവർ പണ്ടുതന്നേ രട്ടിലും
വെണ്ണീറിലും ഇരുന്ന് അനുതപിക്കുമായിരുന്നു.
14എന്നാൽ ന്യായവിധിയിൽ സോരിന്റെയും
സീദോന്റെയും അവസ്ഥ നിങ്ങളുടെതി
നെക്കാൾ മെച്ചമായിരിക്കും. 15നീയോ
കഫർന്നഹൂമേ, നീ ആകാശങ്ങളോളം
ഉയർന്നിരിക്കുന്നുവോ? ഇല്ല, നീ പാതാള

ത്തോളം[a] താഴ്ത്തപ്പെടും.
16"നിങ്ങളുടെ വാക്കു കേൾക്കുന്നവൻ
എൻെറ വാക്കു കേൾക്കുന്നു; നിങ്ങളെ തള്ളി
ക്കളയുന്നവൻ എന്നെ തള്ളിക്കളയുന്നു;
എന്നാൽ എന്നെ തള്ളിക്കളയുന്നവൻ എന്നെ
അയച്ചവനെയത്രേ തള്ളിക്കളയുന്നത്."
17ആ എഴുപതുപേർ സന്തോഷത്തോടെ
തിരിച്ചെത്തി. "കർത്താവേ, അങ്ങയുടെ
നാമത്തിൽ, ഭൂതങ്ങൾപോലും ഞങ്ങൾക്കു
കീഴടങ്ങുന്നു" എന്നു പറഞ്ഞു.
18അതിന് യേശു മറുപടി പറഞ്ഞത്: "സാ
ത്താൻ മിന്നൽപോലെ ആകാശത്തു നിന്നു
വീഴുന്നതു ഞാൻ കണ്ടു. 19പാമ്പുകളെയും
തേളുകളെയും ചവിട്ടി മെതിക്കുവാനും ശത്രു
വിൻെറ സകല ശക്തിയെയും കീഴടക്കുവാനും
ഞാൻ നിങ്ങൾക്ക് അധികാരം തന്നിരിക്കുന്നു;
ഒന്നും നിങ്ങൾക്കു ദോഷം ചെയ്യുകയില്ല.
20എങ്കിലും ആത്മാക്കൾ നിങ്ങൾക്കു കീഴട
ങ്ങുന്നു എന്നതിലല്ല, നിങ്ങളുടെ പേരു
സ്വർഗ്ഗത്തിൽ എഴുതിയിരിക്കുന്നു എന്നതിൽ
ത്തന്നെ സന്തോഷിപ്പിൻ."
21ആ സമയത്ത് യേശു പരിശുദ്ധാത്മാവിൽ
ആനന്ദിച്ച് ഇങ്ങനെ പറഞ്ഞു: "സ്വർഗ്ഗത്തിനും
ഭൂമിക്കും കർത്താവായ പിതാവേ, അവിടുന്ന്
ഈ കാര്യങ്ങൾ വിവേകികൾക്കും ജ്ഞാനി
കൾക്കും മറച്ച് ശിശുക്കൾക്കു വെളി
പ്പെടുത്തിയിരിക്കുന്നതിനാൽ ഞാൻ അങ്ങയെ
വാഴ്ത്തുന്നു. അതേ പിതാവേ, തിരുഹിതം
അതായിരുന്നുവല്ലോ.
22"എന്റെ പിതാവു സകലകാര്യങ്ങളും എന്നെ
ഭരമേല്പിച്ചിരിക്കുന്നു. പിതാവല്ലാതെ ആരും
പുത്രനെ അറിയുന്നില്ല; പുത്രനും പുത്രൻ
വെളിപ്പെടുത്തിക്കൊടുത്തിട്ടുള്ളവനും അല്ലാതെ
ആരും പിതാവിനെ അറിയുന്നില്ല. 23പിന്നെ
അദ്ദേഹം ശിഷ്യന്മാരുടെ നേരേ തിരിഞ്ഞ്
അവരോടു സ്വകാര്യമായി പറഞ്ഞു: "നിങ്ങൾ
കാണുന്ന കാര്യങ്ങൾ കാണുന്ന കണ്ണുകൾ
ഭാഗ്യമുള്ളവ! 24എന്തുകൊണ്ടെന്നാൽ അനേകം
പ്രവാചകന്മാരും രാജാക്കന്മാരും നിങ്ങൾ
കാണുന്നവ കാണാൻ ആഗ്രഹിച്ചുവെങ്കിലും
കണ്ടില്ല, നിങ്ങൾ കേൾക്കുന്നവ കേൾക്കാൻ
ആഗ്രഹിച്ചുവെങ്കിലും കേട്ടില്ല എന്നു ഞാൻ
നിങ്ങളോടു പറയുന്നു."

*നല്ല ശമര്യാക്കാരൻെറ ഉപമ*

25ഒരവസരത്തിൽ ന്യായപ്രമാണപണ്ഡി
തനായ ഒരാൾ യേശുവിനെ പരീക്ഷിക്കാൻ
ഒരുമ്പെട്ടു വന്നു. "ഗുരോ, നിത്യജീവൻ അവ
കാശമാക്കുവാൻ ഞാൻ എന്താണു ചെയ്യേ
ണ്ടത്?" എന്ന് അവൻ ചോദിച്ചു. 26 ന്യായപ്രമാ
ണത്തിൽ എന്താണ് എഴുതിയിരിക്കുന്നത്? നീ
എങ്ങനെ വായിക്കുന്നു?" യേശു ചോദിച്ചു.
27അതിന് അവൻ: " 'നിൻെറ ദൈവമായ
കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും
പൂർണ്ണാത്മാവോടും പൂർണ്ണശക്തിയോടും
പൂർണ്ണ മനസ്സോടുംകൂടെ സ്നേഹിക്കണം; [b]
നിൻെറ അയല്ക്കാരനെ നിന്നെപ്പോലെതന്നേ
സ്നേഹിക്കണം[c] ' "എന്നുത്തരം പറഞ്ഞു
28 യേശു അവനോട്: "നീ ശരിയായി ഉത്തരം
പറഞ്ഞിരിക്കുന്നു; ഇതു ചെയ്യുക, നീ ജീവൻ
പ്രാപിക്കും." എന്നു പറഞ്ഞു.
29എന്നാൽ അവൻ തന്നെത്താൻ നീതി
കരിക്കാൻ ആഗ്രഹിച്ചു; അതുകൊണ്ട് യേശു
വിനോട്: "എൻെറ അയല്ക്കാരൻ ആർ?" എന്നു
ചോദിച്ചു.
30 യേശു ഇങ്ങനെ മറുപടി പറഞ്ഞു: "ഒരു
മനുഷ്യൻ യെരൂശലേമിൽ നിന്ന് യെരീഹോ
വിലേക്ക് യാത്ര ചെയ്യുകയായിരുന്നു. അവൻ
കൊള്ളക്കാരുടെ കൈകളിൽ അകപ്പെട്ടു. അവർ
അവൻെറ വസ്ത്രങ്ങൾ ഉരിഞ്ഞുമാറ്റി. അവനെ
അടിച്ച് അർദ്ധപ്രാണനായി വിട്ടിട്ടു പൊയ്ക്ക
ളഞ്ഞു. 31അതേ വഴിയിലൂടെ ഒരു പുരോഹിതൻ
വരാനിടയായി. അയാൾ അവനെ കണ്ടിട്ടു മറ്റേ
അരികുചേർന്നു കടന്നുപോയി, 32അങ്ങനെ
തന്നേ ഒരു ലേവ്യനും അവിടെയെത്തി, അവനെ
കണ്ടിട്ട് മറ്റേവശത്തുകൂടി കടന്നുപോയി.
33എന്നാൽ ഒരു ശമര്യൻ യാത്രാമദ്ധ്യേ അവൻ
കിടന്ന സ്ഥലത്തെത്തി; അവനെ കണ്ടപ്പോൾ
അയാൾക്കു മനസ്സലിവു തോന്നി. 34അയാൾ
അവൻെറ അടുത്തെത്തി, എണ്ണയും വീഞ്ഞും
ഒഴിച്ചു മുറിവുകൾ വച്ചു കെട്ടി. പിന്നെ അവനെ
തൻെറ മൃഗത്തിൻെറ പുറത്തുകയറ്റി ഒരു സത്ര
ത്തിൽ കൊണ്ടുചെന്നു ശുശ്രൂഷിച്ചു. 35പിറ്റേ
ദിവസം അയാൾ രണ്ടു വെള്ളിനാണയം [d]
എടുത്ത് സത്രപാലകനു കൊടുത്തിട്ട്, "അവനെ
ശുശ്രൂഷിച്ചുകൊള്ളണം, എന്തെങ്കിലും അധിക
ച്ചെലവുണ്ടാകുന്നതു ഞാൻ തിരിച്ചെ
ത്തുമ്പോൾ തന്നുകൊള്ളാം" എന്ന് അവനോടു
പറഞ്ഞു.
36"കൊള്ളക്കാരുടെ കയ്യിൽ അകപ്പെട്ട
മനുഷ്യന് അയൽക്കാരനായിത്തീർന്നത് ഈ
മൂന്നുപേരിൽ ആരെന്നാണു നീ ചിന്തി
ക്കുന്നത്?" യേശു ചോദിച്ചു.

37 "അവനോടു കരുണ കാണിച്ചവൻ" -
അയാൾ മറുപടി പറഞ്ഞു. യേശു അയാളോട്,
"നീയും പോയി അങ്ങനെതന്നേ ചെയ്യുക"
എന്നു പറഞ്ഞു.

*a* 15 ഗ്രീക്കിൽ, *ഹെയ്ഡിസ്* *b* 27 ആവർത്തനം 6:5 *c* 27 ലേവ്യ 19:18 *d* 35 ഗ്രീക്കിൽ, *രണ്ട് ദിനാർ*

### *യേശു മാർത്തയുടെയും മറിയയുടെയും ഭവനത്തിൽ*

38 യേശു ശിഷ്യന്മാരുമായി യാത്ര തുടരവേ
ഒരു ഗ്രാമത്തിൽ എത്തി. അവിടെ മാർത്ത എന്നു
പേരുള്ള ഒരു സ്ത്രീ അദ്ദേഹത്തെ വീട്ടിലേക്കു
സ്വാഗതം ചെയ്തു. 39 അവൾക്കു മറിയ എന്നു
പേരായ ഒരു സഹോദരി ഉണ്ടായിരുന്നു. മറിയ
യേശുവിൻെറ കാല്ക്കൽ ഇരുന്ന്
അദ്ദേഹത്തിൻെറ വചനം കേട്ടുകൊണ്ടിരുന്നു.
40മാർത്തയോ സൽക്കാരത്തിൻെറ ഒരുക്ക
ങ്ങളാൽ കുഴങ്ങുകയായിരുന്നു. അവൾ
യേശുവിൻെറ അടുക്കൽ വന്ന്, ''കർത്താവേ,
എൻെറ സഹോദരി ജോലി ചെയ്യുന്നതിന്
എന്നെ തനിച്ചു വിട്ടിരിക്കുന്നതിൽ അങ്ങേയ്ക്കു
വിചാരമില്ലയോ? എന്നെ സഹായിക്കാൻ
അവളോടു കല്പിച്ചാലും'' എന്നു പറഞ്ഞു.
41അതിനു കർത്താവ് ഉത്തരം പറഞ്ഞു:
''മാർത്തയേ, മാർത്തയേ, നീ പലതിനെപ്പറ്റി
ചിന്താകുലപ്പെട്ടും മനസ്സു കലങ്ങിയുമിരി
ക്കുന്നു. 42എന്നാൽ അല്പംകാര്യങ്ങൾ, അല്ല
വാസ്തവത്തിൽ ഒന്നുമതിയാകും. മറിയ ആ
മെച്ചമായ ഒന്നു തിരഞ്ഞെടുത്തിരിക്കുന്നു; അത്
ആരും അവളിൽനിന്ന് അപഹരിക്കുകയുമില്ല''
- എന്ന് ഉത്തരം പറഞ്ഞു.

### *പ്രാർത്ഥനയെക്കുറിച്ച് യേശുവിൻെറ ഉപദേശം*

**11** യേശു ഒരു സ്ഥലത്തു പ്രാർത്ഥിച്ചു
കൊണ്ടിരുന്നു. പ്രാർത്ഥന കഴിഞ്ഞ
പ്പോൾ ശിഷ്യന്മാരിൽ ഒരാൾ അദ്ദേഹത്തോടു
പറഞ്ഞു: ''കർത്താവേ, യോഹന്നാൻ തൻെറ
ശിഷ്യന്മാരെ പഠിപ്പിച്ചതുപോലെ ഞങ്ങളെയും
പ്രാർത്ഥിക്കാൻ പഠിപ്പിക്കണമേ.'' 2 അദ്ദേഹം
അവരോടു പറഞ്ഞു: ''നിങ്ങൾ പ്രാർത്ഥിക്കു
മ്പോൾ ഇപ്രകാരം പറയുവിൻ:

' [സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ]
പിതാവേ,
അവിടുത്തെ നാമം
വിശുദ്ധീകരിക്കപ്പെടണമേ;
അവിടുത്തെ രാജ്യം വരണമേ;
[അങ്ങയുടെ ഹിതം സ്വർഗ്ഗത്തിലെ
പ്പോലെ ഭൂമിയിലും ചെയ്യപ്പെടേണമേ]
3 അതതുദിവസത്തെ ആഹാരം
ഞങ്ങൾക്കു തരണമേ,
4ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോടു
ക്ഷമിക്കണമേ; എന്തെന്നാൽ
ഞങ്ങളോടു പാപംചെയ്യുന്ന
സകലരോടും [a] ഞങ്ങളും ക്ഷമിക്കുന്നു.
ഞങ്ങളെ പരീക്ഷയിലേക്കു
നയിക്കരുതേ.
[ദുഷ്ടനായവനിൽ നിന്നു ഞങ്ങളെ
വിടുവിക്കേണമേ]'

5പിന്നെ യേശു അവരോട് ഇങ്ങനെ പറഞ്ഞു:
''നിങ്ങളിൽ ഒരാൾക്ക് ഒരു സ്നേഹിതൻ
ഉണ്ടെന്നിരിക്കട്ടെ. അവൻ അർദ്ധരാത്രിക്ക് ആ
സ്നേഹിതൻെറ അടുക്കൽ ചെന്നു പറഞ്ഞു:
'സ്നേഹിതാ, എനിക്കു മൂന്ന് അപ്പം വായ്പ
തരണം, 6എൻെറ ഒരു കൂട്ടുകാരൻ
വഴിയാത്രയിൽ എൻെറ അടുക്കൽ വന്നിരി
ക്കുന്നു; അവനു വിളമ്പിക്കൊടുക്കാൻ എൻെറ
പക്കൽ ഒന്നുമില്ല.'
7''അപ്പോൾ അകത്തുള്ളവൻ, 'എന്നെ
പ്രയാസപ്പെടുത്തരുത്; വാതിൽ അടച്ചുപോയി;
എൻെറ കുട്ടികൾ എന്നോടുകൂടെ കിടക്കുന്നു.
എഴുന്നേറ്റ് നിങ്ങൾക്ക് എന്തെങ്കിലും എടുത്തു
തരാൻ എനിക്ക് ഇപ്പോൾ നിവൃത്തിയില്ല' എന്നു
പറഞ്ഞു. 8ഞാൻ നിങ്ങളോട് പറയട്ടെ, ഒരു
സ്നേഹിതൻ എന്ന നിലയിൽ അവൻ
എഴുന്നേറ്റ് അയാൾക്ക് അപ്പം കൊടുത്തി
ല്ലെങ്കിൽപ്പോലും ആ മനുഷ്യൻെറ നിർബ്ബന്ധം
നിമിത്തം എഴുന്നേൽക്കുകയും അയാൾക്ക്
ആവശ്യമുള്ളേടത്തോളം കൊടുക്കുകയും
ചെയ്യും.
9''അതുകൊണ്ടു ഞാൻ നിങ്ങളോടു പറ
യുന്നു: "ചോദിക്കുവിൻ, എന്നാൽ നിങ്ങൾക്കു
ലഭിക്കും; അന്വേഷിപ്പിൻ, എന്നാൽ നിങ്ങൾ
കണ്ടെത്തും; മുട്ടുവിൻ, എന്നാൽ നിങ്ങൾക്കു
തുറന്നുകിട്ടും. 10ചോദിക്കുന്ന ഏവനും ലഭി
ക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു;
മുട്ടുന്നവനു വാതിൽ തുറക്കപ്പെടുന്നു.
11''പിതാക്കന്മാരായ നിങ്ങളിൽ ഒരുവനോടു
മകൻ മീൻ ചോദിച്ചാൽ പാമ്പിനെ കൊടു
ക്കുമോ? 12അല്ല, അവൻ മുട്ട ചോദിച്ചാൽ തേ
ളിനെ കൊടുക്കുമോ? 13അങ്ങനെ നിങ്ങൾ
ദോഷികളാണെങ്കിലും നിങ്ങളുടെ മക്കൾക്ക്
നല്ലദാനങ്ങൾ കൊടുക്കേണ്ടത് എങ്ങനെയെന്ന്
അറിയുന്നുവെങ്കിൽ നിങ്ങളുടെ സ്വർഗ്ഗസ്ഥനാ
യ പിതാവ് തന്നോടു യാചിക്കുന്നവർക്കു പരി
ശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും!''

### *യേശുവും ബേൽസെബൂലും*

14യേശു ഒരിക്കൽ മൂകനായൊരു ഭൂതത്തെ
പുറത്താക്കി. ഭൂതം വിട്ടുപോയതിനുശേഷം
ഊമനായ മനുഷ്യൻ സംസാരിച്ചു. ജനസമൂഹം
ആശ്ചര്യപ്പെട്ടു. 15 എന്നാൽ അവരിൽ ചിലർ:
"ഭൂതങ്ങളുടെ പ്രഭുവായ ബേൽസെബൂലിനെ
ക്കൊണ്ടാണ് അദ്ദേഹം ഭൂതങ്ങളെ പുറത്താ
ക്കുന്നത് "എന്നു പറഞ്ഞു. 16മറ്റു ചിലർ അ
ദ്ദേഹത്തെ പരീക്ഷിച്ചുകൊണ്ട് ആകാശത്തു
നിന്ന് ഒരടയാളം ആവശ്യപ്പെട്ടു.

[a] 4 ഗ്രീക്കിൽ, *ഞങ്ങളോടു കടപ്പെട്ടിരിക്കുന്ന ഏവരോടും*

17യേശു അവരുടെ വിചാരം മനസ്സിലാ
ക്കിയിട്ട് അവരോടു പറഞ്ഞു: "തന്നിൽത്തന്നേ
ഭിന്നിച്ച ഏതൊരു രാജ്യവും നശിച്ചുപോകും,
തന്നിൽത്തന്നേ ഛിദ്രിച്ച വീടും അധഃപതിക്കും.
18സാത്താൻ തന്നോടുതന്നേ ഭിന്നിച്ചിരിക്കു
ന്നുവെങ്കിൽ അവൻെറ രാജ്യത്തിന് എങ്ങനെ
നിലനില്ക്കുവാൻ കഴിയും? ഞാൻ ബേൽസെ
ബൂലിനെക്കൊണ്ടു ഭൂതങ്ങളെ പുറത്താ
ക്കുന്നുവെന്നു നിങ്ങൾ പറയുന്നുവല്ലോ.
19ഞാൻ ബേൽസെബൂലിനെക്കൊണ്ടു ഭൂത
ങ്ങളെ പുറത്താക്കുന്നുവെങ്കിൽ നിങ്ങളുടെ
മക്കൾ ആരെക്കൊണ്ടാണ് അവയെ പുറത്താ
ക്കുന്നത്? അതുകൊണ്ട് അവർ നിങ്ങൾക്കു
വിധികർത്താക്കൾ ആയിരിക്കും. 20എന്നാൽ
ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നതു
ദൈവശക്തികൊണ്ട് എങ്കിൽ ദൈവരാജ്യം
നിങ്ങളുടെ അടുക്കൽ എത്തിയിരിക്കുന്നു.

21"ശക്തനായൊരു മനുഷ്യൻ ആയുധ
മേന്തി സ്വന്തം വീടു കാവൽ ചെയ്യുമ്പോൾ
അവൻെറ സ്വത്തു ഭദ്രമായിരിക്കും. 22 എന്നാൽ
ഏറെ ശക്തനായ ഒരാൾ വന്ന് അവനെ ആക്ര
മിച്ചു കീഴടക്കുമ്പോൾ അവൻ ആശ്രയിച്ചിരുന്ന
ആയുധവർഗ്ഗം അപഹരിക്കുകയും കൊള്ള
മുതൽ വീതിക്കുകയും ചെയ്യുന്നു.

23"എനിക്ക് അനുകൂലമല്ലാത്തവൻ എനിക്കു
പ്രതികൂലം ആകുന്നു; എന്നോടു കൂടെ
ചേർക്കാത്തവൻ ചിതറിക്കുന്നു.

24"ദുരാത്മാവ് ഒരു മനുഷ്യനിൽനിന്നു
പുറത്തുകടന്നശേഷം വെള്ളമില്ലാത്ത പ്രദേശ
ങ്ങളിലൂടെ വിശ്രമംതേടി നടക്കുന്നു; എങ്കിലും
കണ്ടെത്താതെ വരുമ്പോൾ അതു പറയുന്നു:
'ഞാൻ വിട്ടുപോന്ന വീട്ടിലേക്കു തിരികെ
പ്പോകും.' 25അവിടെയെത്തുമ്പോൾ, വീട്
അടിച്ചു വൃത്തിയാക്കി അലങ്കരിച്ചു സൂക്ഷിച്ചി
രിക്കുന്നതായി കാണുന്നു. 26അപ്പോൾ അതു
പോയിതന്നെക്കാൾ ദുഷ്ടതയേറിയ വേറെ ഏഴ്
ആത്മാക്കളെക്കൂടി കൂട്ടിക്കൊണ്ടുവരികയും
അവർ അവിടെ പ്രവേശിച്ചു പാർക്കുകയും
ചെയ്യുന്നു. ആ മനുഷ്യൻെറ ഒടുവിലത്തെ
സ്ഥിതി ആദ്യത്തേതിനെക്കാൾ വഷളായി
ത്തീരുകയും ചെയ്യുന്നു."

27യേശു ഈ കാര്യങ്ങൾ പ്രസ്താവി
ച്ചുകൊണ്ടിരുന്നപ്പോൾ ജനക്കൂട്ടത്തിനിടയിൽ
നിന്ന് ഒരു സ്ത്രീ, "അങ്ങയെ ചുമന്ന ഉദരവും,
പാലൂട്ടിയ മുലകളും അനുഗ്രഹിക്കപ്പെട്ടവ"
എന്നു വിളിച്ചു പറഞ്ഞു.

28അതിന് അദ്ദേഹം, "ദൈവവചനം കേൾ
ക്കുകയും അനുസരിക്കുകയും ചെയ്യുന്ന വരത്രേ
അനുഗൃഹീതർ" എന്നു ഉത്തരം പറഞ്ഞു.

*യോനായുടെ അടയാളം*

29 ജനക്കൂട്ടം വർദ്ധിച്ചുവന്നപ്പോൾ യേശു
പറഞ്ഞു: " ഈ തലമുറ ദുഷിച്ചതാണ്. അത്
അടയാളം തേടുന്നു, എന്നാൽ യോനായുടെ
അടയാളം അല്ലാതെ അതിനു മറ്റൊന്നു
ലഭിക്കുകയില്ല. 30യോനാ നിനവേക്കാർക്ക് ഒരു
അടയാളം ആയിരുന്നതുപോലെ മനുഷ്യ
പുത്രൻ ഈ തലമുറയ്ക്കും ആയിരിക്കും.
31തെക്കേദേശത്തെ രാജ്ഞി ന്യായവിധി
യിങ്കൽ ഈ തലമുറയോടൊപ്പം ഉയിർ
ത്തെഴുന്നേറ്റ് അതിനെ കുറ്റം വിധിക്കും: അവൾ
ശലോമോൻെറ ജ്ഞാനം കേൾക്കുവാൻ
ഭൂമിയുടെ അതിരുകളിൽനിന്നു വന്നുവല്ലോ.
ഇവിടെയിതാ ശലോമോനെക്കാളും വലിയവൻ.
32 നിനവേക്കാർ ന്യായവിധിയിൽ ഈ
തലമുറയോടൊപ്പം ഉയിർത്തെഴുന്നേറ്റ്
അതിനെ കുറ്റം വിധിക്കും: അവർ യോനയുടെ
പ്രബോധനം കേട്ട് അനുതപിച്ചുവല്ലോ.
ഇവിടെയിതാ, യോനയെക്കാൾ വലിയവൻ.

*ശരീരത്തിൻെറ വിളക്ക്*

33"ആരും വിളക്കുകൊളുത്തി നിലവറയിലോ
പാത്രത്തിൻെറ കീഴിലോ വയ്ക്കുന്നില്ല;
പിന്നെയോ അകത്തു വരുന്നവർ വെളിച്ചം
കാണേണ്ടതിനു തണ്ടിന്മേലത്രേ വയ്ക്കുന്നത്.
34ശരീരത്തിൻെറ വിളക്കു കണ്ണാകുന്നു. നിൻെറ
കണ്ണു നല്ലതെങ്കിൽ ശരീരം മുഴുവൻ പ്രകാശി
തമായിരിക്കും. ചീത്തയെങ്കിലോ ശരീരവും
ഇരുട്ടുള്ളതായിരിക്കും. 35അതിനാൽ നിന്നിലു
ള്ള പ്രകാശം അന്ധകാരമായിപ്പോകാ
തിരിപ്പാൻ സൂക്ഷിച്ചുകൊള്ളുക. 36ഒരു
വശത്തും ഇരുട്ടില്ലാതെ, ശരീരം മുഴുവൻ പ്രകാ
ശിതമാണെങ്കിൽ, വിളക്കു നിന്നെ പ്രകാശിപ്പി
ക്കുന്നതുപോലെ നിൻെറ ശരീരം മുഴുവൻ പ്രകാ
ശിതമായിരിക്കും."

*യേശു പരീശന്മാരെയും വേദജ്ഞരെയും ശാസിക്കുന്നു*

37യേശു സംസാരിച്ചുകഴിഞ്ഞപ്പോൾ ഒരു
പരീശൻ തന്നോടുകൂടെ ഭക്ഷണം കഴിക്കുവാൻ
അദ്ദേഹത്തെ ക്ഷണിച്ചു. അദ്ദേഹം അക
ത്തുചെന്നു ഭക്ഷണത്തിനിരുന്നു. 38കഴുകി
ശുദ്ധി വരുത്താതെ യേശു ഭക്ഷണത്തിനി
രുന്നതു കണ്ടു പരീശൻ ആശ്ചര്യപ്പെട്ടു.

39അപ്പോൾ കർത്താവ് അവനോട്: "പരീശ
ന്മാരായ നിങ്ങൾ കോപ്പകളുടെയും പാത്രങ്ങ
ളുടെയും പുറം വെടിപ്പാക്കുന്നു, എന്നാൽ
നിങ്ങളുടെ ഉള്ളിലോ അത്യാഗ്രഹവും ദുഷ്ട
തയും നിറഞ്ഞിരിക്കുന്നു. 40ഭോഷന്മാരേ, പുറം
ഉണ്ടാക്കിയവൻ അല്ലയോ അകവും ഉണ്ടാക്കി

യത്? 41അകത്തുള്ളതു[a] ഭിക്ഷയായി കൊടു
ക്കുവിൻ. അപ്പോൾ സകലവും നിങ്ങൾക്കു
ശുദ്ധിയുള്ളതാകും.
42 ''പരീശന്മാരായ നിങ്ങൾക്കു ഹാ കഷ്ടം;
നിങ്ങൾ തുളസിയുടെയും അരൂതയുടെയും മറ്റ്
എല്ലാവിധ സസ്യങ്ങളുടെയും പത്തിലൊന്നു
ദൈവത്തിനു കൊടുക്കുന്നു; എന്നാൽ ന്യായ
വും ദൈവസ്നേഹവും ഉപേക്ഷിക്കുകയും
ചെയ്യുന്നു. നിങ്ങൾ ആദ്യത്തേതു വിട്ടുകളയാ
തെതന്നേ, ഇവ അനുഷ്ഠിക്കേണ്ടിയിരുന്നു.
43 ''പരീശന്മാരേ, നിങ്ങൾക്കു ഹാ കഷ്ടം!
നിങ്ങൾ പള്ളികളിൽ മുഖ്യാസനങ്ങളും ചന്ത
സ്ഥലങ്ങളിൽ അഭിവാദനങ്ങളും ഇഷ്ടപ്പെടു
ന്നുവല്ലോ.
44"നിങ്ങൾക്കു ഹാ കഷ്ടം! നിങ്ങൾ മറഞ്ഞു
കിടക്കുന്ന ശവക്കുഴികൾപോലെയാണ്; മനു
ഷ്യർ അറിയാതെ അവയുടെമീതെ നടക്കുന്നു."
45ഒരു ന്യായശാസ്ത്രി അദ്ദേഹത്തോട്:
''ഗുരോ, അങ്ങ് ഈ കാര്യങ്ങൾ പറയുമ്പോൾ,
ഞങ്ങളെയും ആക്ഷേപിക്കുകയാണ്'' എന്നു
പറഞ്ഞു.
46 അതിന് യേശു ഇങ്ങനെ ഉത്തരം പറഞ്ഞു:
''ന്യായശാസ്ത്രിമാരായ നിങ്ങൾക്കു ഹാ
കഷ്ടം! നിങ്ങൾ ചുമക്കാനാവാത്ത ചുമടുകൾ
മനുഷ്യരുടെമേൽ ചുമത്തുന്നു; ഒരു വിരൽ
കൊണ്ടുപോലും അവയെ തൊടുന്നതുമില്ല.
47"നിങ്ങൾക്കു ഹാ കഷ്ടം! നിങ്ങൾ പ്രവാച
കന്മാർക്കുവേണ്ടി കല്ലറകൾ പണിയുന്നു,
അവരെ കൊന്നതോ നിങ്ങളുടെ പിതാക്കന്മാർ
തന്നേ. 48 അങ്ങനെ നിങ്ങളുടെ പൂർവ്വികരുടെ
പ്രവൃത്തികൾക്കു നിങ്ങൾ സാക്ഷ്യം വഹി
ക്കുന്നു; അവയെ അംഗീകരിക്കുകയും ചെയ്യു
ന്നു. കാരണം, അവർ പ്രവാചകന്മാരെ കൊന്നു;
നിങ്ങൾ പ്രവാചകന്മാരുടെ കല്ലറകൾ
പണിയുന്നു. 49ഇതുനിമിത്തം ദൈവം തൻെറ
ജ്ഞാനത്തിൽ അരുളിച്ചെയ്തു: 'ഞാൻ
പ്രവാചകന്മാരെയും അപ്പൊസ്തലന്മാരെയും
അവരുടെ അടുത്തേക്ക് അയയ്ക്കും; ചിലരെ
അവർ കൊല്ലുകയും, മറ്റുചിലരെ പീഡിപ്പി
ക്കുകയും ചെയ്യും.' 50ആകയാൽ ഹാബേ
ലിൻെറ രക്തംമുതൽ യാഗപീഠത്തിനും
ആലയത്തിനും നടുവിൽവച്ചു കൊല്ലപ്പെട്ട
സെഖര്യാവിൻെറ രക്തം വരെ, 51ലോകാരംഭം
മുതൽ ചിന്തിയിട്ടുള്ള സകലപ്രവാചക
ന്മാരുടെയും രക്തത്തിന് ഈ തലമുറ ഉത്തരം
പറയേണ്ടതായിവരും. അതേ, ഞാൻ പറയുന്നു,
ഈ തലമുറ അതിനെല്ലാം ഉത്തരവാദി
ആയിരിക്കും.
52''ന്യായശസ്ത്രിമാരേ, നിങ്ങൾക്കു ഹാ
കഷ്ടം! നിങ്ങൾ അറിവിൻെറ താക്കോൽ
എടുത്തു കളഞ്ഞല്ലോ! നിങ്ങൾതന്നേ
പ്രവേശിച്ചിട്ടില്ല; പ്രവേശിക്കുന്നവരെ
തടസ്സപ്പെടുത്തുകയും ചെയ്തിരിക്കുന്നു''.
53യേശു അവിടം വിട്ടുപോയപ്പോൾ പരീശ
ന്മാരും വേദജ്ഞരും അദ്ദേഹത്തെ കഠിനമായി
എതിർക്കുവാനും വാക്കിൽ കുടുക്കുവാൻ തക്കം
നോക്കി പലതിനെയുംകുറിച്ചും ചോദ്യങ്ങൾ
ചോദിച്ചു വിഷമിപ്പിക്കുവാനും തുടങ്ങി.

*മുന്നറിയിപ്പുകളും പ്രോത്സാഹനങ്ങളും*

12 ഇതേസമയം, ജനസമൂഹം തമ്മിൽ
ത്തമ്മിൽ ചവിട്ടുവാൻ തക്കവണ്ണം
അനേകായിരങ്ങളായി തിങ്ങിക്കൂടിയപ്പോൾ
യേശു ആദ്യം ശിഷ്യന്മാരോട് ഇങ്ങനെ
പറഞ്ഞുതുടങ്ങി: ''പരീശന്മാരുടെ കപട
ഭക്തിയെന്ന പുളിച്ചമാവിനെതിരേ ജാഗ്രത
പുലർത്തുവിൻ. 2വെളിപ്പെടുത്താതെ മറച്ചു
വയ്ക്കാവുന്നതോ പ്രസിദ്ധമാക്കാതെ ഒളിച്ചു
വയ്ക്കാവുന്നതോ ആയി യാതൊന്നും ഇല്ല.
3നിങ്ങൾ ഇരുട്ടത്തു പറഞ്ഞതു പകൽവെളി
ച്ചത്തു കേൾക്കും; സ്വകാര്യമുറികളിൽവച്ചു
കതകുകൾ അടച്ചിട്ട് ചെവിയിൽ മന്ത്രിച്ചതു
പുരമുകളിൽനിന്ന് ഉദ്ഘോഷിക്കും.
4''എൻെറ സ്നേഹിതരേ, ഞാൻ നിങ്ങളോടു
പറയുന്നു: ദേഹത്തെകൊന്നിട്ട് അതില
പ്പുറമായി ഒന്നും ചെയ്യാൻ കഴിയാത്തവരെ
ഭയപ്പെടരുത്. 5എന്നാൽ ആരെയാണു ഭയ
പ്പെടേണ്ടതെന്നു ഞാൻ നിങ്ങൾക്കു മുന്നറി
യിപ്പു നല്കുന്നു. കൊന്നശേഷം നിങ്ങളെ
നരകത്തിൽ എറിഞ്ഞുകളയുവാൻ അധികാര
മുള്ളവനെ ഭയപ്പെടുവിൻ; അതേ, അവനെ
ഭയപ്പെടുവിൻ എന്നു ഞാൻ നിങ്ങളോടു
പറയുന്നു. 6രണ്ടു കാശിന് [b] അഞ്ചു കുരികി
ലിനെ വില്ക്കുന്നില്ലയോ? എങ്കിലും അവയിൽ
ഒന്നിനെപ്പോലും ദൈവം മറന്നുകളയുന്നില്ല.
7നിങ്ങളുടെ തലയിലെ മുടികൾ എല്ലാം
എണ്ണപ്പെട്ടിരിക്കുന്നു. അതിനാൽ ഭയപ്പെടരുത്,
നിങ്ങൾ അനവധി കുരികിലിനെക്കാളും
വിലപ്പെട്ടവരാണ്.
8''ഞാൻ നിങ്ങളോടു പറയുന്നു, മനുഷ്യരുടെ
മുമ്പിൽ എന്നെ അംഗീകരിക്കുന്നവനെ
ദൈവദൂതന്മാരുടെ മുമ്പിൽ മനുഷ്യപുത്രനും
ഏറ്റു പറയും. 9എന്നാൽ മനുഷ്യരുടെ മുമ്പിൽ
എന്നെ തള്ളിപ്പറയുന്നവനെ ദൈവദൂതന്മാരുടെ
മുമ്പിൽ തള്ളിപ്പറയും. 10മനുഷ്യപുത്രനു
വിരോധമായി ഒരു വാക്ക് ഉച്ചരിക്കുന്ന
ഏവനോടും ക്ഷമിക്കും; എന്നാൽ പരിശുദ്ധാ
ത്മാവിനു വിരോധമായി ദൂഷണം പറയുന്ന
വനോടു ക്ഷമിക്കുകയില്ല.
11''നിങ്ങളെ പള്ളികളുടെയും ഭരണകർ

[a] 41 ഗ്രീക്കിൽ, *നിങ്ങൾക്കുള്ളത്* [b] 6 ഗ്രീക്കിൽ, *രണ്ട് അസ്സരിയ*

ത്താക്കളുടെയും അധികാരികളുടെയും മുമ്പിൽ
കൊണ്ടുവരുമ്പോൾ എങ്ങനെ മറുപടി
പറയണമെന്നോ എന്തു മൊഴി കൊടുക്കണ
മെന്നോ ചിന്തിച്ചു ഭാരപ്പെടരുത്; 12നിങ്ങൾ
എന്താണു പറയേണ്ടതെന്നു പരിശുദ്ധാത്മാവ്
ആ സമയത്തു നിങ്ങൾക്ക് ഉപദേശിച്ചു തരും''.

*ധനികനായ ഭോഷൻെറ ഉപമ*

13ജനക്കൂട്ടത്തിൽ നിന്ന് ഒരുവൻ അദ്ദേഹ
ത്തോട്: ''ഗുരോ, ഞാനുമായി പിതൃസ്വത്തു
വീതം വയ്ക്കുവാൻ എൻെറ സഹോദരനോടു
കല്പിച്ചാലും'' എന്നു പറഞ്ഞു.
14അതിന് യേശു: ''മനുഷ്യാ, എന്നെ
നിങ്ങളുടെ ന്യായാധിപനോ മധ്യസ്ഥനോ
ആയി നിയമിച്ചതാര്?'' എന്നു ചോദിച്ചു.
15പിന്നെ അദ്ദേഹം അവരോട്: ''സൂക്ഷിച്ചു
കൊള്ളുവിൻ, സകലവിധമായ അത്യാഗ്രഹ
ത്തിനുമെതിരേ ജാഗ്രത പാലിക്കുവിൻ; ഒരു
വൻെറ ധനസമൃദ്ധിയല്ല അവൻെറ ജീവന്
ആധാരമായിരിക്കുന്നത്'' എന്നു പറഞ്ഞു.
16 അദ്ദേഹം അവരോട് ഈ ഉപമ പറഞ്ഞു:
''ഒരു ധനവാൻെറ വയലിൽ നല്ല വിളവുണ്ടായി.
17 അവൻ ചിന്തിച്ചു, 'ഞാൻ എന്താണു ചെയ്ക?
എൻെറ വിളവു ശേഖരിച്ചു സൂക്ഷിക്കാൻ
സ്ഥലം ഇല്ലല്ലോ. 18ഞാൻ ഇങ്ങനെ ചെയ്യും,
അവൻ പറഞ്ഞു, "ഞാൻ എൻെറ കളപ്പുരകൾ
പൊളിച്ചു കളഞ്ഞ് കൂടുതൽ വലിയവ പണിയും;
അവിടെ എൻെറ ധാന്യവും സാധനങ്ങളും
എല്ലാം സംഭരിച്ചുവയ്ക്കും". 19 പിന്നെ ഞാൻ
എന്നോടു തന്നേ, "നിനക്ക് അനേകം
വർഷങ്ങളിലേക്കു വേണ്ടുന്ന നല്ല വിഭവങ്ങൾ
ധാരാളമുണ്ട്. ഇനി വിശ്രമിച്ചുകൊള്ളുക;
തിന്നുക, കുടിക്കുക, ആനന്ദിക്കുക" എന്നു
പറയും'.
20"എന്നാൽ ദൈവം അവനോട്: 'ഭോഷാ,
ഈ രാത്രിയിൽത്തന്നേ നിൻെറ ജീവനെ
നിന്നോടു ചോദിക്കും. പിന്നെ, നീ നിനക്കായി
ഒരുക്കിവച്ചത് ആർക്കു കിട്ടും?' എന്നു പറഞ്ഞു.
21 ''തനിക്കുവേണ്ടിത്തന്നേ വസ്തുവകകൾ
സംഭരിച്ചുവെയ്ക്കുകയും എന്നാൽ ദൈവ
സംബന്ധമായി സമ്പന്നനാകാതിരിക്കയും
ചെയ്യുന്ന ഏതൊരു വ്യക്തിയുടെയും കാര്യം
ഇങ്ങനെ ആകുന്നു.''

*ചിന്താകുലപ്പെടരുത്*

22അനന്തരം യേശു ശിഷ്യന്മാരോടു പറ
ഞ്ഞത്: " ആകയാൽ ഞാൻ നിങ്ങളോടു പറ
യുന്നു, എന്തു തിന്നും എന്നു ജീവനെക്കുറിച്ചും
എന്ത് ഉടുക്കും എന്നു ശരീരത്തെക്കുറിച്ചും വ്യാ
കുലപ്പെടരുത്. 23ആഹാരത്തെക്കാൾ ജീവനും
വസ്ത്രത്തെക്കാൾ ശരീരവും ശ്രേഷ്ഠമല്ലയോ?
24''കാക്കകളെ നോക്കുവിൻ! അവ
വിതയ്ക്കുകയോ കൊയ്യുകയോ ചെയ്യുന്നില്ല;
അവയ്ക്കു സംഭരണശാലയോ കളപ്പുരയോ
ഇല്ല; എങ്കിലും ദൈവം അവയെ തീറ്റിപ്പോറ്റുന്നു.
പക്ഷികളെക്കാൾ നിങ്ങൾ എത്രയോ
വിലപ്പെട്ടവർ! 25വ്യാകുലപ്പെടുന്നതിനാൽ
ആയുസ്സിനോട് ഒരു മണിക്കൂറെങ്കിലും[a]
കൂട്ടുവാൻ നിങ്ങളിൽ ആർക്കു കഴിയും? 26ഈ
ഒരു ചെറിയ കാര്യത്തിനുപോലും
കഴിവില്ലാതിരിക്കെ ശേഷമുള്ളതിനെക്കുറിച്ചു
നിങ്ങൾ ആകുലപ്പെടുന്നതെന്തിന്?
27"ലില്ലിച്ചെടികൾ എങ്ങനെ വളരുന്നു
വെന്നു ചിന്തിക്കുവിൻ! അവ അധ്വാനിക്കുന്നില്ല,
നൂല്ക്കുന്നതുമില്ല, എങ്കിലും ശലോമോൻ
പോലും തൻെറ സകല പ്രതാപത്തിലും
ഇവയിൽ ഒന്നിനെപ്പോലെ അണിഞ്ഞൊരുങ്ങി
യിരുന്നില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു.
28 ഇന്നുള്ളതും നാളെ തീയിൽ ഇട്ടുകള
യുന്നതുമായ പുല്ലിനെ ദൈവം ഇങ്ങനെ അണി
യിക്കുന്നുവെങ്കിൽ, അല്പവിശ്വാസികളേ,
നിങ്ങളെ എത്രയധികം! 29നിങ്ങൾ എന്തു
തിന്നുമെന്നോ എന്തു കുടിക്കുമെന്നോ അന്വേ
ഷിക്കരുത്; അതിനെപ്പറ്റി വ്യാകുലപ്പെടുക
യുമരുത്. 30ലോകജാതികൾ ഈവക കാര്യ
ങ്ങളെല്ലാം അന്വേഷിക്കുന്നു; നിങ്ങളുടെ
പിതാവോ ഇവ നിങ്ങൾക്ക് ആവശ്യമെന്ന്
അറിയുന്നു. 31അവിടുത്തെ രാജ്യം അന്വേഷി
പ്പിൻ; അതോടുകൂടി ഇവയെല്ലാം നിങ്ങൾക്കു
കിട്ടും.
32 ''ചെറിയ ആട്ടിൻകൂട്ടമേ, ഭയപ്പെടരുത്,
നിങ്ങളുടെ പിതാവു രാജ്യം നിങ്ങൾക്കു
നല്കുവാൻ പ്രസാദിച്ചിരിക്കുന്നു. 33നിങ്ങളുടെ
സ്വത്തുക്കൾ വിറ്റു ദരിദ്രർക്കു കൊടുക്കുവിൻ.
പഴകാത്ത പണസ്സഞ്ചിയും അക്ഷയനിക്ഷേപ
വും സ്വർഗ്ഗത്തിൽ നിങ്ങൾക്കായി കരുതും.
അവിടെ കള്ളൻ അടുക്കുകയോ പുഴു നശിപ്പി
ക്കുകയോ ചെയ്യുന്നില്ല. 34നിൻെറ നിക്ഷേപം
എവിടെയോ അവിടെ നിൻെറ ഹൃദയവും
ഇരിക്കും.

*ജാഗ്രത*

35 ''നിങ്ങളുടെ അര മുറുക്കിയും വിളക്കു
കത്തിയും കൊണ്ടിരിക്കട്ടെ. 36യജമാനൻ
കല്യാണവിരുന്നിൽ നിന്നു മടങ്ങിയെത്തി
വാതിലിൽ മുട്ടുമ്പോൾത്തന്നേ അയാൾക്കു
വാതിൽ തുറന്നുകൊടുക്കുവാൻ കാത്തിരി
ക്കുന്ന ആളുകളോടു തുല്യരായിരിപ്പിൻ.
37യജമാനൻ വരുമ്പോൾ ജാഗ്രത പുലർത്തു
ന്നവരായി കാണപ്പെടുന്ന ദാസന്മാർ ഭാഗ്യവാ

[a] 25 അഥവാ, *നീളത്തോട് അര മീറ്റർ എങ്കിലും*

ന്മാർ. ഞാൻ നിങ്ങളോടു സത്യം പറയുന്നു:
അയാൾ അരകെട്ടി അവരെ ഭക്ഷണത്തിനി
രുത്തുകയും അടുത്തുവന്ന് അവരെ ശുശ്രൂഷി
ക്കുകയും ചെയ്യും. 38അയാൾ രാത്രിയുടെ രണ്ടാം
യാമത്തിലോ മൂന്നാം യാമത്തിലോ വന്നാലും
ആ ദാസന്മാർ ഒരുങ്ങിയിരിക്കുന്നവരായി കാണ
പ്പെട്ടാൽ അവർ ഭാഗ്യവാന്മാർ. 39എന്നാൽ
ഇതു ഗ്രഹിച്ചുകൊൾവിൻ, കള്ളൻ വരുന്നത്
ഏതു മണിക്കൂറിലെന്നു വീട്ടുടയവൻ അറിഞ്ഞി
രുന്നുവെങ്കിൽ ഭവനഭേദനം നടത്താൻ അനുവദി
ക്കയില്ലായിരുന്നു. 40നിങ്ങൾ പ്രതീക്ഷിക്കാത്ത
മണിക്കൂറിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ടു
നിങ്ങളും ഒരുങ്ങിയിരിപ്പിൻ.''
41 പത്രൊസ് ചോദിച്ചു: ''കർത്താവേ, അങ്ങ്
ഈ ഉപമ ഞങ്ങളോടോ എല്ലാവരോടുമോ
പറയുന്നത്?''
42അതിനു കർത്താവ് മറുപടി പറഞ്ഞു:
''ഭവനത്തിലെ ദാസന്മാർക്കു യഥാസമയം
ഭക്ഷണവിഹിതം നല്കുവാൻ, അവരുടെ
മേൽനോട്ടക്കാരനായി യജമാനൻ നിയോഗിച്ചി
രിക്കുന്ന വിശ്വസ്തനും വിവേകിയുമായ ഭൃത്യൻ
ആരാണ്? 43യജമാനൻ വരുമ്പോൾ അങ്ങനെ
ചെയ്യുന്നവനായി കാണപ്പെടുന്ന ഭൃത്യൻ ഭാഗ്യ
വാൻ. 44അദ്ദേഹം അവനെ തന്റെ സകല
സ്വത്തിലും മേലധികാരിയായി നിയമിക്കും
എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു.
45എന്നാൽ ആ ഭൃത്യൻ ദുഷ്ടനാണെങ്കിൽ,
'യജമാനൻ വരാൻ താമസിക്കും എന്നു പറഞ്ഞു
കൊണ്ട് ദാസന്മാരെയും ദാസിമാരെയും
അടിക്കാനും തിന്നുകുടിച്ചു മദിക്കാനും
തുടങ്ങുന്നുവെന്ന് സങ്കല്പിക്കുക. 46ആ ഭൃത്യൻ
പ്രതീക്ഷിക്കാത്ത ദിവസത്തിലും മണിക്കൂറിലും
അവന്റെ യജമാനൻ വന്ന് അവനു കഠിനശിക്ഷ
നല്കി അവനെ അവിശ്വാസികൾക്കുള്ള
സ്ഥലത്താക്കും.
47''യജമാനന്റെ ഇഷ്ടം അറിഞ്ഞിട്ടും ഒരു
ങ്ങാതിരിക്കുകയും യജമാനൻ ആഗ്രഹിക്കു
ന്നതു പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്ന
ദാസനു വളരെ അടികൊള്ളും. 48എന്നാൽ
അറിയാതെ, ശിക്ഷയ്ക്കു യോഗ്യമായവ
ചെയ്യുന്നവനു കുറച്ച് അടി കൊള്ളും. ഏറെ
ലഭിച്ചവനിൽ നിന്ന് ഏറെ ആവശ്യപ്പെടും; ആരെ
അധികം ഏല്പിച്ചുവോ അവനോട് അധികം
ചോദിക്കും.

*സമാധാനമല്ല, ഭിന്നത തന്നേ*

49''ഭൂമിയിൽ തീയിടുവാനത്രേ ഞാൻ
വന്നിരിക്കുന്നത്; അത് ഇപ്പോഴേ കത്തിയെങ്കിൽ
എന്നല്ലാതെ ഞാൻ എന്താണ് ഇച്ഛി
ക്കേണ്ടത്? 50എന്നാൽ എനിക്ക് ഒരു സ്നാനം
ഏല്ക്കേണ്ടതുണ്ട്; അതു നിറവേറ്റുന്നതുവരെ
ഞാൻ എത്ര ഞെരുങ്ങുന്നു! 51ഭൂമിയിൽ
സമാധാനം നല്കുവാൻ ഞാൻ വന്നുവെന്നു
നിങ്ങൾ വിചാരിക്കുന്നുവോ? അല്ല, ഭിന്നത
വരുത്തുവാനത്രേ എന്നു ഞാൻ നിങ്ങളോടു
പറയുന്നു. 52ഇനിമേൽ ഒരു കുടുംബത്തിൽ
ഇരുവരോടു മൂവരും മൂവരോട് ഇരുവരും
എന്നിങ്ങനെ അന്യോന്യം ഭിന്നിച്ചിരിക്കുന്ന
അഞ്ചുപേർ ഉണ്ടായിരിക്കും. 53 അപ്പൻ മകനു
വിരോധമായും മകൻ അപ്പനു വിരോധമായും
അമ്മ മകൾക്കു വിരോധമായും മകൾ
അമ്മയ്ക്കു വിരോധമായും അമ്മാവിയമ്മ
മരുമകൾക്കു വിരോധമായും മരുമകൾ
അമ്മാവിയമ്മയ്ക്കു വിരോധമായും
ഭിന്നിച്ചിരിക്കും.''

*കാലങ്ങളെ വിവേചിക്കുക*

54അദ്ദേഹം ജനക്കൂട്ടത്തോടു പറഞ്ഞു:
''പടിഞ്ഞാറ് ഒരു മേഘം പൊങ്ങുന്നതു
കാണുന്ന ഉടൻ 'മഴ വരുന്നു' എന്നു നിങ്ങൾ
പറയുന്നു; അങ്ങനെ സംഭവിക്കുകയും
ചെയ്യുന്നു. 55തെക്കൻ കാറ്റു വീശുമ്പോൾ
'അത്യുഷ്ണം ഉണ്ടാകും' എന്നു നിങ്ങൾ
പറയുന്നു; അതും സംഭവിക്കുന്നു. 56കപടഭക്ത
രേ! ഭൂമിയുടെയും ആകാശത്തിന്റെയും
ഭാവഭേദങ്ങൾ വിവേചിക്കുവാൻ നിങ്ങൾക്ക്
അറിയാം.
57''ശരി ഏതെന്നു നിങ്ങൾ സ്വയം
വിധിക്കാത്തത് എന്ത്? 58നീ പ്രതിയോഗി
യോടുകൂടെ അധികാരിയുടെ അടുത്തേക്കു
പോകുമ്പോൾ, വഴിയിൽ വച്ചുതന്നേ, അവനു
മായി ഒത്തുതീർപ്പിലാകുവാൻ ശ്രമിക്കുക.
അല്ലാത്ത പക്ഷം അവൻ നിന്നെ ന്യായാധിപ
ന്റെ അടുത്തേക്ക് ഇഴച്ചുകൊണ്ടുപോവുകയും
ന്യായാധിപൻ നിന്നെ ഉദ്യോഗസ്ഥന്റെ പക്കൽ
ഏല്പിക്കുകയും അവൻ നിന്നെ
തടവിലാക്കുകയും ചെയ്യും. 59അവസാനത്തെ
പൈസയും [a] കൊടുത്തു തീർക്കുന്നതുവരെ
നീ പുറത്തു കടക്കുകയില്ല എന്നു ഞാൻ
നിന്നോടു പറയുന്നു.''

*അനുതപിക്കുക, അല്ലെങ്കിൽ നശിക്കുക*

13 അപ്പോൾ അവിടെയുണ്ടായിരു
ന്നവരിൽ ചിലർ, പീലാത്തോസ് ചില
ഗലീലക്കാരുടെ രക്തം അവരുടെ യാഗങ്ങളിൽ
കലർത്തിയതായി യേശുവിനോടു പറഞ്ഞു.
2അതിന് യേശു ഉത്തരം പറഞ്ഞത്: ''ഈ
ഗലീലക്കാർക്ക് ഇതു സംഭവിച്ചതുകൊണ്ട്
അവർ മറ്റെല്ലാ ഗലീലക്കാരെക്കാളും
പാപികളാണെന്നു നിങ്ങൾ ചിന്തിക്കുന്നുവോ?

[a] 59 ഗ്രീക്കിൽ, *ലാപ്റ്റോൺ*

3അല്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു. മാ
നസാന്തരപ്പെടാഞ്ഞാൽ നിങ്ങളെല്ലാവരും
അങ്ങനെ തന്നെ നശിച്ചുപോകും. 4ശീലോ
ഹാമിലെ ഗോപുരം വീണപ്പോൾ അതിനിടയിൽ
പെട്ടു മരിച്ച ആ പതിനെട്ടുപേർ യെരൂശലേമിൽ
പാർത്തിരുന്ന മറ്റെല്ലാവരെക്കാളും കൂടുതൽ
കുറ്റക്കാരെന്നു നിങ്ങൾ ചിന്തിക്കുന്നുവോ?
5അല്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു.
എന്നാൽ മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങളെ
ല്ലാവരുംഅങ്ങനെ തന്നെ നശിച്ചുപോകും ."

6പിന്നെ അദ്ദേഹം ഈ ഉപമ പറഞ്ഞു: '' ഒരു
മനുഷ്യനു തൻെറ മുന്തിരിത്തോട്ടത്തിൽ
നട്ടുപിടിപ്പിച്ചിരുന്ന ഒരു അത്തിവൃക്ഷം
ഉണ്ടായിരുന്നു. അയാൾ അതിൽ ഫലം ഉണ്ടോ
എന്നു നോക്കാൻ ചെന്നു; എന്നാൽ ഒന്നും
കണ്ടെത്തിയില്ല. 7അയാൾ മുന്തിരിത്തോട്ട
ത്തിൻെറ ചുമതല വഹിച്ചിരുന്നവനോട്,
'ഇപ്പോൾ, മൂന്നുവർഷമായിട്ട് ഞാൻ ഈ
അത്തിവൃക്ഷത്തിൽ ഫലമുണ്ടോ എന്ന്
അന്വേഷിച്ചുവരുന്നു; ഇതേവരെ ഒന്നും
കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. അതു വെട്ടിക്ക
ളയുക! അതു സ്ഥലം പാഴാക്കുന്നതെന്തിന്?'
എന്നു പറഞ്ഞു.

8''അതിന് അവൻ: 'യജമാനനേ, ഒരു
വർഷത്തേക്കു കൂടി അതു നില്ക്കട്ടെ; ഞാൻ
അതിനു ചുറ്റും കിളച്ചു വളമിടാം. 9അടുത്ത
വർഷം അതു കായിക്കുന്നെങ്കിൽ നന്ന്!
ഇല്ലെങ്കിൽ വെട്ടിക്കളഞ്ഞുകൊള്ളുക' എന്ന്
ഉത്തരം പറഞ്ഞു.''

### *ഒരു വികലാംഗയെ ശബ്ബത്തിൽ സുഖപ്പെടുത്തുന്നു*

10 ഒരു ശബ്ബത്തിൽ യേശു ഒരു പള്ളിയിൽ
ഉപദേശിച്ചുകൊണ്ടിരുന്നു. 11 ഒരു ദുരാത്മാവു
ബാധിച്ചതുമൂലം പതിനെട്ടുവർഷമായി ഒട്ടും
നിവിരുവാൻ കഴിയാതെ കൂനിയായിരുന്ന ഒരു
സ്ത്രീ അവിടെ ഉണ്ടായിരുന്നു. 12യേശു അവളെ
കണ്ട് അടുക്കെ വിളിച്ച്, ''സ്ത്രീയേ, നിൻെറ
രോഗബന്ധനത്തിൽനിന്നു നീ സ്വതന്ത്രയായി
രിക്കുന്നു'' എന്നു പറഞ്ഞ് 13അവളുടെമേൽ
കൈ വച്ചു. ഉടൻതന്നേ അവൾ നിവിർന്നു
ദൈവത്തെ മഹത്ത്വപ്പെടുത്തി.

14യേശു സൗഖ്യമാക്കിയത് ശബ്ബത്തിൽ
ആയിരുന്നതുകൊണ്ട് പള്ളിയിലെ അധികാരി
കോപം നിറഞ്ഞ് ജനങ്ങളോടു, ''വേലയ്ക്ക്
ആറു ദിവസമുണ്ടല്ലോ. ആ ദിവസങ്ങളിൽ വന്നു
സൗഖ്യമായിക്കൊള്ളണം, ശബ്ബത്തിൽ പാടില്ല.''
15അപ്പോൾ കർത്താവ് അവനോട് ഉത്തരം
പറഞ്ഞു: ''കപടഭക്തിക്കാരേ! ശബ്ബത്തിൽ
നിങ്ങൾ ഓരോരുത്തനും തൻെറ കാളയെയോ
കഴുതയെയോ തൊഴുത്തിൽ നിന്ന് അഴിച്ച്,
വെള്ളം കൊടുക്കാൻ പുറത്തേക്കു
കൊണ്ടുപോകുന്നില്ലേ? 16അബ്രാഹാമിൻെറ
മകളായ ഇവളെ സാത്താൻ പതിനെട്ടു വർ
ഷമായി ബന്ധനത്തിൽ വച്ചിരുന്നു. ശബ്ബത്തു
നാളിൽ അവളെ ബന്ധനത്തിൽനിന്ന് വിടുവി
ക്കേണ്ടതല്ലേ?''

17അദ്ദേഹം ഇതു പറഞ്ഞപ്പോൾ
അദ്ദേഹത്തിൻെറ എതിരാളികൾ എല്ലാം ലജ്ജി
ച്ചു; എന്നാൽ അദ്ദേഹം ചെയ്തുകൊണ്ടിരുന്ന
സകല അത്ഭുത കാര്യങ്ങളാലും ജനസമൂഹം
സന്തോഷിച്ചു.

### *കടുകുമണിയുടെയും പുളിച്ച മാവിൻെറയും ഉപമ*

18പിന്നെ യേശു പറഞ്ഞു: ''ദൈവരാജ്യം
എന്തിനോടു സദൃശം? ഞാൻ അതിനെ എന്തി
നോടാണ് ഉപമിക്കേണ്ടത്? 19ഒരു മനുഷ്യൻ
എടുത്തു തൻെറ തോട്ടത്തിൽ നട്ട കടുകുമണി
യോടു സദൃശമാണത്. അതു വളർന്നു
വൃക്ഷമായിത്തീരുകയും ആകാശത്തിലെ
പക്ഷികൾ അതിൻെറ ശാഖകളിൽ ചേക്കേറു
കയും ചെയ്തു''

20അദ്ദേഹം വീണ്ടും പറഞ്ഞു: ''ദൈവ
രാജ്യത്തെ ഞാൻ എന്തിനോടു ഉപമിക്കേണം?
21അതു പുളിച്ചമാവിനോടു സദൃശം; ഒരു സ്ത്രീ
അതെടുത്ത് ഏകദേശം മൂന്നുപറ [a] മാവിൽ,
അതു മുഴുവൻ പുളിച്ചുവരുന്നതുവരെ,
കലർത്തിവച്ചു.''

### *ഇടുങ്ങിയ വാതിൽ*

22അനന്തരം യേശു പട്ടണങ്ങളിലും ഗ്രാ
മങ്ങളിലും ഉപദേശിച്ചുകൊണ്ട് യെരൂശലേമി
ലേക്കു യാത്ര ചെയ്തു. 23ഒരാൾ യേശു
വിനോട്, ''കർത്താവേ, രക്ഷിക്കപ്പെടുന്നതു
തീരെ കുറച്ചുപേർ മാത്രമോ?'' എന്നു ചോദിച്ചു.

അദ്ദേഹം അവരോടു പറഞ്ഞു: 24''ഇടുക്കു
വാതിലിലൂടെ അകത്തു കടക്കുവാൻ ഉറ്റു
ശ്രമിപ്പിൻ; പലരും കടക്കുവാൻ ശ്രമിക്കും,
സാധിക്കുകയില്ലതാനും എന്നു ഞാൻ നിങ്ങ
ളോടു പറയുന്നു. 25വീട്ടുടയവൻ എഴുന്നേറ്റു
വാതിൽ അടച്ചു കഴിയുമ്പോൾ, നിങ്ങൾ
വെളിയിൽ നിന്നുകൊണ്ടു മുട്ടുകയും 'യജമാ
നനേ, ഞങ്ങൾക്കു തുറന്നുതരേണമേ' എന്നു
പറഞ്ഞുതുടങ്ങുകയും ചെയ്യും. എന്നാൽ
അയാൾ, "നിങ്ങൾ എവിടെനിന്നുള്ളവർ എന്നു
ഞാൻ അറിയുന്നില്ല എന്നു ഞാൻ നിങ്ങളോടു
പറയുന്നു."

26''അപ്പോൾ നിങ്ങൾ: 'ഞങ്ങൾ അങ്ങയുടെ
കൂടെ തിന്നുകയും കുടിക്കുകയും അങ്ങു

[a] 21 ഗ്രീക്കിൽ, മൂന്നു സത (ഏകദേശം 22 ലിറ്റർ)

ഞങ്ങളുടെ തെരുവുകളിൽ ഉപദേശിക്കുകയും
ചെയ്തിട്ടുണ്ടല്ലോ' എന്നു പറയും.
27 "എന്നാൽ അയാൾ: 'ഞാൻ നിങ്ങളെ
അറിയുന്നില്ല, നിങ്ങൾ എവിടെ നിന്നെന്നും
അറിയുന്നില്ല. അധർമ്മം പ്രവർത്തിക്കുന്നവരേ,
നിങ്ങൾ ഏവരും എന്നെ വിട്ടുപോകുവിൻ'
എന്ന് ഉത്തരം പറയും.
28 "അബ്രാഹാമും യിസ്ഹാക്കും
യാക്കോബും സകലപ്രവാചകന്മാരും ദൈവ
രാജ്യത്തിൽ ഇരിക്കുന്നതും നിങ്ങളെ പുറന്ത
ള്ളിയിരിക്കുന്നതും കാണുമ്പോൾ കരച്ചിലും
പല്ലുകടിയും ഉണ്ടാകും. 29കിഴക്കുനിന്നും
പടിഞ്ഞാറുനിന്നും വടക്കുനിന്നും തെക്കു
നിന്നും പലർ വന്ന് ദൈവരാജ്യത്തിലെ വിരു
ന്നിനു പന്തിയിൽ ഇരിക്കും. 30മുമ്പന്മാരായി
ത്തീരുന്ന പിമ്പന്മാരുണ്ട്; പിമ്പന്മാരായി
ത്തീരുന്ന മുമ്പന്മാരും ഉണ്ട്."

*യെരൂശലേമിനെപ്പറ്റിയുള്ള യേശുവിന്റെ വിലാപം*

31ആ സമയത്തു ചില പരീശന്മാർ
യേശുവിന്റെ അടുക്കൽ വന്ന് അദ്ദേഹത്തോട്,
"ഇവിടംവിട്ടുപൊയ്ക്കൊള്ളുക, ഹെരോദാവ്
താങ്കളെ കൊല്ലുവാൻ ഉദ്ദേശിക്കുന്നു" എന്നു
പറഞ്ഞു.
32അതിന് യേശു മറുപടി പറഞ്ഞത്: "നിങ്ങൾ
ചെന്ന്, ആ കുറുക്കനോട്, 'ഞാൻ ഇന്നും
നാളെയും ഭൂതങ്ങളെ പുറത്താക്കുകയും
രോഗശാന്തി നല്കുകയും മൂന്നാം ദിവസം
ലക്ഷ്യം പ്രാപിക്കുകയും ചെയ്യും' എന്നു
പറയുക. 33 എന്തായാലും ശരി, ഇന്നും
നാളെയും മറ്റന്നാളും ഞാൻ സഞ്ചരിക്കേണ്ട
താകുന്നു, ഒരു പ്രവാചകനും യെരൂശലേമിനു
പുറത്തുവച്ചു മരിക്കാൻ സാധിക്കുകയില്ലല്ലോ!
34യെരൂശലേമേ, യെരൂശലേമേ, പ്രവാ
ചകന്മാരെ കൊല്ലുകയും നിന്റെ അടുക്കൽ
അയയ്ക്കപ്പെട്ടവരെ കല്ലെറിയുകയും ചെയ്യു
ന്നവളേ, കോഴി തന്റെ കുഞ്ഞുങ്ങളെ ചിറ
കിൻകീഴിൽ അണയ്ക്കുന്നതുപോലെ നിന്റെ
മക്കളെ അണച്ചുകൊള്ളുവാൻ എത്രവട്ടം ഞാൻ
ആഗ്രഹിച്ചു. എന്നാൽ നിനക്കോ മനസ്സു
ണ്ടായില്ല. 35ഇതാ, നിന്റെ ഭവനം ശൂന്യമാ
യിരിക്കുന്നു. 'കർത്താവിന്റെ നാമത്തിൽ
വരുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ'[a] എന്നു നീ
പറയുന്നതുവരെ ഇനി നീ എന്നെ കാണുക
യില്ല എന്നു ഞാൻ നിന്നോടു പറയുന്നു."

*യേശു ഒരു പരീശന്റെ വീട്ടിൽ*

14 ഒരു ശബ്ബത്തിൽ, പരീശനായ ഒരു പ്രമാ
ണിയുടെ വീട്ടിൽ യേശു ഭക്ഷണം
കഴിപ്പാൻ ചെന്നപ്പോൾ അവർ അദ്ദേഹത്തെ
ഉറ്റുനോക്കിക്കൊണ്ടിരുന്നു. 2അവിടെ,
മഹോദരംകൊണ്ടു കഷ്ടപ്പെട്ടിരുന്ന ഒരു
മനുഷ്യൻ അദ്ദേഹത്തിന്റെ മുമ്പിൽ
ഉണ്ടായിരുന്നു. 3യേശു പരീശന്മാരോടും
ന്യായശാസ്ത്രിമാരോടും: "ശബ്ബത്തിൽ
സൗഖ്യമാക്കുന്നതു നിയമാനുസൃതമോ
അല്ലയോ?" എന്നു ചോദിച്ചു. 4എന്നാൽ അവർ
മിണ്ടാതിരുന്നു. യേശു അവനെ തൊട്ടു
സൗഖ്യമാക്കി വിട്ടയച്ചു.
5പിന്നെ അദ്ദേഹം അവരോടു ചോദിച്ചു:
"നിങ്ങളിൽ ഒരാളിന്റെ മകനോ [b] കാളയോ
ശബ്ബത്തുദിവസത്തിൽ കിണറ്റിൽ വീണാൽ
നിങ്ങൾ ഉടൻതന്നേ വലിച്ചെടുക്കുകയില്ലേ?"
6അവർക്ക് ഒന്നും പറയാനുണ്ടായിരുന്നില്ല.
7അതിഥികൾ വിരുന്നിൽ മാന്യസ്ഥാനങ്ങൾ
തിരഞ്ഞെടുക്കുന്നതു കണ്ടിട്ട് അദ്ദേഹം
അവരോട് ഈ ഉപമ പറഞ്ഞു: 8"നിന്നെ ഒരാൾ
കല്യാണവിരുന്നിനു ക്ഷണിച്ചാൽ മുഖ്യാസന
ത്തിൽ ഇരിക്കരുത്; നിന്നെക്കാൾ വിശി
ഷ്ടനായ ഒരുവനെ അയാൾ ക്ഷണിച്ചിട്ടുണ്ടാ
യിരിക്കാം. 9അങ്ങനെയെങ്കിൽ, നിങ്ങളെ
ഇരുവരെയും ക്ഷണിച്ചവൻ വന്ന് നിന്നോട്:
'നിന്റെ ഇരിപ്പിടം ഇദ്ദേഹത്തിനു കൊടുക്കുക'
എന്നു പറയും. അപ്പോൾ നിനക്ക് അപമാനിത
നായി ഒടുവിലത്തെ ഇരിപ്പിടത്തിൽ പോയി
ഇരിക്കേണ്ടിവരും. 10എന്നാൽ നിന്നെ ക്ഷണി
ക്കുമ്പോൾ ചെന്ന് ഏറ്റവും ഒടുവിലത്തെ
സ്ഥലത്തു ഇരിക്കുക; നിന്റെ ആതിഥേയൻ
വരുമ്പോൾ നിന്നോട്: 'സ്നേഹിതാ,
മുമ്പോട്ടുകയറി നല്ല ഇരിപ്പിടത്തിൽ ഇരിക്കുക'
എന്നു പറയും. അപ്പോൾ നിന്നോടൊപ്പം
ഭക്ഷണത്തിനിരിക്കുന്ന എല്ലാവരുടെയും
മുമ്പാകെ നീ ആദരിക്കപ്പെടും. 11തന്നെത്താൻ
ഉയർത്തുന്നവൻ താഴ്ത്തപ്പെടും; തന്നെത്താൻ
താഴ്ത്തുന്നവനോ ഉയർത്തപ്പെടും."
12 പിന്നെ യേശു തന്റെ ആതിഥേയനോടു
പറഞ്ഞു: "നീ ഉച്ചയ്ക്കോ രാത്രിയിലോ വിരുന്നു
നടത്തുമ്പോൾ നിന്റെ സ്നേഹിതരെയോ
സഹോദരന്മാരെയോ ബന്ധുക്കളെയോ
ധനികരായ അയല്ക്കാരെയോ ക്ഷണിക്കരുത്;
ക്ഷണിച്ചാൽ അവർ തിരിച്ചു നിന്നെയും
ക്ഷണിക്കും, അങ്ങനെ നിനക്കു പ്രതിഫലം
ലഭിക്കും. 13 എന്നാൽ നീ ഒരു വിരുന്നു
നടത്തുമ്പോൾ ദരിദ്രർ, വികലാംഗർ, മുടന്തർ,
അന്ധർ എന്നിവരെ ക്ഷണിക്കുക; 14എന്നാൽ
നീ അനുഗ്രഹിക്കപ്പെടും. നിന്റെ കടം
വീട്ടുവാൻ അവർക്കു കഴിവില്ലെങ്കിലും
നീതിമാന്മാരുടെ പുനരുത്ഥാനത്തിൽ നിനക്കു
പ്രതിഫലം ലഭിക്കും."

[a] 35 സങ്കീർത്തനം 118: 26 [b] 5 ചില കയ്യെഴുത്തുപ്രതികളിൽ, *കഴുതയോ*

*വലിയ വിരുന്നിൻെറ ഉപമ*

15യേശുവിനോടുകൂടെ ഭക്ഷണത്തിനിരുന്ന
വരിൽ ഒരാൾ ഇതുകേട്ട് അദ്ദേഹത്തോട്:
''ദൈവരാജ്യത്തിലെ വിരുന്നിൽ പങ്കെടു
ക്കുന്നവൻ അനുഗൃഹീതൻ'' എന്നു പറഞ്ഞു.
16അതിന് യേശു മറുപടി പറഞ്ഞത്: ''ഒരു
മനുഷ്യൻ വലിയൊരു വിരുന്നൊരുക്കി; അയാൾ
അനേകരെ ക്ഷണിച്ചിരുന്നു. 17വിരുന്നിൻെറ
സമയമായപ്പോൾ അയാൾ തൻെറ ഭൃത്യനെ
അയച്ചു ക്ഷണിക്കപ്പെട്ടവരോട്: 'വരിക, എല്ലാം
തയ്യാറായിരിക്കുന്നു' എന്നു പറയിച്ചു.
18"എന്നാൽ അവരെല്ലാവരും ഒഴികഴിവുകൾ
പറഞ്ഞുതുടങ്ങി. ഒന്നാമൻ പറഞ്ഞു: 'ഞാ
നൊരു വയൽ വാങ്ങിയിരിക്കുന്നു, അതു ചെന്നു
കാണേണ്ട ആവശ്യമുണ്ട്; ദയവു ചെയ്ത്
എന്നോടു ക്ഷമിക്കണം'.
19"മറ്റൊരാൾ പറഞ്ഞു: 'ഞാൻ അഞ്ചു
ജോഡി കാളകളെ വാങ്ങിയിരിക്കുന്നു. അവയെ
പരീക്ഷിക്കേണ്ട ആവശ്യമുണ്ട്; ദയവു ചെയ്ത്
എന്നോടു ക്ഷമിക്കണം'
20 "വേറൊരാൾ പറഞ്ഞു: 'ഞാൻ വിവാഹം
കഴിച്ചിരിക്കുന്നു; അതുകൊണ്ട് എനിക്കു വരാൻ
പറ്റുകയില്ല.'
21"ആ ഭൃത്യൻ മടങ്ങിവന്ന് ഇതു തൻെറ
യജമാനനെ അറിയിച്ചു. അപ്പോൾ വീട്ടുടയവൻ
കോപിച്ച്, ഭൃത്യനോട്: 'നീ തെരുവുകളിലും
പട്ടണത്തിൻെറ ഇടവഴികളിലുംചെന്ന് ദരിദ്ര
രെയും അംഗഹീനരെയും അന്ധരെയും മുടന്ത
രെയും കൂട്ടിക്കൊണ്ടു വരിക' എന്നു പറഞ്ഞു.
22 "പിന്നെ ആ ഭൃത്യൻ: 'യജമാനനേ, അങ്ങു
കല്പിച്ചതു ചെയ്തിരിക്കുന്നു; എന്നാൽ
ഇനിയും സ്ഥലമുണ്ട്' എന്ന് അറിയിച്ചു.
23"അപ്പോൾ യജമാനൻ ഭൃത്യനോട്: 'നീ
പെരുവഴികളിലും നാട്ടുവഴികളിലും ചെന്ന്
ആളുകളെ അകത്തേക്കു കൂട്ടിക്കൊണ്ടുവരിക;
അങ്ങനെ എൻെറ വീടു നിറയട്ടെ. 24 ക്ഷണിക്ക
പ്പെട്ടവരിൽ ആരും എൻെറ വിരുന്ന് ആസ്വദി
ക്കുകയില്ല എന്നു ഞാൻ നിങ്ങളോടു
പറയുന്നു.''

*ശിഷ്യനായിരിക്കുന്നതിനു നല്കേണ്ട വില*

25വലിയ ജനക്കൂട്ടം യേശുവിനോടുകൂടെ
സഞ്ചരിച്ചിരുന്നു. യേശു അവരുടെ നേർക്കു
തിരിഞ്ഞ് അവരോടു പറഞ്ഞത്: 26 ''ഒരുവൻ
എൻെറ അടുക്കൽ വരികയും തൻെറ അപ്പനെ
യും അമ്മയെയും ഭാര്യയെയും മക്കളെയും
സഹോദരന്മാരെയും സഹോദരിമാരെയും
സ്വന്തം ജീവനെത്തന്നെയും വെറുക്കാതിരിക്കു
കയും ചെയ്യുന്നുവെങ്കിൽ അവന് എൻെറ ശിഷ്യ
നായിരിക്കുവാൻ സാധ്യമല്ല. 27തൻെറ ക്രൂശ്
എടുത്തുകൊണ്ട് എന്നെ അനുഗമിക്കാത്തവ
നും എൻെറ ശിഷ്യനായിരിക്കുവാൻ സാധ്യമല്ല.
28''നിങ്ങളിൽ ഒരാൾ ഒരു ഗോപുരം പണി
യുവാൻ ആഗ്രഹിക്കുന്നുവെന്നിരിക്കട്ടെ. അവൻ
ആദ്യം ഇരുന്ന്, അതു പൂർത്തിയാക്കുവാൻ
വേണ്ടുന്ന പണം ഉണ്ടോ എന്നു കണക്കു
കൂട്ടുകയില്ലേ? 29അല്ലെങ്കിൽ, അടിസ്ഥാനം
ഇട്ടിട്ട് അവന് അത് പൂർത്തീകരിക്കുവാൻ
കഴിയാതെ പോയാൽ അതു കാണുന്നവർ
എല്ലാവരും പരിഹസിച്ചു പറയും: 30'ഇയാൾ
പണിയാൻ തുടങ്ങി; എന്നാൽ തീർക്കാൻ
കഴിവില്ലാതെ പോയി'.
31''ഒരു രാജാവു മറ്റൊരു രാജാവിനോടു
യുദ്ധം ചെയ്യാൻ പോകുന്നുവെന്നു സങ്കല്പി
ക്കുക. അയാൾ ആദ്യം ഇരുന്ന്, തനിക്കുനേരേ
ഇരുപതിനായിരവുമായി വരുന്നവനോട്
എതിരിടുവാൻ പതിനായിരത്തെക്കൊണ്ടു
തനിക്കു സാധിക്കുമോ എന്ന് ആലോചിക്കു
കയില്ലേ? 32അതിനു കഴിവില്ലെങ്കിൽ, മറ്റെ
രാജാവ് ബഹുദൂരത്ത് ആയിരിക്കുമ്പോൾ
ത്തന്നേ ഒരു പ്രതിനിധി സംഘത്തെ അയച്ച്
സമാധാനവ്യവസ്ഥകൾക്കായി അപേക്ഷി
ക്കുന്നു. 33അതുപോലെ തന്നേ, നിങ്ങളിൽ
ആരെങ്കിലും തനിക്കുള്ളതെല്ലാം വിട്ടുകള
യുന്നില്ലെങ്കിൽ അവന് എൻെറ ശിഷ്യനാ
യിരിക്കുവാൻ സാധ്യമല്ല.
34 ''ഉപ്പു നല്ലതുതന്നേ; എന്നാൽ അതിൻെറ
സ്വാദ് നഷ്ടപ്പെട്ടുപോയാൽ അതിനു വീണ്ടും
ഉപ്പുരസം വരുത്തുന്നതെങ്ങനെ? 35അതു
മണ്ണിനാകട്ടെ വളത്തിനാകട്ടെ യോജിച്ചതല്ല;
മനുഷ്യർ അതിനെ പുറത്തെറിഞ്ഞുകളയും.
കേൾക്കുവാൻ ചെവിയുള്ളവൻ കേൾക്കട്ടെ.''

*കാണാതെപോയ ആടിൻെറ ഉപമ*

15 ചുങ്കക്കാരും പാപികളുമെല്ലാം യേശു
വിൻെറ വചനം കേൾക്കുവാൻ അദ്ദേഹ
ത്തിൻെറ അടുക്കൽ വന്നുകൂടി. 2എന്നാൽ
പരീശന്മാരും ന്യായശാസ്ത്രിമാരും, ''ഈ
മനുഷ്യൻ പാപികളെ സ്വീകരിച്ച് അവരോ
ടൊപ്പം ആഹാരം കഴിക്കുന്നു'' എന്നു പിറു
പിറുത്തു.
3അപ്പോൾ യേശു അവരോട് ഈ ഉപമ
പറഞ്ഞു: '' 4നിങ്ങളിൽ ഒരാൾക്ക് നൂറ് ആട്
ഉണ്ടെന്നിരിക്കട്ടെ. അവയിൽ ഒന്നു കാണാതെ
പോയാൽ, അവൻ തൊണ്ണൂറ്റിയൊമ്പതിനെയും
വെളിമ്പ്രദേശത്തു വിട്ടിട്ടു നഷ്ടമായതിനെ
കണ്ടെത്തുന്നതുവരെ അന്വേഷിച്ചു പോകുകയി
ല്ലേ? 5കണ്ടെത്തുമ്പോൾ അവൻ അതിനെ
ചുമലിലേറ്റി സന്തോഷിക്കുന്നു. 6പിന്നെ അവൻ
സ്നേഹിതരെയും അയല്ക്കാരെയും വിളിച്ചു
കൂട്ടി അവരോട്, 'എന്നോടുകൂടെ സന്തോഷി
ക്കുക, എൻെറ കാണാതെപോയ ആടിനെ

കണ്ടുകിട്ടിയിരിക്കുന്നു' എന്നു പറയും.
7ഇപ്രകാരംതന്നെ മാനസാന്തരത്തിൻെറ
ആവശ്യമില്ലാത്ത തൊണ്ണൂറ്റിയൊമ്പതു
നീതിമാന്മാരെക്കുറിച്ചുള്ളതിനെക്കാൾ അധികം
സന്തോഷം മാനസാന്തരപ്പെടുന്ന ഒരു
പാപിയെക്കുറിച്ചുണ്ടാകും എന്നു ഞാൻ
നിങ്ങളോടു പറയുന്നു.

*കാണാതെ പോയ നാണയത്തിൻെറ ഉപമ*

8''ഒരു സ്ത്രീക്കു പത്തു ദ്രഹ്മ[a] ഉണ്ടെന്നി
രിക്കട്ടെ. അവയിൽ ഒന്നു കാണാതെ പോയാൽ
അവൾ വിളക്കു കത്തിച്ചു വീട് അടിച്ചുവാരി
അതു കണ്ടുകിട്ടുന്നതുവരെ സൂക്ഷ്മതയോടെ
അന്വേഷിക്കുകയില്ലേ? 9അതു കണ്ടുകിട്ടു
മ്പോൾ അവൾ കൂട്ടുകാരികളെയും അയല്ക്കാ
രികളെയും വിളിച്ചുകൂട്ടി, 'എന്നോടുകൂടെ
സന്തോഷിക്കുക, നഷ്ടപ്പെട്ടുപോയ എൻെറ
ദ്രഹ്മ കണ്ടുകിട്ടിയിരിക്കുന്നു' എന്നു പറയും.
10''അതുപോലെതന്നേ, മാനസാന്തരപ്പെ
ടുന്ന ഒരു പാപിയെക്കുറിച്ചു ദൈവദൂതന്മാരുടെ
മുമ്പാകെ സന്തോഷം ഉണ്ടാകും.''

*നഷ്ടപ്പെട്ടുപോയ മകൻെറ ഉപമ*

11യേശു തുടർന്നു പറഞ്ഞു: ''ഒരു മനുഷ്യനു
രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു. 12അവരിൽ
ഇളയവൻ പിതാവിനോട്, 'അപ്പാ, സ്വത്തിൽ
എനിക്കുള്ള പങ്കു തരണം' എന്നു പറഞ്ഞു.
അയാൾ തൻെറ വസ്തുവകകൾ അവർക്കു
വീതിച്ചുകൊടുത്തു.
13"ഏറെക്കാലം ആകുന്നതിനുമുമ്പ്, ഇളയ
മകൻ തനിക്കുള്ളതെല്ലാം ശേഖരിച്ച് ദൂര
ദേശത്തേക്കു യാത്രയായി; അവിടെ ക്രമംകെട്ട
ജീവിതം നയിച്ചു സ്വത്തു ധൂർത്തടിച്ചു.
14സകലവും ചെലവഴിച്ചശേഷം ആ ദേശ
ത്തെല്ലായിടത്തും കഠിനക്ഷാമം ഉണ്ടായി.
അവൻ ഞെരുക്കത്തിലായിത്തുടങ്ങി. 15ദേശ
ത്തിലെ ഒരു പൗരൻെറ അടുക്കൽ അവൻ ചെന്ന്
അയാളെ ആശ്രയിച്ചു. അയാൾ തൻെറ
പന്നികളെ മേയിക്കുവാൻ അവനെ വയലിലേക്ക്
അയച്ചു. 16പന്നികൾക്കുള്ള തീറ്റകൊണ്ടു വയറു
നിറയ്ക്കാൻ അവൻ കൊതിച്ചു. എന്നാൽ
അവന് ആരും ഒന്നും കൊടുത്തില്ല. 17അപ്പോൾ
അവനു സ്വയബോധം ഉണ്ടായി: 'എൻെറ
അപ്പൻെറ എത്രയോ കൂലിക്കാർ ആഹാരം
കഴിച്ചു ശേഷിപ്പിക്കുന്നു; ഞാനോ ഇവിടെ
വിശപ്പുകൊണ്ടു ചാകുന്നു. 18 ഞാൻ പുറപ്പെട്ട്
അപ്പൻെറ അടുക്കൽ മടങ്ങിച്ചെന്ന് അപ്പനോടു
പറയും: ''അപ്പാ, ഞാൻ സ്വർഗ്ഗത്തോടും
അങ്ങയോടും പാപം ചെയ്തിരിക്കുന്നു; 19ഇനി
അങ്ങയുടെ മകൻ എന്നു വിളിക്കപ്പെടുവാൻ
ഞാൻ യോഗ്യനല്ല; അങ്ങയുടെ കൂലിവേല
ക്കാരിൽ ഒരുത്തനെപ്പോലെ എന്നെ
ആക്കണമേ." 20അങ്ങനെ, അവൻ എഴുന്നേറ്റ്
പിതാവിൻെറ അടുത്തേക്കുപോയി.
അകലെവച്ചു തന്നേ പിതാവ് അവനെ കണ്ടു,
അവനോടു മനസ്സലിഞ്ഞു; അദ്ദേഹം ഓടിച്ചെന്ന്
അവനെ കെട്ടിപ്പിടിച്ചു ചുംബിച്ചു.
21 "മകൻ അദ്ദേഹത്തോടു പറഞ്ഞു: 'അപ്പാ,
ഞാൻ സ്വർഗ്ഗത്തോടും അങ്ങയോടും പാപം
ചെയ്തിരിക്കുന്നു; ഇനി അങ്ങയുടെ മകൻ
എന്നു വിളിക്കപ്പെടാൻ ഞാൻ യോഗ്യനല്ല.' [b]
22 "പിതാവ് തൻെറ ഭൃത്യന്മാരോടു പറഞ്ഞു:
'വേഗം ഏറ്റവും നല്ല മേലങ്കി കൊണ്ടുവന്ന്
ഇവനെ ധരിപ്പിക്കുക. ഇവൻെറ വിരലിൽ
മോതിരവും കാലിൽ ചെരിപ്പും ഇടുക. 23കൊഴു
ത്ത കാളക്കുട്ടിയെ കൊണ്ടുവന്ന് അറുക്കുക;
നമുക്കൊരു വിരുന്നു കഴിച്ച് ആഹ്ലാദിക്കാം.
24എൻെറ ഈ മകൻ മരിച്ചവനായിരുന്നു;
വീണ്ടും ജീവിച്ചിരിക്കുന്നു: കാണാതെ പോയി
രുന്നു. കണ്ടുകിട്ടിയിരിക്കുന്നു' അങ്ങനെ അവർ
ആഹ്ലാദിച്ചു തുടങ്ങി.
25"ഈ സമയം മൂത്തമകൻ വയലിൽ ആയി
രുന്നു. അവൻ വീടിനോട് അടുത്തപ്പോൾ
നൃത്തസംഗീതങ്ങളുടെ ഘോഷം കേട്ടു. 26വേല
ക്കാരിൽ ഒരാളെ വിളിച്ച് എന്താണ് അവിടെ
നടക്കുന്നതെന്നു ചോദിച്ചു. 27'താങ്കളുടെ
സഹോദരൻ വന്നിട്ടുണ്ട്, അയാളെ
ആപത്തുകൂടാതെ തിരികെക്കിട്ടിയതുകൊണ്ട്
അങ്ങയുടെ പിതാവ് കൊഴുത്ത കാളക്കുട്ടിയെ
അറുത്തിരിക്കുന്നു' എന്ന് അവൻ ഉത്തരം
പറഞ്ഞു.
28"അപ്പോൾ മൂത്ത മകൻ കോപിച്ച്
അകത്തുകടക്കുവാൻ വിസമ്മതിച്ചു. പിതാവു
പുറത്തുചെന്ന് അവനോടു കേണപേക്ഷിച്ചു.
29 എന്നാൽ അവൻ പിതാവിനോടു പറഞ്ഞു:
'ഇതാ ഇത്രയും വർഷങ്ങളായി ഞാൻ അങ്ങ
യെ സേവിക്കുന്നു. ഒരിക്കൽപ്പോലും അങ്ങ
യുടെ ആജ്ഞകൾ ലംഘിച്ചിട്ടില്ല. എങ്കിലും
എൻെറ ചങ്ങാതികളോടൊത്ത് ആനന്ദിക്കേ
ണ്ടതിന് അങ്ങ് എനിക്കൊരു ആട്ടിൻകുട്ടിയെ
പ്പോലും ഒരിക്കലും തന്നിട്ടില്ല. 30 എന്നാൽ
വേശ്യമാരോടുകൂടെ അങ്ങയുടെ സ്വത്തു
ധൂർത്തടിച്ച അങ്ങയുടെ ഈ മകൻ വീട്ടിൽ
വന്നപ്പോൾ, കൊഴുത്ത കാളക്കുട്ടിയെ അവനു
വേണ്ടി അറുത്തിരിക്കുന്നുവല്ലോ!'
31"അപ്പോൾ പിതാവു പറഞ്ഞു: 'മകനേ, നീ
എപ്പോഴും എൻെറ കൂടെ ഉണ്ടല്ലോ. എനിക്കു
ള്ളതെല്ലാം നിൻേറതത്രേ. 32 നിൻെറ ഈ

[a] 8 ഒരോന്നും ഒരു ദിവസത്തെ കൂലിക്കു തുല്യം. [b] 21 ചില പുരാതന കയ്യെഴുത്തുപ്രതികളിൽ, *യോഗ്യനല്ല; അങ്ങയുടെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കണമേ.*

സഹോദരൻ മരിച്ചവനായിരുന്നു; വീണ്ടും
ജീവിച്ചിരിക്കുന്നു; ഇവൻ നഷ്ടപ്പെട്ടുപോയി
രുന്നു; ഇപ്പോൾ കണ്ടുകിട്ടിയിരിക്കുന്നു.
അതുകൊണ്ട് നാം ആനന്ദിച്ച് ഉല്ലസിക്കേണ്ടത്
ആവശ്യമായിരുന്നു.”

*തന്ത്രശാലിയായ കാര്യസ്ഥൻ*

16 പിന്നെ യേശു ശിഷ്യന്മാരോടു
പറഞ്ഞു: “ധനവാനായ ഒരു മനുഷ്യൻ
ഉണ്ടായിരുന്നു. അയാളുടെ സ്വത്ത് കാര്യസ്ഥൻ
പാഴാക്കുന്നതായി പരാതിയുണ്ടായി. 2അയാൾ
അവനെ വിളിച്ചു പറഞ്ഞു: ‘നിന്നെക്കുറിച്ചു
ഈ കേൾക്കുന്നത് എന്ത്? നിന്റെ
കാര്യനിർവ്വഹണത്തിന്റെ കണക്ക് ഏല്പിച്ചു
തരിക. നീ ഇനിമേൽ കാര്യസ്ഥനായി തുടരാൻ
പാടില്ല.’
3അപ്പോൾ കാര്യസ്ഥൻ തന്നോടുതന്നെ
പറഞ്ഞു: ‘ഞാൻ ഇപ്പോൾ എന്താണു ചെയ്യേ
ണ്ടത്? യജമാനൻ എന്നെ ജോലിയിൽ നിന്നു
നീക്കാൻ പോകുന്നു. കിളയ്ക്കാൻ എനിക്കു
ത്രാണിയില്ല; ഭിക്ഷ യാചിക്കുവാൻ ഞാൻ
ലജ്ജിക്കുന്നു. 4അതുകൊണ്ട്, എനിക്കു ജോലി
നഷ്ടപ്പെടുമ്പോൾ ജനങ്ങൾ അവരുടെ
വീട്ടിലേയ്ക്ക് എന്നെ സ്വീകരിക്കേണ്ടതിനു
ഞാൻ എന്തു ചെയ്യണമെന്ന് എനിക്കറിയാം.’
5 പിന്നെ അവൻ യജമാനന്റെ കടക്കാരിൽ
ഓരോരുത്തനെ അകത്തേക്കു വിളിച്ചു
ഒന്നാമത്തവനോടു ചോദിച്ചു: ‘നീ യജമാനനു
കൊടുക്കാനുള്ളത് എത്രയാണ്?’
6‘നൂറു കുടം [a]ഒലിവെണ്ണ,’ അവൻ മറുപടി
പറഞ്ഞു.
കാര്യസ്ഥൻ അവനോട്, ‘നിന്റെ ചീട്ട് വാങ്ങി,
വേഗം ഇരുന്ന് അത് അമ്പത് എന്നാക്കുക’ എന്നു
പറഞ്ഞു.
7 രണ്ടാമത്തവനോട് അവൻ ചോദിച്ചു: ‘നീ
കൊടുക്കാനുള്ളത് എത്ര?’
‘നൂറു പറ [b]ഗോതമ്പ്,’ അവൻ ഉത്തരം
പറഞ്ഞു.
‘നിന്റെ ചീട്ടു വാങ്ങി അത് എൺപത്
എന്നാക്കുക’ എന്നു കാര്യസ്ഥൻ പറഞ്ഞു.
8“അവിശ്വസ്തനായ കാര്യസ്ഥൻ അതി
ബുദ്ധിയോടെ പ്രവർത്തിച്ചതുകൊണ്ട് യജമാ
നൻ അവനെ ശ്ലാഘിച്ചു. ഈ ലോകത്തിന്റെ
മക്കൾ തങ്ങളുടെ തലമുറക്കാരോടു ഇടപെ
ടുന്ന കാര്യത്തിൽ വെളിച്ചത്തിന്റെ മക്കളെ
ക്കാൾ സാമർത്ഥ്യമുള്ളവരത്രേ. 9ഞാൻ നിങ്ങ
ളോടു പറയുന്നു, ലൗകികസമ്പത്തുകൊണ്ടു
നിങ്ങൾ സ്നേഹിതരെ സമ്പാദിച്ചുകൊള്ളുക;
അത് ഇല്ലാതാകുമ്പോൾ നിത്യഭവനങ്ങളിൽ
നിങ്ങൾ സ്വീകരിക്കപ്പെടും.
10“അത്യല്പത്തിൽ വിശ്വസ്തനായവൻ
അധികത്തിലും വിശ്വസ്തൻ; അത്യല്പത്തിൽ
അവിശ്വസ്തനായവൻ അധികത്തിലും അവി
ശ്വസ്തൻ. 11ലൗകികസമ്പത്തു കൈകാര്യം
ചെയ്യുന്നതിൽ നിങ്ങൾ വിശ്വസ്തരല്ലെങ്കിൽ
യഥാർത്ഥമായതു നിങ്ങളെ ആര് ഭരമേല്
പിക്കും? 12നിങ്ങൾ മറ്റൊരുവന്റെ വസ്തുവക
കളുടെ കാര്യത്തിൽ വിശ്വസ്തരായില്ലെങ്കിൽ
സ്വന്തമായതു നിങ്ങൾക്കു ആര് തരും?
13രണ്ട് യജമാനന്മാരെ സേവിക്കാൻ ഒരു
ഭൃത്യനും സാധ്യമല്ല. ഒന്നുകിൽ അവൻ ഒരുവനെ
ദ്വേഷിച്ച് മറ്റവനെ സ്നേഹിക്കും; അല്ലെങ്കിൽ
ഒന്നാമനോടു പറ്റിച്ചേർന്ന് മറ്റവനെ
തള്ളിക്കളയും. നിങ്ങൾക്കു ദൈവത്തെയും
ധനത്തെയും സേവിക്കാൻ സാധിക്കയില്ല.”
14 ദ്രവ്യാഗ്രഹികളായ പരീശന്മാർ ഇതെല്ലാം
കേട്ട് യേശുവിനെ പരിഹസിച്ചു. 15 അദ്ദേഹം
അവരോടു പറഞ്ഞു: “നിങ്ങൾ മനുഷ്യരുടെ
മുമ്പാകെ നിങ്ങളെത്തന്നേ നീതീകരിക്കുന്ന
വരാകുന്നു. എന്നാൽ ദൈവം നിങ്ങളുടെ
ഹൃദയം അറിയുന്നു. മനുഷ്യരുടെയിടയിൽ
ഉന്നതമായത് ദൈവദൃഷ്ടിയിൽ മ്ലേച്ഛമാണ്.
16“ന്യായപ്രമാണത്തിന്റെയും പ്രവാചകരു
ടെയുംകാലം യോഹന്നാൻവരെയായിരുന്നു.
അതിനുശേഷം ദൈവരാജ്യത്തിന്റെ സുവി
ശേഷം അറിയിക്കപ്പെടുകയാണ്. ബലപ്ര
യോഗംകൊണ്ട് എല്ലാവരും അതിൽ പ്രവേ
ശിക്കുവാൻ ശ്രമിക്കുന്നു. 17ന്യായപ്രമാണ
ത്തിലെ ഒരു വള്ളിയോ പുള്ളിയോ ഇല്ലാതെ
പോകുന്നതിനെക്കാൾ ആകാശവും ഭൂമിയും
മാറിപ്പോകുന്നത് എളുപ്പം.
18 “ഭാര്യയെ ഉപേക്ഷിച്ചു മറ്റൊരു സ്ത്രീയെ
വിവാഹം ചെയ്യുന്നവൻ വ്യഭിചാരം ചെയ്യുന്നു;
ഉപേക്ഷിക്കപ്പെട്ടവളെ വിവാഹം ചെയ്യുന്നവനും
വ്യഭിചാരം ചെയ്യുന്നു.

*ധനവാനും ലാസറും*

19 “ഒരു ധനവാൻ ഉണ്ടായിരുന്നു. അയാൾ
ധൂമ്രവസ്ത്രവും പട്ടും ധരിച്ച് പ്രതിദിനം ആഡം
ബരജീവിതം നയിച്ചുപോന്നു. 20 അയാളുടെ
പടിക്കൽ ദേഹം ആസകലം വ്രണങ്ങൾ നിറ
ഞ്ഞവനായി, 21ലാസർ എന്നു പേരായ ഒരു
യാചകൻ, ധനവാന്റെ മേശയിൽനിന്നു വീഴു
ന്നതുകൊണ്ടു വിശപ്പടക്കുവാൻ ആഗ്രഹിച്ചു
കിടന്നിരുന്നു. നായ്ക്കൾ വന്ന് അയാളുടെ
വ്രണങ്ങൾ നക്കിയിരുന്നു.
22“ആ യാചകൻ മരിച്ചപ്പോൾ ദൈവദൂതന്മാർ
അയാളെ അബ്രാഹാമിന്റെ അടുത്തേക്കു

[a] 6 ഗ്രീക്കിൽ, നൂറ് *ബത്തസ്* (ഏകദേശം 3000 ലിറ്റർ എന്നു കണക്കാക്കപ്പെടുന്നു.) [b] 7 ഗ്രീക്കിൽ, *നൂറു കൊറസ്* (ഏകദേശം 35,000 ലിറ്റർ എന്നു കണക്കാക്കപ്പെടുന്നു.)

കൊണ്ടുപോയി. ധനവാനും മരിച്ച് അടക്കപ്പെട്ടു.
23പാതാളത്തിൽ യാതന അനുഭവിക്കുമ്പോൾ
അയാൾ മേല്പോട്ടു നോക്കി അബ്രാഹാ
മിനെയും അദ്ദേഹത്തിൻെറ അടുത്തായി
ലാസറിനെയും കണ്ടു.

24"അയാൾ വിളിച്ചു പറഞ്ഞു: 'അബ്രാ
ഹാംപിതാവേ, എന്നോടു കരുണയുണ്ടാ
കണമേ. ഞാൻ ഈ രീതിയിൽ, അതിവേദന
യിൽ ആയിരിക്കയാൽ ലാസർ അവൻെറ
വിരലിൻെറ അറ്റം വെള്ളത്തിൽ മുക്കി എൻെറ
നാവിനെ തണുപ്പിക്കേണ്ടതിന് അവനെ
അയക്കണമേ.'

25 "എന്നാൽ അബ്രാഹാം പറഞ്ഞു: 'മകനേ,
നിനക്കു നിൻെറ ആയുസ്സിൽ നല്ല കാര്യങ്ങളും
അതേസമയം ലാസറിനു ദോഷമായവയും
ലഭിച്ചുവെന്ന് ഓർമ്മിക്കുക. എന്നാൽ അയാൾ
ഇപ്പോൾ ഇവിടെ ആശ്വാസം പ്രാപിച്ചിരിക്കുന്നു.
നീയോ കഠിനവേദന അനുഭവിക്കുന്നു.
26ഇതിനും പുറമേ, ഞങ്ങൾക്കും നിങ്ങൾക്കും
ഇടയിൽ വലിയൊരു പിളർപ്പു വച്ചിരിക്കുന്നു;
ഇവിടെനിന്നു നിങ്ങളുടെ അടുത്തേക്കു വരാൻ
ആഗ്രഹിക്കുന്നവർക്ക് അതു സാധ്യമല്ല.
അവിടെനിന്ന് ആർക്കും ഞങ്ങളുടെ
അടുത്തേക്കു കടക്കുവാനും കഴിയുകയില്ല.'

27"അപ്പോൾ അയാൾ പറഞ്ഞു: 'എങ്കിൽ,
പിതാവേ, ലാസറിനെ എൻെറ അപ്പൻെറ
വീട്ടിലേക്ക് അയക്കണമേ എന്നു ഞാൻ
അപേക്ഷിക്കുന്നു; 28എനിക്ക് അഞ്ചു
സഹോദരന്മാരുണ്ട്. അവരും ഈ യാതനാ
സ്ഥലത്തു വരാതിരിക്കേണ്ടതിന് അവൻ
അവർക്കു മുന്നറിയിപ്പു നല്കട്ടെ.'

29 " 'അവർക്കു മോശെയും പ്രവാചകന്മാരും
ഉണ്ട്; അവർ അവരുടെ വാക്കു കേൾക്കട്ടെ'
അദ്ദേഹം പറഞ്ഞു. 30'അങ്ങനെയല്ല, അബ്രാ
ഹാംപിതാവേ, മരിച്ചവരിൽനിന്ന് ഒരാൾ
അവരുടെ അടുക്കൽ ചെന്നാൽ അവർ
അനുതപിക്കും' അയാൾ പറഞ്ഞു.
31അബ്രാഹാം അയാളോടു പറഞ്ഞു: "അവർ
മോശെയുടെയും പ്രവാചകന്മാരുടെയും
വാക്കു കേൾക്കുന്നില്ലെങ്കിൽ മരിച്ചവരിൽനിന്ന്
ഒരാൾ ഉയിർത്തെഴുന്നേറ്റാലും അവർക്കു
ബോധ്യം വരുകയില്ല."

*പാപം, വിശ്വാസം, കർത്തവ്യം*

17 യേശു തൻെറ ശിഷ്യന്മാരോടു
പറഞ്ഞു: "ഇടർച്ചക്കുള്ള സന്ദർഭങ്ങൾ
വരാതിരിക്കയില്ല. എന്നാൽ ഇടർച്ചയുണ്ടാ
ക്കുന്നവനു ഹാ കഷ്ടം!

2"ഈ ചെറിയവരിൽ ഒരുത്തന് ഇടർ
ച്ചയുണ്ടാക്കുന്നതിനെക്കാൾ അവനു നല്ലത്
അവൻെറ കഴുത്തിൽ തിരികല്ലു കെട്ടി അവനെ
കടലിൽ തള്ളുന്നതാണ് അവന് ഏറെ നല്ലത്.
3ആകയാൽ സൂക്ഷിച്ചുകൊൾവിൻ.

"നിൻെറ സഹോദരൻ പാപം ചെയ്താൽ
അവനെ ശാസിക്കുക; അനുതപിക്കുന്നു
വെങ്കിൽ അവനോടു ക്ഷമിക്കുക. 4അവൻ
നിന്നോട് ഒരു ദിവസത്തിൽ ഏഴു തവണ പാപം
ചെയ്യുകയും ഏഴു തവണയും മടങ്ങിവന്ന്
'ഞാൻ അനുതപിക്കുന്നു' എന്നു നിന്നോടു
പറയുകയും ചെയ്യുന്നപക്ഷം അവനോടു
ക്ഷമിക്കുക".

5അപ്പൊസ്തലന്മാർ കർത്താവിനോട്,
"ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിച്ചു തരണമേ"
എന്നു പറഞ്ഞു.

6അപ്പോൾ അദ്ദേഹം അവരോടു പറഞ്ഞു:
"നിങ്ങൾക്കു കടുകുമണിയോളം വിശ്വാസമു
ണ്ടെങ്കിൽ ഈ കാട്ടത്തിയോട് 'വേരോടെ പിഴുത്
കടലിൽ നട്ടുപോക' എന്നു നിങ്ങൾക്കു
പറയുവാൻ കഴിയും. അതു നിങ്ങളെ അനു
സരിക്കുകയും ചെയ്യും.

7 "നിങ്ങളിൽ ഒരാൾക്കു നിലം ഉഴുകയോ
ആടിനെ മേയിക്കുകയോ ചെയ്യുന്ന ഒരു ദാസൻ
ഉണ്ടെന്നിരിക്കട്ടെ. അവൻ വയലിൽനിന്നു
വരുമ്പോൾ 'നീ വന്ന് ഭക്ഷണത്തിന് ഇരു
ന്നുകൊള്ളുക' എന്ന് അവനോടു പറയുമോ?
8'എനിക്ക് അത്താഴം തയ്യാറാക്കുക, അരകെട്ടി,
ഞാൻ തിന്നുകുടിച്ചു തീരുന്നതുവരെ എനിക്കു
ശുശ്രൂഷ ചെയ്യുക' എന്നല്ലേ പറയുക?
9തന്നോടു കല്പിച്ചത് ആ ദാസൻ
ചെയ്തതുകൊണ്ട് അവൻ അവനോടു
കൃതജ്ഞത പ്രകടിപ്പിക്കുമോ? 10അങ്ങനെ
നിങ്ങളും നിങ്ങളോടു കല്പിച്ചതെല്ലാം
ചെയ്തതിനു ശേഷം 'ഞങ്ങൾ അയോഗ്യരായ
ദാസരാകുന്നു; ഞങ്ങൾ ഞങ്ങളുടെ കർത്തവ്യം
നിറവേറ്റിയതേ ഉള്ളൂ' എന്നു പറയുക."

*പത്തു കുഷ്ഠരോഗികൾക്കു സൗഖ്യം
ലഭിക്കുന്നു*

11യേശു യെരൂശലേമിലേക്കു യാത്ര
ചെയ്യുമ്പോൾ ശമര്യയുടെയും ഗലീലയുടെയും
അതിരിലൂടെ സഞ്ചരിച്ചു. 12അദ്ദേഹം ഒരു
ഗ്രാമത്തിലേക്കു പ്രവേശിച്ചപ്പോൾ, കുഷ്ഠം
ബാധിച്ച പത്തുപേർ അദ്ദേഹത്തെ കണ്ടു. അവർ
അകലെ നിന്നുകൊണ്ട്, 13 "യേശുവേ, നാഥാ,
ഞങ്ങളോടു കരുണയുണ്ടാകേണമേ" എന്ന്
ഉച്ചത്തിൽ വിളിച്ചുപറഞ്ഞു.

14അവരെ കണ്ടിട്ട് അദ്ദേഹം, "നിങ്ങൾ പോയി
പുരോഹിതന്മാർക്കു നിങ്ങളെത്തന്നെ
കാണിക്കുക" എന്ന് അവരോടു പറഞ്ഞു.
അവർ പോകുമ്പോൾത്തന്നേ ശുദ്ധരായി
ത്തീർന്നു.

15അവരിൽ ഒരാൾ തനിക്കു സൗഖ്യം

ലഭിച്ചിരിക്കുന്നുവെന്നു കണ്ട്, ഉച്ചത്തിൽ
ദൈവത്തെ പുകഴ്ത്തിക്കൊണ്ടു മടങ്ങിവന്നു.
16അയാൾ യേശുവിന്റെ കാല്ക്കൽ സാ
ഷ്ടാംഗം വീണ് അദ്ദേഹത്തോടു നന്ദി പറഞ്ഞു.
അയാൾ ശമര്യാക്കാരൻ ആയിരുന്നു.
17 ''പത്തുപേരും ശുദ്ധരായിത്തീർന്നില്ലേ?
ഒമ്പതുപേർ എവിടെ? 18മടങ്ങിവന്നു ദൈവ
ത്തെ മഹത്ത്വപ്പെടുത്തുവാൻ ഈ അന്യജാതി
ക്കാരനെയല്ലാതെ ആരെയും കാണുന്നില്ലല്ലോ''
യേശു പറഞ്ഞു.
19പിന്നെ അദ്ദേഹം അവനോട്, ''എഴുന്നേറ്റു
പൊയ്ക്കൊള്ളുക; നിന്റെ വിശ്വാസം നിന്നെ
സൗഖ്യമാക്കിയിരിക്കുന്നു'' എന്നു പറഞ്ഞു.

*ദൈവരാജ്യത്തിന്റെ ആഗമനം*

20 ദൈവരാജ്യം എപ്പോഴാണു വരുന്നതെന്ന്
ഒരിക്കൽ പരീശന്മാർ ചോദിച്ചതിന് ഉത്തരമായി
യേശു പറഞ്ഞു: ''ദൈവരാജ്യം ദൃശ്യമായ
അടയാളങ്ങളോടുകൂടെയല്ല വരുന്നത്.
21ദൈവരാജ്യം 'ഇതാ ഇവിടെ' എന്നോ 'അതാ,
അവിടെ' എന്നോ ആളുകൾ പറയുകയും ഇല്ല;
എന്തുകൊണ്ടെന്നാൽ ദൈവരാജ്യം നിങ്ങളുടെ
ഉള്ളിൽ[a] ആകുന്നു.''
22അനന്തരം അദ്ദേഹം ശിഷ്യന്മാരോടു
പറഞ്ഞു: ''മനുഷ്യപുത്രന്റെ ദിനങ്ങളിൽ ഒന്നു
കാണുവാൻ നിങ്ങൾ കൊതിക്കുന്ന കാലം വരും;
കാണുകയില്ലതാനും. 23 മനുഷ്യർ നിങ്ങളോട്
'അതാ, അദ്ദേഹം അവിടെ,' അഥവാ 'ഇതാ,
അദ്ദേഹം ഇവിടെ' എന്നു പറയും. നിങ്ങൾ
പോകരുത്, അവരെ അനുഗമിക്കുകയുമരുത്.
24 ''മനുഷ്യപുത്രൻ തന്റെ ദിവസത്തിൽ,
ആകാശത്തിന്റെ ഒരറ്റം മുതൽ മറ്റെ അറ്റംവരെ
ക്ഷണത്തിൽ ജ്വലിച്ച് എല്ലായിടവും പ്രകാശിത
മാക്കുന്ന മിന്നൽപോലെ ആയിരിക്കും.
25എന്നാൽ അവൻ ആദ്യം അനവധി കഷ്ടങ്ങൾ
സഹിക്കയും ഈ തലമുറ അവനെ തള്ളി
ക്കളകയും ചെയ്യേണ്ടതാകുന്നു.
26''നോഹയുടെ കാലത്തു സംഭവിച്ചതു
പോലെതന്നേ, മനുഷ്യപുത്രന്റെ നാളുകളിലും
സംഭവിക്കും. 27നോഹ പെട്ടകത്തിൽ
പ്രവേശിക്കുകയും ജലപ്രളയമുണ്ടായി
എല്ലാവരെയും നശിപ്പിക്കുകയും ചെയ്ത സമയം
വരെ ജനങ്ങൾ തിന്നുകയും കുടിക്കുകയും
വിവാഹം കഴിക്കയും വിവാഹം കഴിപ്പിക്കുകയും
ചെയ്തിരുന്നു.
28''ലോത്തിന്റെ കാലത്തും അങ്ങനെ തന്നേ
ആയിരുന്നു. ജനങ്ങൾ തിന്നും കുടിച്ചും
വാങ്ങിയും വിറ്റും നട്ടും പണിതും പോന്നു.
29എന്നാൽ ലോത്ത് സൊദോം വിട്ടുപോയ
ദിവസത്തിൽ ആകാശത്തുനിന്നു തീയും
ഗന്ധകവും വർഷിക്കുകയും അവരെയെല്ലാം
നശിപ്പിക്കുകയും ചെയ്തു. 30മനുഷ്യപുത്രൻ
വെളിപ്പെടുന്ന ദിവസത്തിൽ അങ്ങനെ തന്നേ
ആയിരിക്കും. 31അന്നു വീടിന്റെ മേൽക്കൂര
യിൽ ഇരിക്കുന്നവൻ അകത്തുള്ള സാധനങ്ങൾ
എടുക്കേണ്ടതിന് ഇറങ്ങിപ്പോകരുത്.
അതുപോലെ വയലിൽ ആയിരിക്കുന്നവനും,
ഒന്നിനുവേണ്ടിയും തിരികെപ്പോകരുത്.
32ലോത്തിന്റെ ഭാര്യയെ ഓർത്തുകൊൾവിൻ.
33തന്റെ ജീവനെ ഭദ്രമായി സൂക്ഷിക്കാൻ ശ്രമി
ക്കുന്നവൻ അതിനെ കളയും. തന്റെ ജീവനെ
കളയുന്നവൻ അതിനെ രക്ഷിക്കും. 34 ആ
രാത്രിയിൽ രണ്ടുപേർ ഒരു കിടക്കയിൽ
ആയിരിക്കും; ഒരാൾ എടുക്കപ്പെടും, മറ്റേയാൾ
ഉപേക്ഷിക്കപ്പെടും. 35 രണ്ടു സ്ത്രീകൾ ധാന്യം
പൊടിച്ചുകൊണ്ടിരിക്കും; ഒരുവൾ
എടുക്കപ്പെടും; മറ്റവൾ ഉപേക്ഷിക്കപ്പെടും
എന്നു ഞാൻ നിങ്ങളോടു പറയുന്നു.[ 36രണ്ടു
പേർ വയലിലായിരിക്കും; ഒരാൾ എടുക്കപ്പെടും,
മറ്റെയാൾ ഉപേക്ഷിക്കപ്പെടും.]
37 ''കർത്താവേ, എവിടെ?'' അവർ ചോദിച്ചു.
അതിന് അദ്ദേഹം, ''ശവം ഉള്ളിടത്ത്
കഴുകന്മാർ കൂടും'' എന്ന് ഉത്തരം പറഞ്ഞു.

*മുട്ടിപ്പായി അപേക്ഷിച്ച വിധവയുടെ ഉപമ*

18 മടുത്തുപോകാതെ എപ്പോഴും
പ്രാർത്ഥിക്കണമെന്ന് ശിഷ്യന്മാർക്കു
കാണിച്ചുകൊടുക്കുവാൻ യേശു ഒരു ഉപമ
പറഞ്ഞു. 2''ഒരു പട്ടണത്തിൽ, ദൈവത്തെ
ഭയപ്പെടുകയോ മനുഷ്യരെ ആദരിക്കുകയോ
ചെയ്യാത്ത ഒരു ന്യായാധിപൻ ഉണ്ടായിരുന്നു.
3ആ പട്ടണത്തിലെ ഒരു വിധവ, 'എന്റെ
പ്രതിയോഗിക്കെതിരേ എനിക്കു ന്യായം നടത്തി
ത്തരണമേ' എന്ന അപേക്ഷയുമായി അയാളുടെ
അടുക്കൽ കൂടെക്കൂടെ ചെന്നിരുന്നു.
4''കുറെ കാലത്തേക്ക് അയാൾ ഉപേക്ഷ
കാണിച്ചു. എന്നാൽ ഒടുവിൽ, 'ഞാൻ ദൈവ
ത്തെ ഭയപ്പെടുകയോ മനുഷ്യരെ വകവയ്ക്കു
കയോ ചെയ്യുന്നില്ലെങ്കിലും 5ഈ വിധവ എന്നെ
തുടർച്ചയായി അസഹ്യപ്പെടുത്തുന്നതുകൊണ്ട്
അവൾക്കു ഞാൻ ന്യായം നടത്തിക്കൊടുക്കും:
അല്ലെങ്കിൽ ഒടുവിൽ അവളുടെ തുടർച്ചയായ
വരവ് എനിക്ക് അസഹ്യമായിത്തീരും' എന്നു
തന്നോടു തന്നേ പറഞ്ഞു.
6 ''നീതികെട്ട ആ ന്യായാധിപൻ പറയുന്നതു
ശ്രദ്ധിക്കുവിൻ. 7അങ്ങനെയെങ്കിൽ രാവും
പകലും തന്നോടു നിലവിളിക്കുന്ന തന്റെ തി
രഞ്ഞെടുക്കപ്പെട്ട ജനത്തിനു ദൈവം ന്യായം
നടത്തിക്കൊടുക്കാതിരിക്കുമോ? അവിടുന്ന്
അവരുടെ കാര്യം നീട്ടിക്കൊണ്ടു പോകുമോ?

[a] 21 അഥവാ, ഇടയിൽ

8അവിടുന്ന് വേഗത്തിൽ അവർക്കു നീതി
നടത്തിക്കൊടുക്കും എന്നു ഞാൻ നിങ്ങളോടു
പറയുന്നു. എങ്കിലും മനുഷ്യപുത്രൻ വരുമ്പോൾ
അവൻ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ?''

*പരീശൻെറയും ചുങ്കക്കാരൻെറയും ഉപമ*

9തങ്ങൾ നീതിമാന്മാരാണെന്നുറച്ചുകൊണ്ട്
മറ്റുള്ളവരെ പുച്ഛിക്കുന്ന ചിലരോട് യേശു
ഈ ഉപമ പറഞ്ഞു: 10''രണ്ടു മനുഷ്യർ
പ്രാർത്ഥിക്കുവാൻ ദൈവാലയത്തിൽ ചെന്നു;
ഒരുവൻ പരീശൻ, മറ്റവൻ ചുങ്കക്കാരൻ.
11പരീശൻ നിന്നുകൊണ്ടു തന്നെക്കുറിച്ചു
തന്നേ [a] ഇങ്ങനെ പ്രാർത്ഥിച്ചു; 'ദൈവമേ,
കൊള്ളക്കാർ, ദുഷ്പ്രവൃത്തിക്കാർ, വ്യഭി
ചാരികൾ മുതലായ മറ്റു മനുഷ്യരെപ്പോലെയോ
ഈ ചുങ്കക്കാരനെപ്പോലെയോ ഞാൻ
അല്ലായ്കയാൽ അങ്ങേയ്ക്കു നന്ദി പറയുന്നു.
12ഞാൻ ആഴ്ചയിൽ രണ്ടു തവണ ഉപവസി
ക്കുകയും എനിക്കു കിട്ടുന്ന എല്ലാറ്റിൻെറയും
ദശാംശം കൊടുക്കുകയും ചെയ്യുന്നു.'

13"ചുങ്കക്കാരനോ വളരെ അകലെ നിന്നു.
സ്വർഗ്ഗത്തേക്കു നോക്കുവാൻ പോലും അവൻ
തുനിഞ്ഞില്ല. അവൻ മാറത്തടിച്ചുകൊണ്ട്,
'ദൈവമേ, പാപിയായ എന്നോടു കരുണയു
ണ്ടാകേണമേ' എന്നു പറഞ്ഞു.

14''ഈ മനുഷ്യനാണ് ദൈവമുമ്പാകെ
നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്കു പോയത്,
മറ്റവനല്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു.
തന്നെത്താൻ ഉയർത്തുന്ന ഏവനും
താഴ്ത്തപ്പെടും, തന്നെത്താൻ താഴ്ത്തുന്ന
ഏവനും ഉയർത്തപ്പെടും''

*യേശുവും ശിശുക്കളും*

15യേശു തൊടേണ്ടതിനു ജനങ്ങൾ ശിശുക്ക
ളെയും അദ്ദേഹത്തിൻെറ അടുക്കൽ കൊണ്ടു
വന്നു. ശിഷ്യന്മാർ ഇതു കണ്ട് അവരെ ശാസിച്ചു.
16എന്നാൽ പൈതങ്ങളെ തൻെറ അടുത്തേക്ക്
വിളിച്ചുകൊണ്ട് യേശു പറഞ്ഞു: ''ശിശുക്കളെ
എൻെറ അടുക്കൽ വരുവാൻ അനുവദിക്കുവിൻ;
അവരെ തടയരുത്; ദൈവരാജ്യം ഇങ്ങനെ
യുള്ളവരുടേതാകുന്നുവല്ലോ! 17ഒരു
ശിശുവിനെപ്പോലെ ദൈവരാജ്യത്തെ
സ്വീകരിക്കാത്ത ആരും ഒരുനാളും അതിൽ
കടക്കുകയില്ല എന്നു സത്യമായി ഞാൻ
നിങ്ങളോടു പറയുന്നു"

*ധനികനായ പ്രമാണി*

18 ഒരു പ്രമാണി യേശുവിനോടു ചോദിച്ചു:
''നല്ല ഗുരോ, നിത്യജീവൻ അവകാശ
മാക്കുവാൻ ഞാൻ എന്തു ചെയ്യണം?''

19അതിന് ഉത്തരമായി യേശു അവനോട്: "നീ
എന്നെ 'നല്ലവൻ' എന്നു വിളിക്കുന്നതെന്ത്?
ദൈവം ഒരുവനല്ലാതെ നല്ലവൻ ആരുമില്ല.
20'വ്യഭിചാരം ചെയ്യരുത്, കൊല ചെയ്യരുത്,
മോഷ്ടിക്കരുത്, കള്ളസ്സാക്ഷ്യം പറയരുത്,
നിൻെറ അപ്പനെയും അമ്മയെയും ബഹു
മാനിക്കുക' [b]എന്നീ കല്പനകൾ നിനക്ക്
അറിയാമല്ലോ.''

21''ഇവയെല്ലാം ഞാൻ ബാല്യംമുതൽ
പാലിച്ചുകൊണ്ടിരിക്കുന്നു.'' അവൻ മറുപടി
പറഞ്ഞു.

22 ഇതു കേട്ടിട്ട് യേശു അവനോടു പറഞ്ഞു:
''ഒരു കാര്യത്തിൽ നീ കുറവുള്ളവനാണ്;
നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടു
ക്കുക. എന്നാൽ സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേ
പം ഉണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമി
ക്കുക.''

23അവൻ വളരെ സമ്പത്തുള്ളവനായിരു
ന്നതുകൊണ്ട് ഇതു കേട്ടു വളരെ ദുഃഖിത
നായിത്തീർന്നു. 24യേശു അവനെ നോക്കിയിട്ടു
പറഞ്ഞു: ''സമ്പത്തുള്ളവർ ദൈവരാജ്യത്തിൽ
കടക്കുന്നത് എത്ര പ്രയാസം! 25ഒരു ധനവാൻ
ദൈവരാജ്യത്തിൽ കടക്കുന്നതിനെക്കാൾ ഒട്ടകം
സൂചിക്കുഴയിലൂടെ കടക്കുന്നത് എളുപ്പം!''

26ഇതു കേട്ടവർ, ''എന്നാൽ രക്ഷിക്കപ്പെടു
വാൻ ആർക്കു കഴിയും? '' എന്നു ചോദിച്ചു.

27അതിന് യേശു: ''മനുഷ്യർക്ക് അസാധ്യ
മായത് ദൈവത്തിനു സാധ്യം തന്നേ'' എന്നു
ഉത്തരം പറഞ്ഞു.

28പത്രൊസ് അദ്ദേഹത്തോടു പറഞ്ഞു:
''ഇതാ, ഞങ്ങൾ സകലവും വിട്ട് അങ്ങയെ
അനുഗമിച്ചിരിക്കുന്നു.''

29യേശു അവരോടു പറഞ്ഞു: ''ദൈവ
രാജ്യത്തിനുവേണ്ടി വീടിനെയോ ഭാര്യയെയോ
സഹോദരന്മാരെയോ മാതാപിതാക്കളെയോ
മക്കളെയോ വിട്ടുകളഞ്ഞ ഒരുവനും 30 ഈ
കാലത്തുതന്നേ അനേകമടങ്ങും വരുവാനുള്ള
കാലത്തു നിത്യജീവനും ലഭിക്കാതിരിക്കു
കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു
പറയുന്നു.''

*യേശു സ്വന്തം മരണത്തെപ്പറ്റി വീണ്ടും പ്രവചിക്കുന്നു*

31അനന്തരം യേശു പന്തിരുവരെ വേറിട്ടു
കൊണ്ടുപോയി അവരോടു പറഞ്ഞു: ''നോക്കൂ,
നാം യെരൂശലേമിലേക്കു പോകയാണ്;
മനുഷ്യപുത്രനെക്കുറിച്ചു പ്രവാചകന്മാർ
എഴുതിയിട്ടുള്ളതെല്ലാം നിറവേറും. 32അവനെ
വിജാതീയർക്ക് ഏല്പിച്ചുകൊടുക്കും. അവർ
അവനെ പരിഹസിക്കുകയും അപമാനിക്കു

[a] 11 അഥവാ, *തന്നോടുതന്നെ* [b] 20പുറപ്പാട് 20: 12-16; ആവർത്തനം 5: 16-20

കയും അവൻെറ മേൽ തുപ്പുകയും 33അവനെ
ചാട്ടകൊണ്ട് അടിക്കുകയും കൊല്ലുകയും
ചെയ്യും. മൂന്നാംദിവസം അവൻ ഉയിർത്തെഴു
ന്നേല്ക്കും.'' 34ഇതൊന്നും ശിഷ്യന്മാർക്കു
മനസ്സിലായില്ല. ഇതിൻെറ അർത്ഥം അവർക്കു
മറഞ്ഞിരുന്നു. അദ്ദേഹം എന്തിനെക്കുറിച്ചാണു
സംസാരിച്ചതെന്ന് അവർ ഗ്രഹിച്ചില്ല.

*അന്ധനായ യാചകൻ കാഴ്ച പ്രാപിക്കുന്നു*

35യേശു യെരീഹോവിന് അടുത്തെത്തിയ
പ്പോൾ ഒരു അന്ധൻ വഴിയരികെ ഭിക്ഷ
യാചിച്ചുകൊണ്ടിരുന്നു. 36ജനക്കൂട്ടം കടന്നു
പോകുന്നതു കേട്ട്, എന്താണു സംഭവമെന്ന്
അയാൾ ചോദിച്ചു. 37അവർ അയാളോട്:
''നസറായനായ യേശു കടന്നുപോകുന്നു''
എന്ന് അറിയിച്ചു.

38അയാൾ, ''യേശുവേ, ദാവീദുപുത്രാ,
എന്നോടു കരുണയുണ്ടാകേണമേ'' എന്നു
നിലവിളിച്ചു.

39മുന്നിൽ നടക്കുന്നവർ അയാളെ ശാസിച്ചു;
മിണ്ടാതിരിക്കുവാൻ പറഞ്ഞു. എന്നാൽ
അയാൾ ഏറെ ഉച്ചത്തിൽ, ''ദാവീദുപുത്രാ,
എന്നോടു കരുണയുണ്ടാകേണമേ'' എന്നു
നിലവിളിച്ചു.

40യേശു നിന്ന് ആ മനുഷ്യനെ തൻെറ അടു
ക്കൽ കൊണ്ടുവരുവാൻ കല്പിച്ചു. അയാൾ
അടുത്തുവന്നപ്പോൾ യേശു അയാളോടു ചോ
ദിച്ചു: 41"ഞാൻ നിനക്ക് എന്തുചെയ്തു തരണ
മെന്നാണ് നീ ആഗ്രഹിക്കുന്നത്?"

''കർത്താവേ, എനിക്കു കാഴ്ച കിട്ടണം'' –
അയാൾ ഉത്തരം പറഞ്ഞു.

42 ''നീ കാഴ്ച പ്രാപിക്കുക; നിൻെറ വിശ്വാ
സം നിന്നെ സൗഖ്യമാക്കിയിരിക്കുന്നു'' എന്നു
യേശു അയാളോടു പറഞ്ഞു. 43 ഉടനേ അയാൾ
കാഴ്ച പ്രാപിച്ച് ദൈവത്തെ സ്തുതിച്ചുകൊണ്ട്
യേശുവിനെ അനുഗമിച്ചു. ഇതുകണ്ട് ജനങ്ങൾ
എല്ലാവരും ദൈവത്തെ സ്തുതിച്ചു.

*ചുങ്കക്കാരനായ സക്കായി*

19 യേശു യെരീഹോവിൽ എത്തി
കടന്നുപോകുകയായിരുന്നു. 2സ
ക്കായി എന്നു പേരുള്ള ഒരു മനുഷ്യൻ
അവിടെയുണ്ടായിരുന്നു. അയാൾ ചുങ്കക്കാരിൽ
പ്രധാനിയും ധനവാനും ആയിരുന്നു. 3യേശു
ആരെന്നു കാണാൻ അയാൾ ശ്രമിച്ചുവെങ്കിലും
ഉയരം കുറഞ്ഞവനാകയാൽ ആൾക്കൂട്ടം
നിമിത്തം സാധിച്ചില്ല. 4അതുകൊണ്ട് യേശുവി
നു കടന്നുപോകേണ്ട വഴിയിൽക്കൂടെ അയാൾ
മുന്നോട്ടോടി. അദ്ദേഹത്തെ കാണാൻ ഒരു
കാട്ടത്തിമരത്തിൽ കയറി.

5യേശു ആ സ്ഥലത്തെത്തിയപ്പോൾ
മേല്പോട്ടു നോക്കി അയാളോടു പറഞ്ഞു;
''സക്കായീ, വേഗം ഇറങ്ങിവരിക, ഞാൻ ഇന്നു
നിൻെറ വീട്ടിൽ പാർക്കേണ്ടതാകുന്നു.''
6അയാൾ ഉടൻതന്നേ ഇറങ്ങിവന്ന് അദ്ദേ
ഹത്തെ സന്തോഷത്തോടെ സ്വീകരിച്ചു.

7ജനങ്ങൾ എല്ലാവരും ഇതുകണ്ട്: ''അദ്ദേഹം
ഒരു 'പാപിയുടെ' അതിഥിയാകുവാൻ
പോയിരിക്കുന്നു'' എന്നു പിറുപിറുത്തു.

8എന്നാൽ സക്കായി യേശുവിനോടു
പറഞ്ഞു: ''കർത്താവേ, ഇതാ, ഇപ്പോൾത്തന്നേ
എൻെറ സമ്പാദ്യത്തിൻെറ പകുതി ഞാൻ
ദരിദ്രർക്കു കൊടുക്കുന്നു. ഞാൻ ആരോടെ
ങ്കിലും ചതിവിൽ വല്ലതും വാങ്ങിയിട്ടുണ്ടെങ്കിൽ
നാലിരട്ടി ഞാൻ തിരിച്ചുകൊടുത്തുകൊള്ളാം.''

9യേശു അവനോട്, ''ഇവനും അബ്രാഹാ
മിൻെറ മകൻ ആകയാൽ ഇന്ന് ഈ വീടിനു
രക്ഷ വന്നിരിക്കുന്നു; 10കാണാതെ പോയ
തിനെ തിരഞ്ഞു രക്ഷിക്കുവാനാണല്ലോ
മനുഷ്യപുത്രൻ വന്നത്'' എന്നു പറഞ്ഞു.

*പത്തു നാണയത്തിൻെറ ഉപമ*

11അവർ ഇതു കേട്ടുകൊണ്ടിരുന്നപ്പോൾ,
അദ്ദേഹം യെരൂശലേമിനു സമീപത്തായി
രുന്നതുകൊണ്ടും ദൈവരാജ്യം ഉടനേ
വെളിപ്പെടുമെന്ന് അവർ വിചാരിച്ചതുകൊണ്ടും
അവരോട് ഒരു ഉപമയുംകൂടെ പറഞ്ഞു:
12''കുലീനനായ ഒരു മനുഷ്യൻ രാജത്വം പ്രാ
പിച്ചു തിരിച്ചുവരേണ്ടതിനു വിദൂരദേശത്തേക്കു
യാത്രയായി. 13അയാൾ തൻെറ ദാസന്മാരിൽ
പത്തുപേരെ വിളിച്ച് അവർക്കു പത്തു
സ്വർണ്ണനാണയം[a] കൊടുത്തിട്ട് 'ഞാൻ തിരിച്ചെ
ത്തുന്നതുവരെ ഈ പണം കൊണ്ടു വ്യാപാരം
ചെയ്തുകൊള്ളുവിൻ' എന്നുപറഞ്ഞു.
14എന്നാൽ പ്രജകൾ അയാളെ വെറുത്തു. 'ഈ
മനുഷ്യൻ ഞങ്ങളെ ഭരിക്കുന്നതിൽ ഞങ്ങൾക്കു
താത്പര്യമില്ല' എന്നു പറഞ്ഞ് പ്രതിനിധികളെ
അയാളുടെ പിന്നാലെ അയച്ചു.

15"എന്നാൽ അദ്ദേഹം രാജാവായി മടങ്ങി
യെത്തി. താൻ പണം കൊടുത്തിരുന്ന ദാസ
ന്മാർ അതുകൊണ്ട് എന്തു നേടിയെന്ന് അറി
യേണ്ടതിന് അദ്ദേഹം അവരെ വിളിപ്പിച്ചു.

16"ഒന്നാമൻ വന്നു പറഞ്ഞു. 'പ്രഭോ,
അങ്ങയുടെ സ്വർണ്ണനാണയം കൊണ്ടു ഞാൻ
പത്തുകൂടി സമ്പാദിച്ചിരിക്കുന്നു.'

17 "അതിന് അയാൾ 'കൊള്ളാം, നല്ല ദാസാ,
അല്പകാര്യത്തിൽ നീ വിശ്വസ്തനായിരുന്നു.
ആയതിനാൽ നീ പത്തു പട്ടണത്തിന് അധി
കാരി ആയിരിക്കുക' എന്നു ഉത്തരം പറഞ്ഞു.

18"രണ്ടാമൻ വന്നു പറഞ്ഞു: 'പ്രഭോ, അങ്ങ

[a] 13 ഗ്രീക്കിൽ *പത്തു മിന്നാ.* ഒരു മിന്നാ ഏകദേശം മൂന്നു മാസത്തെ കൂലിക്കു തുല്യം.

യുടെ നാണയംകൊണ്ടു ഞാൻ അഞ്ചുകൂടെ
നേടിയിരിക്കുന്നു.'
19"അതിന് രാജാവ് 'നീ അഞ്ചു പട്ടണ
ത്തിന്റെ അധികാരം ഏറ്റുകൊള്ളുക' എന്നു
മറുപടി പറഞ്ഞു.
20"പിന്നീട് മറ്റൊരുവൻ വന്ന് ഇങ്ങനെ
പറഞ്ഞു: 'പ്രഭോ, ഇതാ താങ്കളുടെ പണം! ഞാൻ
അത് ഒരു തൂവാലയിൽ കെട്ടി മാറ്റിവച്ചു. 21അങ്ങ്
വയ്ക്കാത്തത് എടുക്കുകയും വിതയ്ക്കാത്തതു
കൊയ്യുകയും ചെയ്യുന്ന കഠിന മനുഷ്യൻ
ആകയാൽ ഞാൻ അങ്ങയെ ഭയപ്പെട്ടു."
22"അദ്ദേഹം അവനോടു മറുപടി പറഞ്ഞു:
'ദുഷ്ടദാസനേ, നിന്റെ വാക്കുകളാൽത്തന്നേ
ഞാൻ നിന്നെ വിധിക്കും. ഞാൻ വയ്ക്കാത്തത്
എടുക്കുകയും വിതയ്ക്കാത്തത് കൊയ്യുകയും
ചെയ്യുന്ന കഠിന മനുഷ്യൻ എന്നു നീ അറിഞ്ഞു
വോ? 23പിന്നെ, നീ എന്തുകൊണ്ട് എന്റെ പണം
പണമിടപാടുകാരുടെ പക്കൽ നിക്ഷേപി
ക്കാതിരുന്നു? ഞാൻ മടങ്ങിവന്ന് അതു
പലിശയോടുകൂടി വാങ്ങുമായിരുന്നുവല്ലോ!'
24"പിന്നെ അദ്ദേഹം അരികെ നില്ക്കുന്ന
വരോട്: 'അവന്റെ നാണയം അവന്റെ പക്കൽ
നിന്ന് എടുത്തു പത്തുള്ളവനു കൊടുക്കുക'
എന്നു പറഞ്ഞു.
25" 'പ്രഭോ, അവനു പത്തുണ്ടല്ലോ!' അവർ
പറഞ്ഞു.
26"ഉള്ളവന് ഏവനും കൂടുതൽ കൊടുക്കും;
ഇല്ലാത്തവനിൽനിന്ന് ഉള്ളതുംകൂടി എടുത്തു
കളയും. 27എന്നാൽ ഞാൻ തങ്ങളുടെ രാജാവാ
യിരിക്കാൻ ഇഷ്ടപ്പെടാതിരുന്ന ശത്രുക്കളെ
ഇവിടെ കൊണ്ടുവന്ന് എന്റെ മുമ്പിൽവച്ചു
കൊന്നുകളയുവിൻ' എന്ന് രാജാവു കല്പിച്ചു."

*ജേതാവിന്റെ പ്രവേശനം*

28ഇതു പറഞ്ഞതിനുശേഷം യേശു മുമ്പായി
നടന്ന് യെരൂശലേമിലേക്കു യാത്ര ചെയ്തു.
29അദ്ദേഹം ഒലിവുമലയുടെ അരികെയുള്ള
ബേത്ത്ഫാഗെയ്ക്കും ബേഥാന്യയ്ക്കും
അടുത്തെത്തിയപ്പോൾ തന്റെ ശിഷ്യന്മാരിൽ
രണ്ടുപേരെ ഇങ്ങനെ പറഞ്ഞ് അയച്ചു:
30"നിങ്ങൾക്കു മുന്നിലുള്ള ഗ്രാമത്തിലേക്കു
ചെല്ലുവിൻ; അതിൽ കടക്കുമ്പോൾ, ആരും
ഒരിക്കലും കയറിയിട്ടില്ലാത്ത ഒരു കഴുത
ക്കുട്ടിയെ കെട്ടിയിരിക്കുന്നതു നിങ്ങൾ കാണും.
അതിനെ അഴിച്ചുകൊണ്ടുവരുവിൻ. 31അതിനെ
അഴിക്കുന്നതെന്ത് എന്ന് ആരെങ്കിലും
നിങ്ങളോടു ചോദിച്ചാൽ, 'കർത്താവിന് ഇതിനെ
ആവശ്യമുണ്ട്' എന്ന് അവനോടു പറയുവിൻ."
32അയയ്ക്കപ്പെട്ടവർ പോയി, തങ്ങളോടു
പറഞ്ഞിരുന്നതുപോലെ കണ്ടു. 33അവർ
കഴുതക്കുട്ടിയെ അഴിക്കുമ്പോൾ അതിന്റെ
ഉടയവർ, "നിങ്ങൾ കഴുതക്കുട്ടിയെ അഴിക്കു
ന്നതെന്ത്?" എന്നു ചോദിച്ചു.
34 "കർത്താവിന് ഇതിനെ ആവശ്യമുണ്ട്" -
അവർ മറുപടി പറഞ്ഞു.
35അവർ കഴുതക്കുട്ടിയെ യേശുവിന്റെ
അടുക്കൽകൊണ്ടുവന്ന് തങ്ങളുടെ അങ്കികൾ
അതിന്റെ പുറത്തു വിരിച്ച് യേശുവിനെ കയറ്റി
യിരുത്തി. 36അദ്ദേഹം പോകുമ്പോൾ ജനങ്ങൾ
തങ്ങളുടെ അങ്കികൾ വഴിയിൽ വിരിച്ചു.
37അദ്ദേഹം ഒലിവുമലയുടെ ഇറക്കത്തിന്
അടുത്തെത്തിയപ്പോൾ ശിഷ്യന്മാരുടെ കൂട്ടം
ഒന്നാകെ, തങ്ങൾ കണ്ട സകല അത്ഭുത പ്രവൃ
ത്തികളെയുംകുറിച്ചു സന്തോഷിച്ച് അത്യുച്ച
ത്തിൽ ദൈവത്തെ വാഴ്ത്തി:
38"കർത്താവിന്റെ നാമത്തിൽ
വരുന്ന രാജാവു വാഴ്ത്തപ്പെട്ടവൻ!" [a]
"സ്വർഗ്ഗത്തിൽ സമാധാനവും
അത്യുന്നതങ്ങളിൽ മഹത്ത്വവും"
എന്നു പറഞ്ഞു.
39ജനസമൂഹത്തിൽ ഉണ്ടായിരുന്ന ചില
പരീശന്മാർ യേശുവിനോട്: "ഗുരോ, അങ്ങ
യുടെ ശിഷ്യന്മാരെ ശാസിക്കുക!" എന്നു
പറഞ്ഞു.
40 "അവർ മിണ്ടാതിരുന്നാൽ ഈ കല്ലുകൾ
ആർത്തുവിളിക്കും." അദ്ദേഹം ഉത്തരം പറഞ്ഞു.
41യെരൂശലേമിനു സമീപം എത്തി ആ നഗരം
കണ്ടപ്പോൾ അദ്ദേഹം അതിനെക്കുറിച്ചു
വിലപിച്ചു. 42അദ്ദേഹം പറഞ്ഞു: "നിന്റെ
സമാധാനത്തിനുള്ള കാര്യങ്ങൾ ഇന്നെങ്കിലും
നീ അറിഞ്ഞിരുന്നെങ്കിൽ എത്ര നന്നായിരുന്നു!
എന്നാൽ ഇപ്പോൾ അവ നിന്റെ കണ്ണുകൾക്കു
മറഞ്ഞിരിക്കുകയാണ്. 43നിന്റെ ശത്രുക്കൾ
നിനക്കു ചുറ്റും കിടങ്ങു കുഴിച്ച് നിന്നെ വലയം
ചെയ്ത് എല്ലാവശത്തുനിന്നും നിന്നെ
ഞെരുക്കുന്ന കാലം വരുന്നു. 44അവർ
നിന്നെയും നിന്റെ മതിലുകൾക്കുള്ളിലുള്ള
നിന്റെ മക്കളെയും നിലം പതിപ്പിക്കും. അവർ
നിനക്ക് കല്ലിന്മേൽ കല്ലു ശേഷിപ്പിക്കുകയില്ല.
ദൈവം നിന്നെ സന്ദർശിച്ച കാലം നീ
തിരിച്ചറിയാതിരുന്നതുകൊണ്ട് ഇതു നിനക്കു
സംഭവിക്കും."

*യേശു ദൈവാലയത്തിൽ*

45 പിന്നെ അദ്ദേഹം ദൈവാലയാങ്കണത്തിൽ
പ്രവേശിച്ച്, അവിടെ വില്പന നടത്തിയിരു
ന്നവരെ പുറത്താക്കിത്തുടങ്ങി. 46അദ്ദേഹം
അവരോടു പറഞ്ഞു: "എന്റെ ആലയം പ്രാർ
ത്ഥനാലയം[b] ആയിരിക്കും" എന്ന് എഴുത
പ്പെട്ടിരിക്കുന്നു; നിങ്ങളോ അതിനെ 'കൊള്ള

[a] 38 സങ്കീർത്തനം. 118: 26 [b] 46 യെശയ്യാവ് 56: 7

ക്കാരുടെ ഗുഹ'യാക്കിയിരിക്കുന്നു.[a]
47അദ്ദേഹം ദിവസേന ദൈവാലയത്തിൽ
ഉപദേശിച്ചുപോന്നു. എന്നാൽ മുഖ്യപുരോ
ഹിതന്മാരും വേദജ്ഞരും ജനപ്രധാനികളും
അദ്ദേഹത്തെ കൊല്ലുവാൻ ശ്രമിച്ചു. 48എന്നാൽ
ജനങ്ങളെല്ലാം അദ്ദേഹത്തിന്റെ വചനത്തിൽ
ആകൃഷ്ടരായിരുന്നതിനാൽ, അതിനൊരു
മാർഗ്ഗവും കണ്ടെത്താൻ അവർക്കു കഴിഞ്ഞില്ല.

*യേശുവിന്റെ അധികാരം ചോദ്യം ചെയ്യപ്പെടുന്നു*

20 ഒരു ദിവസം യേശു ദൈവാലയത്തിൽ
ജനങ്ങളെ ഉപദേശിക്കുകയും,
സുവിശേഷം അറിയിക്കുകയും ചെയ്തു
കൊണ്ടിരുന്നപ്പോൾ മുഖ്യപുരോഹിതന്മാരും
വേദജ്ഞരും മൂപ്പന്മാരോടൊത്ത് അദ്ദേഹ
ത്തിന്റെ അടുക്കൽ വന്നു. 2 ''താങ്കൾ എന്ത്
അധികാരം കൊണ്ട് ഈ കാര്യങ്ങൾ ചെയ്യുന്നു?
ഈ അധികാരം താങ്കൾക്കുതന്നത് ആര്?''
അവർ ചോദിച്ചു.
3അതിനു മറുപടിയായി യേശു: "ഞാനും
നിങ്ങളോട് ഒന്നു ചോദിക്കട്ടെ: 4യോഹ
ന്നാന്റെ സ്നാനം സ്വർഗ്ഗത്തിൽനിന്നോ
മനുഷ്യരിൽ നിന്നോ? എന്നോടു പറയുവിൻ."
5അതെപ്പറ്റി അവർ തമ്മിൽത്തമ്മിൽ
ആലോചിച്ചു: "സ്വർഗ്ഗത്തിൽ നിന്ന് എന്നു നാം
പറഞ്ഞാൽ, 'നിങ്ങൾ എന്തുകൊണ്ട് അവനെ
വിശ്വസിച്ചില്ല?' എന്ന് അദ്ദേഹം ചോദിക്കും.
6'മനുഷ്യരിൽനിന്ന്' എന്നു നാം പറഞ്ഞാൽ
യോഹന്നാൻ ഒരു പ്രവാചകനാണെന്നു
ജനങ്ങൾക്കു ബോധ്യമായിരിക്കയാൽ അവർ
നമ്മെ കല്ലെറിയും." 7അതുകൊണ്ട് അവർ
മറുപടി പറഞ്ഞു. ''അത് എവിടെനിന്ന് എന്നു
ഞങ്ങൾക്കറിഞ്ഞുകൂടാ. 8യേശു അവരോട്:
"എന്നാൽ എന്തധികാരം കൊണ്ടു ഞാൻ ഇവ
ചെയ്യുന്നുവെന്നു ഞാനും നിങ്ങളോടു
പറയുന്നില്ല.'' എന്നു പറഞ്ഞു.

*കുടിയാന്മാരുടെ ഉപമ*

9അനന്തരം അദ്ദേഹം ജനങ്ങളോട് ഈ ഉപമ
പറഞ്ഞു: "ഒരു മനുഷ്യൻ ഒരു മുന്തിരിത്തോട്ടം
നട്ടുണ്ടാക്കി: ഏതാനും കൃഷിക്കാരെ പാട്ടത്തിന്
ഏല്പിച്ചിട്ട് ഏറെക്കാലത്തേക്കു വിദേശത്തു
പോയി. 10വിളവെടുപ്പിനുള്ള സമയമായപ്പോൾ,
അയാൾ കുടിയാന്മാരിൽ നിന്ന് തോട്ടത്തിലെ
വിളവിന്റെ വീതം വാങ്ങേണ്ടതിന് അവരുടെ
അടുത്തേക്ക് ഒരു ദാസനെ അയച്ചു. എന്നാൽ
കുടിയാന്മാർ അവനെ അടിച്ച് വെറും
കൈയോടെ അയച്ചുകളഞ്ഞു. 11അയാൾ
മറ്റൊരു ദാസനെ അയച്ചു. എന്നാൽ അവ
നെയും അവർ അടിച്ച് അപമാനിച്ച് വെറും
കൈയോടെ അയച്ചു. 12മൂന്നാമത് ഒരുവനെ
അയാൾ അയച്ചു. അവനെ അവർ മുറി
വേല്പിച്ചു പുറത്താക്കിക്കളഞ്ഞു.
13"അപ്പോൾ മുന്തിരിത്തോപ്പിന്റെ ഉടമ
സ്ഥൻ പറഞ്ഞു: 'ഞാൻ എന്താണു ചെയ്യുക?
എന്റെ പ്രിയമകനെ ഞാൻ അയയ്ക്കും;
ഒരുപക്ഷേ അവർ അവനെ ആദരിക്കും.'
14"എന്നാൽ കുടിയാന്മാർ അയാളെ കണ്ട
പ്പോൾ തമ്മിൽ പറഞ്ഞു: 'ഇവനാണ് അവ
കാശി; നമുക്ക് ഇവനെ കൊന്നുകളയാം; എങ്കിൽ
അവകാശം നമുക്കാകും.' 15അങ്ങനെ അവർ
അയാളെ തോട്ടത്തിൽ നിന്നു പുറ
ത്താക്കികൊന്നുകളഞ്ഞു.
''മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥൻ ഇനി
അവരോട് എന്താണു ചെയ്യുക? 16അയാൾ വന്ന്
ആ കുടിയാന്മാരെ നശിപ്പിച്ച് മുന്തിരിത്തോട്ടം
വേറേ ആളുകൾക്ക് ഏല്പിച്ചു കൊടുക്കും.''
ഇതു കേട്ടിട്ട്: ''അങ്ങനെ ഒരിക്കലും
സംഭവിക്കാതിരിക്കട്ടെ.'' എന്ന് അവർ പറഞ്ഞു.
17അപ്പോൾ യേശു അവരെ നോക്കിപ്പറഞ്ഞു,
" 'പണിയുന്നവർ തള്ളിക്കളഞ്ഞ കല്ല്
മൂലക്കല്ലായിത്തീർന്നിരിക്കുന്നു;'[b]
ഇതു കർത്താവു ചെയ്തു, നമ്മുടെ ദൃഷ്ടിയിൽ
ആശ്ചര്യകരവുമായിരിക്കുന്നു.' എന്നുള്ള തി
രുവെഴുത്ത് നിങ്ങൾ വായിച്ചിട്ടില്ലേ? 18ഈ
കല്ലിൻമേൽ വീഴുന്നവൻ തകർന്നുപോകും.
അത് ആരുടെമേലെങ്കിലും വീണാൽ അത്
അവനെ പൊടിയാക്കും.''
19അദ്ദേഹം ഈ ഉപമ തങ്ങൾക്കു
വിരോധമായിട്ടാണു പറഞ്ഞത് എന്നു ഗ്രഹിച്ചിട്ട്
വേദജ്ഞരും മുഖ്യപുരോഹിതന്മാരും ഉടൻ
തന്നേ അദ്ദേഹത്തെ ബന്ധനസ്ഥനാക്കുവാൻ
മാർഗ്ഗം ആരാഞ്ഞു. എന്നാൽ അവർ ജനങ്ങളെ
ഭയപ്പെട്ടു.

*കൈസർക്കു കരം കൊടുക്കുന്നത്*

20അവർ യേശുവിനെ നിരീക്ഷണം ചെയ്തു
കൊണ്ടിരുന്നു. അദ്ദേഹത്തെ ദേശാധിപതി
യുടെ അധീനതയിലും അധികാരത്തിലും
ഏല്പിച്ചുകൊടുക്കുവാൻ തക്കവണ്ണം വാക്കിൽ
കുടുക്കാൻ ആശിച്ചുകൊണ്ട്, നീതിമാന്മാരെന്നു
നടിക്കുന്ന രഹസ്യദൂതന്മാരെ അദ്ദേഹത്തിന്റെ
അടുത്തേക്ക് അയച്ചു. 21അവർ അദ്ദേഹത്തോടു
ചോദിച്ചു: ''ഗുരോ, അങ്ങ് ശരിയായിട്ടുള്ളതു
പ്രസ്താവിക്കുകയും ഉപദേശിക്കുകയും
മുഖപക്ഷം കാണിക്കാതെ സത്യത്തിന്
അനുസൃതമായി ദൈവത്തിന്റെ വഴി
പഠിപ്പിക്കുകയും ചെയ്യുന്നു എന്നു ഞങ്ങൾ
ക്കറിയാം. 22കൈസർക്കു കരം കൊടുക്കുന്നതു

[a] 46 യിരെമ്യാവ് 7: 11 [b] 17 സങ്കീർത്തനം 118:22

നമുക്കു നിയമാനുസൃതമോ അല്ലയോ?''
23 അവരുടെ കാപട്യം ഗ്രഹിച്ചിട്ട് അദ്ദേഹം
അവരോടു പറഞ്ഞു: 24 ''ഒരു ദിനാർ കാണട്ടെ.
ആരുടെ രൂപവും ലിഖിതവുമാണ് അതി
ന്മേലുള്ളത്?''
25 ''കൈസരുടേത്'' അവർ ഉത്തരം പറഞ്ഞു.
''എങ്കിൽ കൈസർക്കുള്ളത് കൈസർക്കും
ദൈവത്തിനുള്ളതു ദൈവത്തിനും കൊടുക്കു
വിൻ'' എന്ന് അദ്ദേഹം അവരോടു പറഞ്ഞു.
26 അങ്ങനെ ജനങ്ങളുടെ മുമ്പിൽവച്ച്
അദ്ദേഹത്തെ വാക്കിൽ കുടുക്കുവാൻ കഴി
യാതെ അവർ അദ്ദേഹത്തിന്റെ മറുപടികേട്ട്
ആശ്ചര്യപ്പെട്ടു മിണ്ടാതിരുന്നു.

*പുനരുത്ഥാനവും വിവാഹവും*

27പുനരുത്ഥാനം ഇല്ല എന്നു പറയുന്ന
സദൂക്യരിൽ ചിലർ ഒരു ചോദ്യവുമായി
യേശുവിന്റെ അടുക്കൽ വന്നു. 28അവർ
ചോദിച്ചു: ''ഗുരോ, ഒരാളുടെ സഹോദരൻ
മക്കളില്ലാതെ മരിച്ചുപോകയും ഭാര്യ
ശേഷിക്കുകയും ചെയ്യുന്നുവെങ്കിൽ അയാൾ ആ
വിധവയെ വിവാഹം ചെയ്തു സഹോദര
നുവേണ്ടി മക്കളെ ജനിപ്പിക്കണമെന്നു മോശെ
കല്പിച്ചിട്ടുണ്ട്. 29ഏഴു സഹോദരന്മാർ
ഉണ്ടായിരുന്നു. ഒന്നാമൻ ഒരു സ്ത്രീയെ
വിവാഹം ചെയ്തു മക്കളില്ലാത്തവനായി മരിച്ചു.
30രണ്ടാമനും മൂന്നാമനും അവളെ വിവാഹം
ചെയ്തു; 31 അങ്ങനെ ഏഴു പേരും വിവാഹം
ചെയ്ത് മക്കളില്ലാത്തവരായി മരിച്ചു. 32ഒടുവിൽ,
ആ സ്ത്രീയും മരിച്ചു. 33എന്നാൽ
പുനരുത്ഥാനത്തിൽ അവൾ ആരുടെ
ഭാര്യയായിരിക്കും? അവർ ഏഴുപേരും അവളെ
വിവാഹം ചെയ്തിരുന്നുവല്ലോ!''
34യേശു അവരോടു പറഞ്ഞു: '' ഈ കാല
ത്ത് ജീവിക്കുന്നവർ വിവാഹം കഴിക്കയും
വിവാഹത്തിനു കൊടുക്കപ്പെടുകയും ചെയ്യു
ന്നു. 35എന്നാൽ ആ കാലത്തിനും മരിച്ചവരിൽ
നിന്നുള്ള പുനരുത്ഥാനത്തിനും യോഗ്യരായിട്ടു
ള്ളവർ വിവാഹം കഴിക്കയോ വിവാഹത്തിനു
നല്കപ്പെടുകയോ ചെയ്യുന്നില്ല. 36അവർ
പുനരുത്ഥാനത്തിന്റെ സന്താനങ്ങളാകയാൽ
ദൈവദൂതതുല്യരും ദൈവമക്കളും ആണ്.
അതുകൊണ്ട് അവർക്ക് ഇനി മരിപ്പാനും സാധ്യ
മല്ല. 37മരിച്ചവർ ഉയിർത്തെഴുന്നേല്ക്കുന്നു
എന്നു മുൾപ്പടർപ്പിനെപ്പറ്റിയുള്ള വിവരണ
ത്തിൽ മോശെതന്നെ കാണിച്ചു തന്നിട്ടുണ്ട്;
കർത്താവിനെ 'അബ്രാഹാമിന്റെ ദൈവം,'
'യിസ്ഹാക്കിന്റെ ദൈവം,' 'യാക്കോബിന്റെ
ദൈവം' [a] എന്നിങ്ങനെ അദ്ദേഹം വിളിക്കുന്നു
വല്ലോ. 38അവിടുന്നു മരിച്ചവരുടെ ദൈവമല്ല;
ജീവനുള്ളവരുടെ ദൈവമത്രേ. അവിടുത്തേക്ക്
എല്ലാവരും ജീവിക്കുന്നവർതന്നെ.''
39 ''ഗുരോ, അങ്ങു ഭംഗിയായി പറഞ്ഞു''
വേദജ്ഞരിൽ ചിലർ പ്രതികരിച്ചു. 40പിന്നീട്
ആരും അദ്ദേഹത്തോട് ഒന്നും ചോദിക്കാൻ
മുതിർന്നില്ല.

*ക്രിസ്തു ആരുടെ പുത്രൻ?*

41 എന്നാൽ യേശു അവരോടു ചോദിച്ചു:
''ദാവീദിന്റെ പുത്രനാണ് ക്രിസ്തു എന്ന്
പറയുന്നതെങ്ങനെ? 42എന്തെന്നാൽ ദാവീദു
തന്നേയും സങ്കീർത്തനപ്പുസ്തകത്തിൽ:
'കർത്താവ് എന്റെ കർത്താവിനോട്:
43ഞാൻ നിന്റെ ശത്രുക്കളെ നിന്റെ
പാദപീഠമാക്കുന്നതുവരെയും നീ
എന്റെ വലത്തു ഭാഗത്തിരിക്കുക' [b]
എന്നു പറയുന്നു. 44 ദാവീദ് അദ്ദേഹത്തെ
'കർത്താവ്' എന്നു വിളിക്കുന്നു; പിന്നെ,
അദ്ദേഹം ദാവീദിന്റെ പുത്രൻ ആകുന്ന
തെങ്ങനെ?''
45ജനങ്ങളെല്ലാം ശ്രദ്ധിച്ചുകൊണ്ടിരിക്കെ,
യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു: 46വേ
ദജ്ഞരെ സൂക്ഷിച്ചുകൊള്ളുക. അവർ നീണ്ട
അങ്കി ധരിച്ചുകൊണ്ട് നടക്കുവാനും ചന്തസ്ഥ
ലങ്ങളിൽ അഭിവാദനം ചെയ്യപ്പെടുവാനും പള്ളി
കളിൽ മുഖ്യാസനവും വിരുന്നുകളിൽ ബഹു
മാന്യസ്ഥാനവും കരസ്ഥമാക്കുവാനും ആ
ഗ്രഹിക്കുന്നു. 47അവർ വിധവമാരുടെ വീടുകൾ
വിഴുങ്ങുകയും കേവലം പ്രകടനമായി നീണ്ട
പ്രാർത്ഥനകൾ ചൊല്ലുകയും ചെയ്യുന്നു. അങ്ങ
നെയുള്ളവർ ഏറ്റവും കഠിനമായി ശിക്ഷിക്ക
പ്പെടും.''

*വിധവയുടെ വഴിപാട്*

21 യേശു തലപൊക്കി നോക്കിയപ്പോൾ
ധനവാന്മാർ ദൈവാലയഭണ്ഡാരത്തിൽ
വഴിപാട് ഇടുന്നതു കണ്ടു. 2 ദരിദ്രയായ ഒരു
വിധവ രണ്ടു ചെറിയ ചെമ്പുകാശ് ഇടുന്നതും
അദ്ദേഹം കണ്ടു. 3''ഈ ദരിദ്രയായ വിധവ
മറ്റെല്ലാവരെക്കാളും കൂടുതൽ ഇട്ടിരിക്കുന്നു
എന്നു ഞാൻ സത്യമായി നിങ്ങളോടു പറ
യുന്നു. 4ഇവരെല്ലാവരും തങ്ങളുടെ സമൃദ്ധി
യിൽനിന്നുള്ള വഴിപാടുകളാണ് അർപ്പിച്ചത്;
ഇവളോ തന്റെ ദാരിദ്ര്യത്തിൽനിന്ന്, ഉപജീവ
നത്തിനുണ്ടായിരുന്നതു മുഴുവൻ ഇട്ടിരി
ക്കുന്നു'' അദ്ദേഹം പറഞ്ഞു.

*യുഗാവസാന ലക്ഷണങ്ങൾ*

5ചിലർ ദൈവാലയത്തെക്കുറിച്ച്, അതു
മനോഹരമായ കല്ലുകളാലും, വഴിപാടുകളാലും

[a] 37 പുറപ്പാട് 3: 6 [b] 43സങ്കീർത്തനം 110: 1

അലങ്കരിക്കപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞ
പ്പോൾ യേശു പറഞ്ഞു: 6 ''നിങ്ങൾ ഈ കാണു
ന്നത്, കല്ലിന്മേൽ കല്ലു ശേഷിക്കാത്തവിധം
എല്ലാം ഇടിച്ചു കളയുന്ന കാലം വരുന്നു.''
7''ഗുരോ, എപ്പോഴാണ് ഈ കാര്യങ്ങൾ
സംഭവിക്കുക? അവ സംഭവിക്കാറാകുമ്പോൾ
അതിനുള്ള അടയാളം എന്തായിരിക്കും?'' അവർ
ചോദിച്ചു.
8അദ്ദേഹം പറഞ്ഞു: ''ആരും നിങ്ങളെ വഴി
തെറ്റിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ.
'ഞാനാണ്' എന്നും 'സമയം അടുത്തിരിക്കുന്നു'
എന്നും അവകാശപ്പെട്ടുകൊണ്ടു പലർ എന്റെ
നാമത്തിൽ വരും. അവരുടെ പിന്നാലെ പോക
രുത്. 9നിങ്ങൾ യുദ്ധങ്ങളെയും കലാപങ്ങളെ
യും കുറിച്ചു കേൾക്കുമ്പോൾ പരിഭ്രമിച്ചു പോക
രുത്. ഇവ ആദ്യം സംഭവിക്കേണ്ടതാകുന്നു.
എന്നാൽ അവസാനം ഉടനേ ഉണ്ടാവുകയില്ല.''
10തുടർന്ന് അദ്ദേഹം അവരോടു പറഞ്ഞു:
''ഇനി ജാതി ജാതിയോടും രാഷ്ട്രം രാഷ്ട്ര
ത്തോടും കലഹിക്കും. 11 വലിയ ഭൂകമ്പങ്ങളും
വിവിധ സ്ഥലങ്ങളിൽ ക്ഷാമങ്ങളും
പകർച്ചവ്യാധികളും ഭയങ്കര സംഭവങ്ങളും
ആകാശത്തിൽ നിന്നു വലിയ അടയാളങ്ങളും
ഉണ്ടാകും. 12എന്നാൽ ഇതിനെല്ലാംമുമ്പേ,
എന്റെ നാമംനിമിത്തം അവർ നിങ്ങളെ
പിടികൂടി പീഡിപ്പിക്കും. അവർ നിങ്ങളെ പള്ളി
കളിലും കാരാഗൃഹങ്ങളിലും ഏല്പിച്ചുകൊടു
ക്കും; രാജാക്കന്മാർക്കും നാടുവാഴികൾക്കും
മുമ്പാകെ നിങ്ങളെ കൊണ്ടുചെല്ലും; 13അതു
നിങ്ങൾക്ക് സാക്ഷ്യത്തിനുള്ള അവസരമായി
രിക്കും. 14അതുകൊണ്ട് എങ്ങനെ പ്രതിവാദം
നടത്തും എന്നു മുൻകൂട്ടി ഓർത്തു വിഷമിക്കേ
ണ്ടതില്ല. 15എന്തുകൊണ്ടെന്നാൽ നിങ്ങളുടെ
എതിരാളികളിൽ ആർക്കും ചെറുത്തു നില്ക്കു
വാനോ എതിരുപറയുവാനോ കഴിയാത്ത
വാക്കുകളും പരിജ്ഞാനവും ഞാൻ നിങ്ങൾക്കു
നല്കും. 16മാതാപിതാക്കളും സഹോദരങ്ങളും
ബന്ധുക്കളും സ്നേഹിതരും നിങ്ങളെ ഒറ്റി
ക്കൊടുക്കും. അവർ നിങ്ങളിൽ ചിലരെ കൊന്നു
കളയും. 17ഞാൻ നിമിത്തം എല്ലാവരും നിങ്ങളെ
വെറുക്കും. 18എന്നാൽ നിങ്ങളുടെ ഒരു തലമുടി
പോലും നശിച്ചുപോകയില്ല. 19നിങ്ങൾ സഹിഷ്
ണുതകൊണ്ടു നിങ്ങളുടെ ജീവനെ നേടും.
20''എന്നാൽ സൈന്യങ്ങൾ യെരൂശലേമിനെ
വളഞ്ഞിരിക്കുന്നതു കാണുമ്പോൾ അതിന്റെ
വിനാശം അടുത്തിരിക്കുന്നു എന്ന് അറിഞ്ഞു
കൊൾക. 21അന്ന് യഹൂദ്യയിലുള്ളവർ പർവ്വത
ങ്ങളിലേക്ക് ഓടിപ്പോകട്ടെ; നഗരത്തിന
കത്തുള്ളവർ അവിടംവിട്ടു പോകട്ടെ;
നാട്ടുൻപുറങ്ങളിലുള്ളവർ നഗരത്തിൽ
കടക്കാതിരിക്കട്ടെ. 22എന്തുകൊണ്ടെന്നാൽ
എഴുതിയിരിക്കുന്നതെല്ലാം നിറവേറുന്ന പ്രതി
കാരത്തിന്റെ കാലമാകുന്നു അത്. 23ആ
ദിവസങ്ങളിൽ ഗർഭിണികൾക്കും മുലയൂട്ടുന്ന
അമ്മമാർക്കും അയ്യോ കഷ്ടം! ദേശത്തു വലിയ
ഞെരുക്കവും ഈ ജനത്തിനു നേരേ ക്രോധവും
ഉണ്ടാകും. 24 അവർ വാൾകൊണ്ടു വെട്ടേറ്റു
വീഴുകയും അവരെ സകല രാഷ്ട്രങ്ങളിലേക്കും
ബന്ധനസ്ഥരാക്കി കൊണ്ടുപോകയും ചെയ്യും.
വിജാതീയർ തങ്ങളുടെ കാലം തികയുവോളം
യെരൂശലേമിനെ ചവിട്ടിമെതിക്കും.
25''സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും
അടയാളങ്ങൾ ഉണ്ടാകും; കടൽ അലറുകയും
ഇളകിമറിയുകയും ചെയ്യുകയാൽ ഭൂമിയിലെ
രാഷ്ട്രങ്ങൾക്കു നിരാശയും പരിഭ്രമവും
ഉണ്ടാകും. 26ആകാശഗോളങ്ങൾ ഇളകിപ്പോ
കുന്നതുകൊണ്ട് ഭൂലോകത്തിന് എന്തു ഭവി
ക്കുമെന്ന ആശങ്കയോടെ മനുഷ്യർ ഭീതിനിമി
ത്തം ബോധമറ്റുവീണുപോകും. 27അപ്പോൾ
മനുഷ്യപുത്രൻ ശക്തിയോടും മഹാതേജസ്സോ
ടുംകൂടെ മേഘത്തിൽ വരുന്നത് അവർ കാണും.
28 ഇവ സംഭവിച്ചു തുടങ്ങുമ്പോൾ, നിങ്ങളുടെ
വീണ്ടെടുപ്പ് അടുത്തുകൊണ്ടിരിക്കയാൽ
നിവിർന്നു തല ഉയർത്തുവിൻ''.
29പിന്നെ യേശു അവരോട് ഈ ഉപമ
പറഞ്ഞു: ''അത്തിവൃക്ഷത്തെയും സകല
വൃക്ഷങ്ങളെയും നോക്കുവിൻ. 30അവ തളിർ
ക്കുമ്പോൾ വേനൽ അടുത്തിരിക്കുന്നു എന്നു
നിങ്ങൾ സ്വതവേ മനസ്സിലാക്കുന്നു. 31അങ്ങ
നെതന്നേ, ഇവ സംഭവിക്കുന്നതു കാണുമ്പോൾ
ദൈവരാജ്യം സമീപിച്ചിരിക്കുന്നുവെന്നു
നിങ്ങൾക്കു ഗ്രഹിക്കാം.
32 ''ഇവയെല്ലാം സംഭവിച്ചുതീരുവോളം ഈ
തലമുറ [a] കടന്നുപോവുകയില്ല എന്നു ഞാൻ
സത്യമായി നിങ്ങളോടു പറയുന്നു. 33ആകാ
ശവും ഭൂമിയും നീങ്ങിപ്പോകും; എന്റെ വചന
ങ്ങളോ ഒരുനാളും നീങ്ങിപ്പോകയില്ല.
34''അമിതഭക്ഷണത്താലും മദ്യപാനത്താലും
ജീവിതത്തിന്റെ ചിന്താകുലങ്ങളാലും
നിങ്ങളുടെ ഹൃദയം ഭാരപ്പെടുകയും ആ നാൾ
ഒരു കെണി എന്നപോലെ നിങ്ങളുടെ മേൽ വരി
കയും ചെയ്യാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ.
35അതു ഭൂതലത്തിൽ ജീവിക്കുന്ന സകലരുടെ
മേലും വരും. 36സംഭവിപ്പാനിരിക്കുന്ന
ഇവയെല്ലാറ്റിൽനിന്നും രക്ഷപെടുവാനും
മനുഷ്യപുത്രന്റെ മുമ്പിൽ നില്ക്കുവാനും
നിങ്ങൾ പ്രാപ്തരാകണമെന്നു പ്രാർത്ഥിച്ചു
കൊണ്ട് എല്ലായ്പോഴും ജാഗ്രതയു
ള്ളവരായിരിപ്പിൻ.''
37 യേശു പകൽതോറും ദൈവാലയത്തിൽ

[a] 32 അഥവാ, *ജാതി*

ഉപദേശിക്കുകയും സന്ധ്യതോറും പുറപ്പെട്ട്
ഒലിവുമലയിൽ ചെന്നു രാത്രി ചെലവഴി
ക്കുകയും ചെയ്തിരുന്നു. 38ജനങ്ങൾ എല്ലാ
വരും അദ്ദേഹത്തിൻെറ വചനം കേൾക്കേണ്ട
തിന് അതിരാവിലെ ദൈവാലയത്തിൽ വന്നു
കൊണ്ടിരുന്നു.

*യേശുവിനെ ഒറ്റിക്കൊടുക്കുവാൻ യൂദാ സമ്മതിക്കുന്നു*

22 പെസഹാ എന്ന പുളിപ്പില്ലാത്ത
അപ്പത്തിൻെറ പെരുനാൾ അടുത്തു
വരികയായിരുന്നു. 2മുഖ്യപുരോഹിതന്മാരും
വേദജ്ഞരും ജനത്തെ ഭയപ്പെടുകമൂലം
യേശുവിനെ കൊന്നുകളയുവാനുള്ള മാർഗ്ഗം
എന്തെന്ന് അന്വേഷിച്ചുകൊണ്ടിരുന്നു.
3അപ്പോൾ പന്തിരുവരിൽ ഒരുവനായ
ഈസ്കാര്യോത്താ യൂദയിൽ സാത്താൻ
പ്രവേശിച്ചു. 4യൂദാ മുഖ്യപുരോഹിത
ന്മാരുടെയും ദൈവാലയത്തിലെ പടനാ
യകരുടെയും അടുക്കൽ ചെന്ന് യേശുവിനെ
എങ്ങനെ ഒറ്റിക്കൊടുക്കണമെന്ന് അവരുമായി
ആലോചിച്ചു. 5അവർ സന്തോഷിച്ച് അയാൾക്കു
പണം കൊടുക്കാൻ സന്നദ്ധരായി. 6അയാൾ
അതിനു സമ്മതിച്ചു; ജനക്കൂട്ടം ഇല്ലാത്തപ്പോൾ
യേശുവിനെ അവർക്കു ഏല്പിച്ചുകൊടുക്കാൻ
തക്കം നോക്കിപ്പോന്നു.

*അന്ത്യ അത്താഴം*

7പെസഹാക്കുഞ്ഞാടിനെ യാഗം
കഴിക്കേണ്ടുന്ന പുളിപ്പില്ലാത്ത അപ്പത്തിൻെറ
ദിവസം ആയി. 8"നിങ്ങൾ പോയി നമുക്കു
പെസഹാ ഭക്ഷിക്കേണ്ടതിനുള്ള ഒരുക്കങ്ങൾ
നടത്തുവിൻ" എന്നു പറഞ്ഞ് യേശു പത്രൊ
സിനെയും യോഹന്നാനെയും അയച്ചു.
9"ഞങ്ങൾ എവിടെ ഒരുക്കണമെന്നാണ്
അങ്ങ് ഇച്ഛിക്കുന്നത്? "അവർ ചോദിച്ചു.
10അതിന് യേശു ഉത്തരം പറഞ്ഞത്: "നി
ങ്ങൾ പട്ടണത്തിൽ കടക്കുമ്പോൾ ഒരു കുടം
വെള്ളം ചുമന്നുകൊണ്ടുപോകുന്ന ഒരാളെ
കാണും. അയാൾ കടക്കുന്ന വീട്ടിലേക്ക്
അയാളുടെ പിന്നാലെചെന്ന് 11ആ വീടിൻെറ
ഉടമസ്ഥനോട്: '"ഞാൻ എൻെറ ശിഷ്യന്മാ
രോടൊത്തു പെസഹാ കഴിപ്പാനുള്ള വിരുന്നു
ശാല എവിടെ? എന്ന് ഗുരു ചോദിക്കുന്നു' എന്നു
പറവിൻ. 12വിരിച്ചൊരുക്കിയ വിശാലമായൊരു
മാളികമുറി അയാൾ നിങ്ങൾക്കു കാണിച്ചുതരും;
അവിടെ ഒരുക്കുവിൻ."
13അവർ പോയി യേശു തങ്ങളോടു പറ
ഞ്ഞിരുന്നതുപോലെ കണ്ടു പെസഹാ ഒരുക്കി.
14സമയം ആയപ്പോൾ യേശു അപ്പൊസ്തല
ന്മാരുമായി ഭക്ഷണത്തിന് ഇരുന്നു. 15 യേശു
അവരോടു പറഞ്ഞു: "എൻെറ പീഡാനുഭവ
ത്തിനുമുമ്പ് നിങ്ങളോടുകൂടെ ഈ പെസഹാ
കഴിപ്പാൻ ഞാൻ അതിയായി വാഞ്ഛിച്ചു.
16അതു ദൈവരാജ്യത്തിൽ പൂർത്തിയാകു
വോളം ഇനി ഞാൻ അതു ഭക്ഷിക്കുകയില്ല
എന്നു ഞാൻ നിങ്ങളോടു പറയുന്നു."
17 പിന്നെ പാനപാത്രം എടുത്തു സ്തോത്രം
ചെയ്തശേഷം പറഞ്ഞു: "ഇതുവാങ്ങി പങ്കിട്ടു
കൊൾവിൻ. 18ദൈവരാജ്യം വരുവോളം മുന്തി
രിയുടെ ഫലത്തിൽനിന്നു ഞാൻ വീണ്ടും
കുടിക്കുകയില്ല എന്നു ഞാൻ നിങ്ങളോടു
പറയുന്നു."
19അനന്തരം അവിടുന്ന് അപ്പം എടുത്തു
വാഴ്ത്തി നുറുക്കി അവർക്കു കൊടുത്തു
കൊണ്ടു പറഞ്ഞു: "ഇതു നിങ്ങൾക്കുവേണ്ടി
നല്കുന്ന എൻെറ ശരീരമാകുന്നു. എൻെറ
ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ."
20അങ്ങനെതന്നേ അത്താഴത്തിനുശേഷം
അവിടുന്ന് പാനപാത്രം കൊടുത്തുകൊണ്ട്
പറഞ്ഞു: "ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി
ചൊരിയുന്ന എൻെറ രക്തത്തിലെ പുതിയ
ഉടമ്പടിയാകുന്നു. 21എന്നാൽ എന്നെ
ഒറ്റിക്കൊടുക്കുന്നവൻെറ കൈ എൻെറ കൈക്ക്
അരികെ മേശപ്പുറത്തുണ്ട്. 22നിർണ്ണയിച്ചിരി
ക്കുന്ന മനുഷ്യപുത്രൻ പോകുന്നു സത്യം;
എന്നാൽ അവനെ ഒറ്റിക്കൊടുക്കുന്നവനു ഹാ
കഷ്ടം!" 23 "ഇതു ചെയ്യാൻ പോകുന്നവൻ
ആരായിരിക്കും" എന്ന് അവർ തമ്മിൽത്തമ്മിൽ
ചോദിച്ചു തുടങ്ങി.
24തങ്ങളിൽ ആരെയാണ് ഏറ്റവും
ശ്രേഷ്ഠനായി കരുതേണ്ടത് എന്നൊരു തർ
ക്കവും അവരുടെ ഇടയിൽ ഉണ്ടായി. 25 യേശു
അവരോടു പറഞ്ഞു: "വിജാതീയരുടെ
രാജാക്കന്മാർ അവരുടെമേൽ കർത്തൃത്വം
നടത്തുന്നു; അവരുടെമേൽ അധികാരം
നടത്തുന്നവരെ ഉപകാരികൾ എന്നു വിളിക്കു
കയും ചെയ്യുന്നു. 26 എന്നാൽ നിങ്ങളോ അങ്ങ
നെയല്ല ചെയ്യേണ്ടത്. നിങ്ങളിൽ ഏറ്റവും
വലിയവൻ ഏറ്റവും ഇളയവനെപ്പോലെയും
നായകൻ ശുശ്രൂഷിക്കുന്നവനെപ്പോലെയും
ആയിരിക്കണം. 27ആരാണു വലിയവൻ?
ഭക്ഷണത്തിനിരിക്കുന്നവനോ ശുശ്രൂഷിക്കുന്ന
വനോ? ഭക്ഷണത്തിനിരിക്കുന്നവനല്ലയോ?
ഞാനോ നിങ്ങളുടെ ഇടയിൽ ശുശ്രൂഷകനേ
പ്പോലെയത്രേ. 28നിങ്ങളാകുന്നു എൻെറ പരീ
ക്ഷകളിൽ എന്നോടുകൂടെ നിന്നവർ. 29എൻെറ
പിതാവ് എനിക്ക് ഒരു രാജ്യം തന്നതുപോലെ
ഞാൻ നിങ്ങൾക്കും തരുന്നു. 30അങ്ങനെ
നിങ്ങൾ എൻെറ രാജ്യത്തിൽ, എൻെറ മേശ
യിൽനിന്നു തിന്നുകയും കുടിക്കുകയും സിംഹാ
സനങ്ങളിൽ ഇരുന്ന് യിസ്രായേൽ ഗോത്രം

പന്ത്രണ്ടിനേയും ന്യായം വിധിക്കുകയും ചെയ്യും.
31''ശിമോനേ, ശിമോനേ, സാത്താൻ നിങ്ങ
ളെ ഗോതമ്പുപോലെ പാറ്റേണ്ടതിന് അനുവാദം
ചോദിച്ചു; 32എന്നാൽ നിൻെറ വിശ്വാസം
നഷ്ടപ്പെടാതിരിപ്പാൻ ഞാൻ നിനക്കുവേണ്ടി
അപേക്ഷിച്ചു. നീ വീണ്ടും തിരിഞ്ഞുവന്ന ശേഷം
നിൻെറ സഹോദരന്മാരെ ഉറപ്പിച്ചുകൊൾക.''
33അതിന് അവൻ, ''കർത്താവേ, അങ്ങ
യോടുകൂടെ തടവിലാകുവാനും മരിപ്പാനും
ഞാൻ ഒരുക്കമാണ്'' എന്ന് ഉത്തരം പറഞ്ഞു.
34 യേശു അവനോട്: ''പത്രോസേ, ഞാൻ
നിന്നോടു പറയുന്നു: എന്നെ അറിയുന്നില്ല
എന്ന് നീ മൂന്നു പ്രാവശ്യം തള്ളിപ്പറയുംവരെ
ഇന്നു കോഴി കൂവുകയില്ല'' എന്നു പറഞ്ഞു.
35പിന്നെ യേശു അവരോട് ചോദിച്ചു: ''ഞാൻ
നിങ്ങളെ പണസഞ്ചിയോ ഭാണ്ഡമോ
ചെരിപ്പോ കൂടാതെ അയച്ചപ്പോൾ നിങ്ങൾക്ക്
എന്തിനെങ്കിലും കുറവുണ്ടായോ?''
''ഒന്നിനും കുറവുണ്ടായില്ല'' അവർ മറുപടി
പറഞ്ഞു.
36 അദ്ദേഹം അവരോടു പറഞ്ഞു: ''എന്നാൽ
ഇപ്പോൾ പണസ്സഞ്ചിയുള്ളവൻ അതു എടു
ത്തുകൊള്ളട്ടെ അതുപോലെ വാൾ ഉള്ളവനും.
വാൾ ഇല്ലാത്തവൻ തൻെറ വസ്ത്രംവിറ്റ്
ഒരെണ്ണം വാങ്ങട്ടെ. 37'അവനെ അധർമ്മികളുടെ
കൂട്ടത്തിൽ എണ്ണി' [a]എന്ന് എഴുതിയിരിക്കുന്ന
വചനം എന്നിൽ നിറവേറേണ്ടതാകുന്നു. അതേ,
എന്നെക്കുറിച്ച് എഴുതിയിട്ടുള്ളത് പൂർത്തി
യാകണം.''
38 അതിനു ശിഷ്യന്മാർ, ''ഇതാ, കർത്താവേ,
ഇവിടെ രണ്ടു വാൾ ഉണ്ട്'' എന്നു പറഞ്ഞു.
''മതി'' അദ്ദേഹം ഉത്തരം പറഞ്ഞു.

*യേശു ഒലിവുമലയിൽ പ്രാർത്ഥിക്കുന്നു*

39പിന്നെ യേശു പുറത്തെത്തി പതിവു
പോലെ ഒലിവുമലയിലേക്കു പോയി. ശിഷ്യ
ന്മാർ അദ്ദേഹത്തെ അനുഗമിച്ചു. 40 ആ സ്ഥല
ത്ത് എത്തിയപ്പോൾ അദ്ദേഹം അവരോട്,
''നിങ്ങൾ പരീക്ഷയിൽ അകപ്പെടാതിരിക്കാൻ
പ്രാർത്ഥിപ്പിൻ'' എന്നു പറഞ്ഞു.
41പിന്നെ അവരിൽനിന്ന് ഒരു കല്ലേറു
ദൂരത്തോളം അപ്പുറം ചെന്നു മുട്ടുകുത്തി,
42''പിതാവേ, തിരുവിഷ്ടമെങ്കിൽ ഈ പാന
പാത്രം എന്നിൽ നിന്നു നീക്കേണമേ; എങ്കിലും
എൻെറ ഇഷ്ടമല്ല, അവിടുത്തെ ഇഷ്ടം തന്നേ
ആകട്ടെ'' എന്നു പ്രാർത്ഥിച്ചു. 43അദ്ദേഹത്തെ
ശക്തിപ്പെടുത്തുവാൻ സ്വർഗ്ഗത്തിൽനിന്ന് ഒരു
ദൂതൻ അദ്ദേഹത്തിനു പ്രത്യക്ഷനായി. 44പിന്നെ,
അദ്ദേഹം അതിവേദനയിലായി അത്യധികം
തീക്ഷ്ണതയോടെ പ്രാർത്ഥിച്ചു. അദ്ദേഹ
ത്തിൻെറ വിയർപ്പ് നിലത്തുവീഴുന്ന വലിയ
രക്തത്തുള്ളികൾപോലെ ആയി.
45 അദ്ദേഹം പ്രാർത്ഥന കഴിഞ്ഞ് എഴുന്നേറ്റു
ശിഷ്യന്മാരുടെ അടുക്കൽ തിരിച്ചെത്തിയ
പ്പോൾ, അവർ സങ്കടംകൊണ്ടു തളർന്നു
ഉറങ്ങിപ്പോയിരിക്കുന്നതു കണ്ടു; 46 ''നിങ്ങൾ
ഉറങ്ങുന്നത് എന്ത്? പരീക്ഷയിൽ അക
പ്പെടാതിരിപ്പാൻ എഴുന്നേറ്റ് പ്രാർത്ഥിപ്പിൻ,''
അദ്ദേഹം അവരോടു പറഞ്ഞു.

*യേശു ബന്ധനസ്ഥനാകുന്നു*

47 യേശു സംസാരിച്ചുകൊണ്ടിരുന്നപ്പോൾ
തന്നേ ഒരു ജനക്കൂട്ടം അവിടെ വന്നുചേർന്നു.
പന്തിരുവരിൽ ഒരുവനായ യൂദായാണ് അവരെ
നയിച്ചിരുന്നത്. യേശുവിനെ ചുംബിക്കേ
ണ്ടതിന് അയാൾ അദ്ദേഹത്തിൻെറ അടുത്തു
ചെന്നു. 48എന്നാൽ യേശു അയാളോട്, ''യൂദ
യേ, നീ ചുംബനം കൊണ്ടാണോ മനുഷ്യപുത്ര
നെ ഒറ്റിക്കൊടുക്കുന്നത്?'' എന്നു ചോദിച്ചു.
49സംഭവിപ്പാൻ പോകുന്നത് എന്തെന്നു
കണ്ടിട്ട് യേശുവിൻെറ ചുറ്റും നിന്നിരുന്നവർ,
''കർത്താവേ, ഞങ്ങൾ വാളെടുത്തു
വെട്ടണമോ?'' എന്നു ചോദിച്ചു. 50അവരിൽ
ഒരാൾ മഹാപുരോഹിതൻെറ ദാസനെ വെട്ടി,
അവൻെറ വലത്തെ കാത് ഛേദിച്ചുകളഞ്ഞു.
51''അരുത്, അതു പാടില്ല" യേശു പറഞ്ഞു.
പിന്നെ അദ്ദേഹം അവൻെറ കാതിൽ തൊട്ട്
അവനെ സൗഖ്യമാക്കി.
52തനിക്കെതിരേവന്ന മുഖ്യപുരോഹിത
ന്മാരോടും ദൈവാലയത്തിലെ പടനായകരോ
ടും മൂപ്പന്മാരോടും യേശു പറഞ്ഞു: "എന്ത്?
നിങ്ങൾ വാളും വടിയുമായി എൻെറ നേരേ
വരുവാൻ ഞാൻ ഒരു കൊള്ളക്കാരനോ?
53ഞാൻ ദിവസേന നിങ്ങളോടുകൂടെ ദൈവാ
ലയത്തിൽ ഇരുന്നിട്ടും നിങ്ങൾ എൻെറ മേൽ
കൈവച്ചില്ല. എന്നാൽ ഇതു നിങ്ങളുടെ സമ
യവും ഇരുട്ടിൻെറ അധികാരവുമാണ്'' എന്നു
പറഞ്ഞു.

*പത്രൊസ് യേശുവിനെ തള്ളിപ്പറയുന്നു*

54അവർ അദ്ദേഹത്തെ പിടിച്ചു മഹാപുരോ
ഹിതൻെറ വീട്ടിലേക്കു കൊണ്ടുപോയി.
പത്രൊസ് കുറെ അകലെയായി പിന്നാലെ
ചെന്നു. 55 അവർ നടുമുറ്റത്തിനു നടുവിൽ തീ
കത്തിച്ച് ഒന്നിച്ചിരുന്നപ്പോൾ പത്രൊസും
അവരോടുകൂടെയിരുന്നു. 56 അയാൾ തീയുടെ
വെളിച്ചത്തിൽ ഇരിക്കുന്നത് ഒരു വേലക്കാരി
പെൺകുട്ടി കണ്ട് അയാളെ സൂക്ഷിച്ചു നോക്കി
യിട്ട് പറഞ്ഞു: ''ഈ മനുഷ്യനും അയാളോടു
കൂടെ ഉണ്ടായിരുന്നു.''

[a] 37 യെശയ്യാവ് 53: 12

57 എന്നാൽ പത്രൊസ് അതു നിഷേധിച്ചു;
''സ്ത്രീയേ, ഞാൻ അയാളെ അറിയുന്നില്ല''
എന്നു പറഞ്ഞു.
58 കുറെ കഴിഞ്ഞു വേറേ ഒരാൾ അയാളെ
കണ്ടിട്ട്, "നീയും അവരുടെ കൂട്ടത്തിലുള്ളവൻ''
എന്നു പറഞ്ഞു.
''മനുഷ്യാ, ഞാൻ അല്ല'' പത്രൊസ് മറുപടി
പറഞ്ഞു.
59 ഏകദേശം ഒരു മണിക്കൂർ കഴിഞ്ഞു
മറ്റൊരാൾ ഉറപ്പിച്ചു പറഞ്ഞു: ''ഇയാൾ
നിശ്ചയമായും അയാളോടുകൂടെ ഉണ്ടാ
യിരുന്നു. ഇയാളും ഗലീലക്കാരനാണല്ലോ!''
60അതിനു പത്രൊസ്, ''മനുഷ്യാ, നീ
പറയുന്നത് എന്താണെന്ന് എനിക്കു മനസ്സിലാ
കുന്നില്ല'' എന്ന് ഉത്തരം പറഞ്ഞു. ഉടനേ,
അയാൾ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ തന്നേ,
കോഴി കൂവി. 61കർത്താവു തിരിഞ്ഞ് പത്രൊ
സിനെ സൂക്ഷിച്ചു നോക്കി. ''ഇന്നു കോഴി
കൂവുന്നതിനുമുൻപേ നീ മൂന്നു പ്രാവശ്യം
എന്നെ തള്ളിപ്പറയും'' എന്നു കർത്താവു
തന്നോടുപറഞ്ഞ വാക്ക് പത്രൊസ് ഓർത്തു.
62അയാൾ പുറത്തുപോയി അതിദുഃഖത്തോടെ
കരഞ്ഞു.

*പടയാളികൾ യേശുവിനെ പരിഹസിക്കുന്നു*

63യേശുവിനു കാവൽ നിന്നിരുന്നവർ
അദ്ദേഹത്തെ പരിഹസിക്കുവാനും അടിക്കു
വാനും തുടങ്ങി. 64അദ്ദേഹത്തിൻെറ കണ്ണു
മൂടിക്കെട്ടിയിട്ട്, ''പ്രവചിക്കുക, ആരാണു നിന്നെ
തല്ലിയത്?'' എന്ന് അവർ ചോദിച്ചു. 65മറ്റു
പലതും അദ്ദേഹത്തെ ദുഷിച്ചുകൊണ്ട് അവർ
പറഞ്ഞു.

*യേശുവിനെ ന്യായാധിപസമിതി*
*വിസ്തരിക്കുന്നു*

66നേരം വെളുത്തപ്പോൾ, മുഖ്യപുരോഹിത
ന്മാരും വേദജ്ഞരും ഉൾപ്പെട്ട ന്യായാധിപ
സമിതി സമ്മേളിച്ച് യേശുവിനെ തങ്ങളുടെ
മുമ്പാകെ വരുത്തി. 67 ''നീ ക്രിസ്തു എങ്കിൽ
ഞങ്ങളോടു പറയുക'' അവർ പറഞ്ഞു.
അതിന് യേശു, ''ഞാൻ നിങ്ങളോടു പറ
ഞ്ഞാൽ നിങ്ങൾ എന്നെ വിശ്വസിക്കുകയില്ല,
68ഞാൻ നിങ്ങളോടു ചോദിച്ചാൽ നിങ്ങൾ
ഉത്തരം പറയുകയുമില്ല. 69 എന്നാൽ ഇപ്പോൾ
മുതൽ മനുഷ്യപുത്രൻ ദൈവശക്തിയുടെ
വലത്തുഭാഗത്ത് ഇരിക്കും'' എന്ന് ഉത്തരം
പറഞ്ഞു.
70''അപ്പോൾ, നീ ദൈവപുത്രൻ തന്നെ
യോ?'' അവർ എല്ലാവരും ചോദിച്ചു.
''നിങ്ങൾ പറയുന്നതു ശരി; ഞാൻ ആകു
ന്നു'' യേശു ഉത്തരം പറഞ്ഞു.
71 അപ്പോൾ അവർ പറഞ്ഞു: ''ഇനി നമുക്ക്
വേറെ സാക്ഷ്യത്തിൻെറ ആവശ്യം എന്ത്? അവ
ൻെറ വായിൽ നിന്നുതന്നേ നാം അതു കേട്ടു
കഴിഞ്ഞിരിക്കുന്നുവല്ലോ.''

*യേശു പീലാത്തോസിൻെറയും*
*ഹെരോദാവിൻെറയും മുന്നിൽ*

23 അനന്തരം ആ സംഘം ഒന്നാകെ
എഴുന്നേറ്റ് അദ്ദേഹത്തെ പീലാത്തോ
സിൻെറ അടുത്തേക്കു കൊണ്ടുപോയി. 2 ''ഈ
മനുഷ്യൻ ഞങ്ങളുടെ ജനങ്ങളെ വഴിതെറ്റിക്കു
ന്നതായി ഞങ്ങൾ കണ്ടിരിക്കുന്നു. കൈസർക്കു
കരം കൊടുക്കുന്നത് ഇയാൾ വിലക്കുകയും
താൻ ക്രിസ്തു എന്ന രാജാവാകുന്നുവെന്ന്
അവകാശപ്പെടുകയും ചെയ്യുന്നു'' എന്നു
പറഞ്ഞുകൊണ്ട് അവർ അദ്ദേഹത്തിൻെറമേൽ
കുറ്റം ചുമത്തിത്തുടങ്ങി.
3പീലാത്തോസ് യേശുവിനോട്: ''നീ
യഹൂദരുടെ രാജാവാണോ?'' എന്നു ചോദിച്ചു.
അതിനു യേശു: ''അതേ, താങ്കൾ പറയുന്നതു
ശരിതന്നേ'' എന്ന് ഉത്തരം പറഞ്ഞു.
4അപ്പോൾ പീലാത്തോസ് മുഖ്യപുരോഹിത
ന്മാരോടും ജനക്കൂട്ടത്തോടും പ്രസ്താവിച്ചു:
''ഞാൻ ഈ മനുഷ്യനിൽ കുറ്റമൊന്നും
കാണുന്നില്ല.''
5അതിന് അവർ: ''ഇവൻ ഗലീലയിൽതുടങ്ങി
യഹൂദ്യയിൽ എല്ലായിടത്തും ഇവിടംവരെയും
ജനങ്ങളെ തൻെറ ഉപദേശംകൊണ്ട്
ഇളക്കിവിടുകയാണ്" എന്നു തറപ്പിച്ചു പറഞ്ഞു.
6 ഇതുകേട്ടപ്പോൾ പീലാത്തോസ് ചോദിച്ചു:
''ഈ മനുഷ്യൻ ഗലീലക്കാരനോ?'' 7 യേശു
ഹെരോദാവിൻെറ അധികാരപരിധിയിൽ
ഉൾപ്പെട്ടവൻ എന്നു അറിഞ്ഞിട്ട് അയാൾ
അദ്ദേഹത്തെ ആ സമയത്തു യെരൂശലേമിൽ
ഉണ്ടായിരുന്ന ഹെരോദാവിൻെറ അടുത്തേക്കു
അയച്ചു.
8ഹെരോദാവ് യേശുവിനെ കണ്ടപ്പോൾ
അത്യന്തം സന്തോഷിച്ചു. അയാൾ വളരെ
ക്കാലമായി അദ്ദേഹത്തെ കാണ്മാൻ ആഗ്രഹി
ച്ചുകൊണ്ടിരിക്കയായിരുന്നു; അദ്ദേഹത്തെക്കു
റിച്ചു കേട്ടിരുന്നതിൻെറ അടിസ്ഥാനത്തിൽ,
അദ്ദേഹം എന്തെങ്കിലും അത്ഭുതം പ്രവർത്തി
ക്കുന്നതു കാണാം എന്ന് ആശിച്ചു. 9അയാൾ
ഒട്ടേറെ ചോദ്യങ്ങൾ യേശുവിനോടു ചോദിച്ചു
വെങ്കിലും യേശു അയാളോട് ഉത്തരമൊന്നും
പറഞ്ഞില്ല. 10മുഖ്യപുരോഹിതന്മാരും വേദ
ജ്ഞരും അദ്ദേഹത്തെ കഠിനമായി കുറ്റം
ചുമത്തിക്കൊണ്ടു നിന്നു. 11ഹെരോദാവും
അയാളുടെ പടയാളികളും അദ്ദേഹത്തെ
പുച്ഛിക്കുകയും പരിഹസിക്കുകയും ചെയ്തു.
പിന്നെ, അദ്ദേഹത്തെ മോടിയുള്ള വസ്ത്രം

ധരിപ്പിച്ചു പീലാത്തോസിൻെറ അടുക്കലേക്കു
മടക്കി അയച്ചു. 12അന്ന് ഹെരോദാവും
പീലാത്തോസും സ്നേഹിതന്മാരായിത്തീർന്നു;
അതിനുമുമ്പ് അവർ ശത്രുതയിലായിരുന്നു.

13പീലാത്തോസ് മുഖ്യപുരോഹിതന്മാരെയും
ഭരണാധികാരികളെയും ജനങ്ങളെയും
വിളിച്ചുകൂട്ടി അവരോടു പറഞ്ഞു: 14“ഈ
മനുഷ്യൻ ജനങ്ങളെ കലഹത്തിനു പ്രേരിപ്പി
ക്കുന്നു എന്നു പറഞ്ഞ് നിങ്ങൾ ഇയാളെ എൻെറ
അടുക്കൽ കൊണ്ടുവന്നു. ഞാൻ നിങ്ങളുടെ
മുമ്പാകെ വിസ്തരിച്ചിട്ടും ഇയാൾക്കെതിരേ
നിങ്ങൾ നടത്തുന്ന കുറ്റാരോപണങ്ങൾക്ക്
അടിസ്ഥാനമൊന്നും കണ്ടില്ല; 15ഹെരോദാവും
കണ്ടില്ല; അദ്ദേഹം ഇയാളെ നമ്മുടെ അടുക്കൽ
മടക്കി അയച്ചിരിക്കു ന്നുവല്ലോ. ഇയാൾ മരണ
യോഗ്യമായത് ഒന്നും ചെയ്തിട്ടില്ല. 16അതുകൊ
ണ്ട് ഞാൻ ഇയാളെ അടിപ്പിച്ച് വിട്ടയയ്ക്കും.”
17ഉത്സവസമയത്ത് ഒരുവനെ അവർക്ക്
വിട്ടുകൊടുക്കുവാൻ അയാൾ കടപ്പെട്ടിരുന്നു.

18 അവർ ഒന്നിച്ചു നിലവിളിച്ചു: “ഇവനെ
നീക്കിക്കളയുക, ബറബ്ബാസിനെ വിട്ടുതരിക!”
19(ബറബ്ബാസോ നഗരത്തിലുണ്ടായ ഒരു
കലാപവും കൊലപാതകവും നിമിത്തം തടവിൽ
അടയ്ക്കപ്പെട്ടവൻ ആയിരുന്നു.)

20 യേശുവിനെ വിട്ടയ്ക്കാൻ ആഗ്രഹിച്ചിട്ടു
പീലാത്തോസ് അവരോടു വീണ്ടും സംസാരിച്ചു.
21അവരോ, “അവനെ ക്രൂശിക്കുക, അവനെ
ക്രൂശിക്കുക” എന്ന് അട്ടഹസിച്ച് ഉച്ചത്തിൽ
നിലവിളിച്ചുകൊണ്ടിരുന്നു. 22അയാൾ
മൂന്നാമതും അവരോടു പറഞ്ഞു: “ അയാൾ
എന്തു കുറ്റമാണ് ചെയ്തത്? മരണശിക്ഷയ്ക്കു
യോഗ്യമായത് ഒന്നും ഞാൻ ഈയാളിൽ
കണ്ടില്ല; അതുകൊണ്ട് ഞാൻ ഇവനെ
അടിപ്പിച്ചു വിട്ടയയ്ക്കും.”

23 അവരോ, “അവനെ ക്രൂശിക്കണം” എന്ന്
ഉച്ചത്തിൽ നിലവിളിച്ച് നിർബ്ബന്ധപൂർവ്വം
ആവശ്യപ്പെട്ടുകൊണ്ടിരുന്നു. അവരുടെ
നിലവിളി ഫലിച്ചു. 24അങ്ങനെ, അവരുടെ
അപേക്ഷ അനുവദിച്ചുകൊടുക്കാൻ പീലാ
ത്തോസ് ഒടുവിൽ വിധികല്പിച്ചു. 25കലാപവും
കൊലപാതകവും നിമിത്തം തടവിലാക്കിയിരു
ന്നവനെ അവർ ആവശ്യപ്പെട്ടതുപോലെ അയാ
ൾ വിട്ടയയ്ക്കുകയും യേശുവിനെ അവരുടെ
ഇഷ്ടത്തിനു വിട്ടുകൊടുക്കുകയും ചെയ്തു.

*ക്രൂശീകരണം*

26അദ്ദേഹത്തെ കൊണ്ടുപോകുമ്പോൾ,
നാട്ടിൻപുറത്തുനിന്നു വരികയായിരുന്ന
കുറേനക്കാരനായ ശിമോനെ അവർ പിടിച്ച്
ക്രൂശ് ചുമപ്പിച്ച് യേശുവിൻെറ പിന്നാലെ
നടത്തി. 27അദ്ദേഹത്തെക്കുറിച്ചു വിലപിക്കു
കയും മുറവിളികൂട്ടുകയും ചെയ്യുന്ന
സ്ത്രീകളടക്കം ഒരു വലിയ പുരുഷാരം
അദ്ദേഹത്തെ പിന്തുടർന്നു. 28 യേശു തിരിഞ്ഞ്
അവരോട്, “യെരൂശലേം പുത്രിമാരേ,
എന്നെച്ചൊല്ലി കരയേണ്ടാ; നിങ്ങളെയും
നിങ്ങളുടെ മക്കളെയും ചൊല്ലി കരയുവിൻ;
29എന്തുകൊണ്ടെന്നാൽ ‘വന്ധ്യകളും
പ്രസവിച്ചിട്ടില്ലാത്തവരും മുലകുടിപ്പിച്ചി
ട്ടില്ലാത്തവരും ഭാഗ്യവതികൾ!’ എന്നു നിങ്ങൾ
പറയുന്ന കാലം വരുന്നു.

30 “അന്ന്, അവർ മലകളോട്, ‘ഞങ്ങളുടെ
മേൽ വീഴുക’ എന്നും കുന്നുകളോട് ‘ഞങ്ങളെ
മൂടുക’ എന്നും പറയും. [a]

31“പച്ചമരത്തോട് മനുഷ്യർ ഇങ്ങനെ
ചെയ്യുന്നുവെങ്കിൽ ഉണങ്ങിയതിന് എന്താണു
ഭവിക്കുക?”

32കുറ്റവാളികളായ രണ്ടുപേരെക്കൂടെ
അദ്ദേഹത്തോടൊപ്പം കൊല്ലുവാൻ കൊണ്ടു
പോയി. 33തലയോടിടം എന്നു പേരുള്ള
സ്ഥലത്ത് എത്തിയപ്പോൾ അവിടെ അവർ
അദ്ദേഹത്തെയും കുറ്റവാളികളെയും, ഒരുവനെ
വലത്തും മറ്റവനെ ഇടത്തുമായി ക്രൂശിച്ചു. 34അ
പ്പോൾ യേശു: “പിതാവേ, തങ്ങൾ ചെയ്യുന്നത്
എന്താണെന്ന് ഇവർ അറിയായ്കയാൽ
ഇവരോടു ക്ഷമിക്കേണമേ” എന്നു പറഞ്ഞു.
അനന്തരം അവർ അദ്ദേഹത്തിൻെറ വസ്ത്ര
ങ്ങൾ നറുക്കിട്ടു വീതിച്ചെടുത്തു.

35ജനങ്ങൾ അരികെ നോക്കിനിന്നു.
അധികാരികൾ ആകട്ടെ, അദ്ദേഹത്തെ പരിഹ
സിച്ചു. “ഇവൻ മറ്റുള്ളവരെ രക്ഷിച്ചു; ഇവൻ
ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട ക്രിസ്തു
വെങ്കിൽ സ്വയം രക്ഷിക്കട്ടെ” അവർ പറഞ്ഞു.

36പടയാളികളും അടുത്തുവന്ന് അദ്ദേഹത്തെ
പരിഹസിച്ചു. അവർ അദ്ദേഹത്തിനു പുളിച്ച
വീഞ്ഞു കൊടുത്തിട്ടു പറഞ്ഞു: 37“നീ
യഹൂദന്മാരുടെ രാജാവാണെങ്കിൽ നിന്നെ
ത്തന്നേ രക്ഷിക്കുക.”

38“ഇത് യഹൂദന്മാരുടെ രാജാവ് ആണ്”
എന്ന ഒരു മേലെഴുത്തും അദ്ദേഹത്തിനുമീതെ
ഉണ്ടായിരുന്നു.

39തൂങ്ങിക്കിടന്ന കുറ്റവാളികളിൽ ഒരാൾ, “നീ
ക്രിസ്തു അല്ലയോ? നിന്നെത്തന്നേയും
ഞങ്ങളെയും രക്ഷിക്കുക” എന്നു പറഞ്ഞ്
അദ്ദേഹത്തെ ദുഷിച്ചു.

40മറ്റേ കുറ്റവാളി അയാളെ ശാസിച്ചുകൊണ്ടു
പറഞ്ഞു: “തുല്യശിക്ഷാവിധിയിൽ ആയിട്ടും നീ
ദൈവത്തെ ഭയപ്പെടുന്നില്ലയോ? 41നമ്മൾ ശിക്ഷ
അനുഭവിക്കുന്നതു ന്യായമായിട്ടുതന്നേ;
നമ്മുടെ പ്രവൃത്തികൾക്കു തക്കതല്ലോ നമുക്കു

*a* 30 ഹോശേയാ 10:8

കിട്ടിയത്! ഈ മനുഷ്യനോ ഒരു ദോഷവും
ചെയ്തിട്ടില്ല''.
42പിന്നെ അയാൾ പറഞ്ഞു: ''യേശുവേ,
അങ്ങു രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെ
ഓർത്തുകൊള്ളണമേ."
43യേശു അയാളോട്: ''ഇന്നു നീ
എന്നോടുകൂടെ പറുദീസയിൽ ആയിരിക്കും
എന്ന് ഞാൻ സത്യമായി നിന്നോടു പറയുന്നു''
എന്നു പറഞ്ഞു.

*യേശുവിന്റെ മരണം*

44അപ്പോൾ ഏകദേശം ആറാംമണിക്കൂർ
ആയിരുന്നു; സൂര്യൻ ഇരുണ്ടുപോയതുകൊണ്ട്
45ഒമ്പതാംമണിക്കൂർവരെ ദേശത്തെല്ലായി
ടത്തും അന്ധകാരം ഉണ്ടായി. ദൈവാലയ
ത്തിലെ തിരശ്ശീല രണ്ടായി ചീന്തിപ്പോയി.
46യേശു അത്യുച്ചത്തിൽ, ''പിതാവേ, അങ്ങ
യുടെ കരങ്ങളിൽ ഞാൻ എന്റെ ആത്മാവിനെ
ഭരമേല്പിക്കുന്നു'' എന്നു നിലവിളിച്ചു പറഞ്ഞു.
ഇതു പറഞ്ഞിട്ട് അദ്ദേഹം പ്രാണനെ വിട്ടു.
47സംഭവിച്ചതുകണ്ടിട്ട് ശതാധിപൻ ദൈവ
ത്തെ പുകഴ്ത്തിക്കൊണ്ട്, ''നിശ്ചയമായും ഈ
മനുഷ്യൻ നീതിമാനായിരുന്നു'' എന്നു പറഞ്ഞു.
48കാണ്മാൻ വന്നുകൂടിയവർ എല്ലാവരും
സംഭവിച്ചതുകണ്ട് നെഞ്ചത്തടിച്ചുകൊണ്ടു
തിരികെപ്പോയി. 49എന്നാൽ ഗലീലയിൽ നിന്ന്
അദ്ദേഹത്തെ അനുഗമിച്ച സ്ത്രീകൾ
ഉൾപ്പെടെ അദ്ദേഹത്തിന്റെ പരിചയക്കാർ
എല്ലാവരും ഇവയെല്ലാം നോക്കിക്കൊണ്ടു
ദൂരത്തുനിന്നു.

*യേശുവിന്റെ ശവസംസ്കാരം*

50അധികാരസമിതിലെ ഒരംഗവും നല്ലവനും
നീതിമാനും ആയ യോസേഫ് എന്നു പേരുള്ള
ഒരു മനുഷ്യൻ അവിടെ ഉണ്ടായിരുന്നു.
51അയാൾ അവരുടെ തീരുമാനത്തെയും
പ്രവൃത്തിയെയും അനുകൂലിച്ചിരുന്നില്ല.
അയാൾ അരിമഥ്യ എന്ന യഹൂദപട്ടണത്തിൽ
നിന്നുള്ളവനും ദൈവരാജ്യത്തിനായി കാത്തി
രുന്നവനും ആയിരുന്നു. 52അയാൾ പീലാ
ത്തോസിന്റെ അടുക്കൽ ചെന്ന് യേശുവിന്റെ
ശരീരം ആവശ്യപ്പെട്ടു; 53 പിന്നെ അതു
താഴെയിറക്കി വസ്ത്രത്തിൽ പൊതിഞ്ഞു
പാറയിൽ വെട്ടിയുണ്ടാക്കിയിരുന്നതും
ആരെയും അതുവരെ വച്ചിട്ടില്ലാത്തതുമായ ഒരു
കല്ലറയിൽ വച്ചു. 54അന്ന് ഒരുക്കനാളായിരുന്നു;
ശബ്ബത്ത് ആരംഭിക്കാനുള്ള സമയവും
അടുത്തിരുന്നു.
55ഗലീലയിൽ നിന്ന് യേശുവിനോടുകൂടെ
വന്ന സ്ത്രീകൾ യോസേഫിന്റെ പിന്നാലെ
ചെന്ന് കല്ലറയും അതിൽ ശരീരം വച്ച വിധവും
കണ്ടു. 56പിന്നെ അവർ വീട്ടിലേക്കു പോയി
സുഗന്ധദ്രവ്യങ്ങളും പരിമളതൈലവും ഒരുക്കി.
കല്പന അനുസരിച്ച് ശബ്ബത്തിൽ അവർ
വിശ്രമിച്ചു.

*ഉയിർത്തെഴുന്നേല്പ്*

24 ആഴ്ചയുടെ ആദ്യദിവസം അതി
രാവിലെ ആ സ്ത്രീകൾ തങ്ങൾ
തയ്യാറാക്കിയ സുഗന്ധദ്രവ്യങ്ങൾ എടുത്തു
കൊണ്ട് കല്ലറയ്ക്കൽ എത്തി. 2കല്ലറയിൽ നിന്ന്
കല്ല് ഉരുട്ടിമാറ്റിയിരുന്നതായി അവർ കണ്ടു.
3അകത്തു കടന്നപ്പോൾ അവർ കർത്താവായ
യേശുവിന്റെ ശരീരം കണ്ടില്ല.
4അതിനെക്കുറിച്ച് അവർ ആശ്ചര്യചകിതരാ
യിരിക്കുമ്പോൾ, പെട്ടെന്നു മിന്നൽപോലെ
തിളങ്ങുന്ന വസ്ത്രം ധരിച്ച രണ്ടു പുരുഷന്മാർ
അരികെ നില്ക്കുന്നതു കണ്ടു. 5അവർ ഭയപ്പെട്ടു
മുഖം കുനിച്ചപ്പോൾ ആ പുരുഷന്മാർ അവരോടു
പറഞ്ഞു: ''നിങ്ങൾ ജീവിച്ചിരിക്കുന്നവനെ
മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നത്
എന്ത്? 6അദ്ദേഹം ഇവിടെ ഇല്ല; ഉയിർ
ത്തെഴുന്നേറ്റിരിക്കുന്നു. 7മുമ്പേ നിങ്ങളോടു
കൂടെ ഗലീലയിൽ ആയിരുന്നപ്പോൾ അദ്ദേഹം
നിങ്ങളോട്, 'മനുഷ്യപുത്രൻ പാപികളുടെ
കയ്യിൽ ഏല്പിക്കപ്പെട്ടു ക്രൂശിക്കപ്പെടുകയും
മൂന്നാംനാൾ ഉയിർത്തെഴുന്നേല്ക്കുകയും
വേണം' എന്നു പറഞ്ഞത് ഓർക്കുക'' എന്നു
പറഞ്ഞു. 8 അപ്പോൾ അവർ അദ്ദേഹത്തിന്റെ
വാക്കുകൾ ഓർത്തു.
9കല്ലറയ്ക്കൽനിന്നു മടങ്ങിയെത്തിയ ശേഷം
അവർ ഈ കാര്യങ്ങളെല്ലാം പതിനൊ
രുവരോടും മറ്റെല്ലാവരോടും അറിയിച്ചു.
10മഗ്ദലക്കാരി മറിയ, യോഹന്ന, യാക്കോ
ബിന്റെ അമ്മ മറിയ എന്നിവരും അവരോടു
കൂടെ ഉണ്ടായിരുന്ന മറ്റു സ്ത്രീകളുമാണ് ഇത്
അപ്പൊസ്തലന്മാരോടു പറഞ്ഞത്. 11എന്നാൽ
അവരുടെ വാക്കുകൾ വെറും കെട്ടുകഥ പോലെ
തോന്നുകയാൽ അവർ അവരെ വിശ്വസിച്ചില്ല.
12എങ്കിലും പത്രൊസ് എഴുന്നേറ്റു
കല്ലറയ്ക്കലേക്ക് ഓടി. അയാൾ കുനിഞ്ഞു
നോക്കിയപ്പോൾ വസ്ത്രങ്ങൾ മാത്രം അവിടെ
കിടക്കുന്നതു കണ്ട് സംഭവിച്ചതെന്തെന്ന്
ആശ്ചര്യപ്പെട്ട് മടങ്ങിപ്പോന്നു.

*എമ്മവൂസിലേക്കുള്ള വഴിയിൽ*

13അന്നുതന്നേ അവരിൽ രണ്ടു പേർ യെരൂ
ശലേമിൽ നിന്ന് ഏഴു നാഴിക[a] അകലെയുള്ള
എമ്മവൂസ് എന്ന ഗ്രാമത്തിലേക്കു പോവുക
യായിരുന്നു. 14സംഭവിച്ച സകല കാര്യങ്ങളെ

[a] 13 ഗ്രീക്കിൽ, അറുപതു സ്റ്റേഡിയ (ഏകദേശം 11 കിലോമീറ്റർ)

ക്കുറിച്ചും അവർ അന്യോന്യം സംസാരിച്ചുകൊ
ണ്ടിരുന്നു. 15അങ്ങനെ അവർ സംഭാഷിച്ചും
ചർച്ചചെയ്തുകൊണ്ടും പോകുമ്പോൾ
യേശുതന്നെ അടുത്തുചെന്ന് അവരോടു
ചേർന്നുനടന്നു. 16എന്നാൽ അദ്ദേഹത്തെ
തിരിച്ചറിയാതെവണ്ണം അവരുടെ കണ്ണുകൾ
നിരോധിക്കപ്പെട്ടിരുന്നു.

17 അദ്ദേഹം അവരോട്: ''യാത്രയ്ക്കിടയിൽ
നിങ്ങൾ എന്തു കാര്യമാണ് ചർച്ചചെയ്യുന്നത്?''
എന്നു ചോദിച്ചു.

അവർ വാടിയ മുഖത്തോടെ നിശ്ചലരായി
നിലകൊണ്ടു. 18അവരിൽ ക്ലെയോപ്പാവ് എന്നു
പേരുള്ള ആൾ അദ്ദേഹത്തോടു ചോദിച്ചു:
''യെരൂശലേമിലെ സന്ദർശകരിൽ താങ്കൾ
മാത്രമാണോ ഈ നാളുകളിൽ അവിടെ
സംഭവിച്ച കാര്യങ്ങൾ അറിയാത്തത്?''

19 ''ഏതു കാര്യങ്ങൾ?'' അദ്ദേഹം ചോദിച്ചു.

അവർ ഇങ്ങനെ മറുപടി പറഞ്ഞു: ''നസറാ
യനായ യേശുവിനെക്കുറിച്ചുള്ളതു തന്നേ.
അദ്ദേഹം ദൈവത്തിൻെറയും സകലജനത്തി
ൻെറയും മുമ്പാകെ പ്രവൃത്തിയിലും വാക്കിലും
ശക്തിയുള്ള പ്രവാചകൻ ആയിരുന്നു. 20ഞ
ങ്ങളുടെ മുഖ്യപുരോഹിതന്മാരും ഭരണാധികാ
രികളും അദ്ദേഹത്തെ മരണശിക്ഷയ്ക്ക്
ഏല്പിച്ചുകൊടുക്കുകയും അവർ അദ്ദേഹത്തെ
ക്രൂശിക്കുകയും ചെയ്തു. 21 ഞങ്ങളോ,
യിസ്രായേലിനെ വീണ്ടെടുപ്പാൻ പോകുന്നത്
അദ്ദേഹമാണെന്ന് ആശിച്ചിരുന്നു. എന്തിനു
പറയുന്നു? ഇതൊക്കെ സംഭവിച്ചിട്ട് ഇന്നു
മൂന്നാം നാൾ ആകുന്നു. 22അതുമാത്രവുമല്ല,
ഞങ്ങളുടെ കൂട്ടത്തിലുള്ള ചില സ്ത്രീകൾ
ഞങ്ങളെ അമ്പരപ്പിച്ചിരിക്കുന്നു; അവർ ഇന്ന്
അതിരാവിലെ കല്ലറയ്ക്കൽ ചെന്നു; 23എന്നാൽ
അദ്ദേഹത്തിൻെറ ശരീരം കണ്ടില്ല. അവർ വന്നു
ഞങ്ങളോട്, അദ്ദേഹം ജീവിച്ചിരിക്കുന്നുവെന്നു
പറയുന്ന ദൂതന്മാരെ ദർശനത്തിൽ കണ്ടതായി
പറഞ്ഞു. 24അപ്പോൾ ഞങ്ങളുടെ കൂട്ടുകാരിൽ
ചിലർ കല്ലറയ്ക്കലേക്കു പോയി, സ്ത്രീകൾ
പറഞ്ഞിരുന്നതുപോലെതന്നേ കണ്ടു.
അദ്ദേഹത്തെയോ അവർ കണ്ടില്ല.''

25അദ്ദേഹം അവരോടു പറഞ്ഞു: ''ഹാ!
നിങ്ങൾ എത്ര ബുദ്ധിഹീനർ! പ്രവാചകന്മാർ
പ്രസ്താവിച്ചിട്ടുള്ളതെല്ലാം വിശ്വസിക്കാതിരി
ക്കുന്ന മന്ദബുദ്ധികൾ! 26 ക്രിസ്തു ഇവയെല്ലാം
സഹിച്ചതിനുശേഷം തൻെറ മഹത്ത്വത്തിൽ
പ്രവേശിക്കേണ്ടതല്ലയോ?'' 27 പിന്നെ അദ്ദേഹം
തന്നെക്കുറിച്ചു മോശെയും സകലപ്രവാചക
ന്മാരും മുതൽ എല്ലാ തിരുവെഴുത്തുകളിലും
പറഞ്ഞിട്ടുള്ളത് അവർക്കു വ്യാഖ്യാനിച്ചു
കൊടുത്തു.

28അവർ തങ്ങൾക്കുപോകേണ്ടിയിരുന്ന
ഗ്രാമത്തോടു സമീപിച്ചപ്പോൾ യേശു
മുമ്പോട്ടുപോകുന്നതായി ഭാവിച്ചു. 29അപ്പോൾ
അവർ, ''ഞങ്ങളുടെകൂടെ താമസിക്കുക; നേരം
വൈകാറായല്ലോ; പകൽ അവസാനിക്കാൻ
തുടങ്ങുന്നു'' എന്നു പറഞ്ഞ് അദ്ദേഹത്തെ നിർ
ബ്ബന്ധിച്ചു. അങ്ങനെ അദ്ദേഹം അവരോടുകൂടെ
പാർക്കാൻ ചെന്നു.

30അവരോടൊപ്പം ഭക്ഷണത്തിന് ഇരിക്കു
മ്പോൾ അദ്ദേഹം അപ്പം എടുത്തു വാഴ്ത്തി
നുറുക്കി അവർക്കു കൊടുത്തു. 31അപ്പോൾ
അവരുടെ കണ്ണുകൾ തുറന്നു. അവർ അദ്ദേഹ
ത്തെ തിരിച്ചറിഞ്ഞു; അദ്ദേഹം അവരുടെ
ദൃഷ്ടിയിൽനിന്നു മറയുകയും ചെയ്തു.
32''അദ്ദേഹം വഴിയിൽ വച്ചു നമ്മോടു സംസാരി
ക്കുകയും തിരുവെഴുത്തുകൾ വിശദീകരിച്ചു
തരികയും ചെയ്തപ്പോൾ നമ്മുടെ ഹൃദയം
കത്തിക്കൊണ്ടിരുന്നില്ലേ?'' അവർ തമ്മിൽ
തമ്മിൽ ചോദിച്ചു. 33അവർ ഉടൻതന്നേ
എഴുന്നേറ്റ് യെരൂശലേമിലേക്കു മടങ്ങിപ്പോയി.
34 ''ഇതു സത്യം! കർത്താവ് ഉയിർത്തെഴു
ന്നേറ്റിരിക്കുന്നു; അവിടുന്നു ശിമോനു
പ്രത്യക്ഷനായി'' എന്ന് കൂടിയിരുന്നു പറയുന്ന
പതിനൊരുവരെയും കൂടെയുള്ളവരെയും
കണ്ടു. 35തങ്ങളുടെ യാത്രയിൽ സംഭവിച്ചതും
യേശു അപ്പം നുറുക്കുമ്പോൾ അദ്ദേഹത്തെ
തങ്ങൾ തിരിച്ചറിഞ്ഞതും അവർ വിവരിച്ചു
പറഞ്ഞു.

*യേശു ശിഷ്യന്മാർക്കു പ്രത്യക്ഷനാകുന്നു*

36ഇതേക്കുറിച്ച് അവർ സംസാരിച്ചു
കൊണ്ടിരിക്കുമ്പോൾ യേശു അവരുടെ
നടുവിൽനിന്നുകൊണ്ട് അവരോട്, ''നിങ്ങൾ
ക്കു സമാധാനം'' എന്നു പറഞ്ഞു.

37അവർ ഞെട്ടിപ്പോയി; ഒരു ഭൂതത്തെ
കാണുന്നു എന്നു വിചാരിച്ച് അവർ വല്ലാതെ
പേടിച്ചു. 38അദ്ദേഹം അവരോടു പറഞ്ഞു:
''നിങ്ങൾ കലങ്ങുന്നതെന്ത്? നിങ്ങളുടെ മന
സ്സിൽ സംശയങ്ങൾ ഉയരുന്നതും എന്ത്?
39എൻെറ കൈകളും കാലുകളും കാണുവിൻ.
ഇതു ഞാൻ തന്നേ! എന്നെ തൊട്ടു നോക്കു
വിൻ. എനിക്കുള്ളതായി നിങ്ങൾ കാണുന്നതു
പോലെ ഭൂതത്തിനു മാംസവും അസ്ഥികളും
ഇല്ലല്ലോ.''

40ഇതു പറഞ്ഞിട്ട് അദ്ദേഹം തൻെറ കൈയും
കാലും അവർക്കു കാണിച്ചു കൊടുത്തു.
41സന്തോഷത്താൽ വിശ്വസിക്കാനാകാതെ
അവർ ആശ്ചര്യപ്പെട്ടു നില്ക്കുമ്പോൾ അദ്ദേഹം
അവരോട്: ''തിന്നുവാൻ എന്തെങ്കിലും ഇവിടെ
നിങ്ങളുടെ പക്കൽ ഉണ്ടോ?'' എന്നു ചോദിച്ചു.
42അവർ അദ്ദേഹത്തിന് ഒരു കഷണം വറുത്ത
മീൻ കൊടുത്തു. 43അദ്ദേഹം അതെടുത്ത്

അവർ കാൺകെ തിന്നു.
44പിന്നെ അദ്ദേഹം അവരോടു പറഞ്ഞു:
''ഇതാകുന്നു നിങ്ങളോടുകൂടെ ആയിരുന്ന
പ്പോൾ ഞാൻ നിങ്ങളോടു പറഞ്ഞത്: മോശെ
യുടെ ന്യായപ്രമാണത്തിലും പ്രവാചകപുസ്ത
കങ്ങളിലും സങ്കീർത്തനങ്ങളിലും എന്നെക്കു
റിച്ച് എഴുതിയിരിക്കുന്നതെല്ലാം നിറവേറണം.''
45പിന്നെ, തിരുവെഴുത്തുകൾ ഗ്രഹിക്കേണ്ട
തിന് അദ്ദേഹം അവരുടെ മനസ്സുകൾ തുറന്നു.
46 അദ്ദേഹം അവരോടു പറഞ്ഞു: ''ക്രിസ്തു
കഷ്ടതകൾ സഹിക്കുകയും മരിച്ചവരിൽ നിന്നു
മൂന്നാം ദിവസം ഉയിർത്തെഴുന്നേല്ക്കുകയും
47യെരൂശലേമിൽ തുടങ്ങി സകല
ജാതികളോടുംഅവിടുത്തെ നാമത്തിൽ മാന
സാന്തരവും പാപമോചനവും പ്രസംഗിക്കപ്പെടു
കയും വേണം' എന്നിങ്ങനെ എഴുതിയിരി
ക്കുന്നു. 48ഈ കാര്യങ്ങൾക്കു നിങ്ങൾ സാക്ഷി
കൾ ആകുന്നു. 49എൻെറ പിതാവു വാഗ്ദാനം
ചെയ്തത് ഞാൻ നിങ്ങളുടെമേൽ അയയ്ക്കും:
എന്നാൽ നിങ്ങൾ ഉയരത്തിൽ നിന്നു ശക്തി
ധരിക്കുന്നതുവരെ നഗരത്തിൽ താമ
സിക്കുവിൻ.''

*സ്വർഗ്ഗാരോഹണം*

50 അനന്തരം അദ്ദേഹം അവരെ ബേഥാന്യ
വരെ കൂട്ടിക്കൊണ്ടുപോയി, കൈകൾ ഉയർത്തി
അവരെ അനുഗ്രഹിച്ചു. 51അവരെ അനുഗ്ര
ഹിച്ചുകൊണ്ടിരിക്കെ അദ്ദേഹം അവരെ വിട്ടു
പിരിഞ്ഞു സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു.
52അവർ അദ്ദേഹത്തെ നമസ്കരിച്ചിട്ട് മഹാ
സന്തോഷത്തോടെ യെരൂശലേമിലേക്കു മട
ങ്ങിപ്പോന്നു; 53അവർ എല്ലായ്പോഴും ദൈവാ
ലയത്തിലിരുന്നു ദൈവത്തെ സ്തുതിച്ചു
പോന്നു.